# നീണ്ട കഥകൾ

## മുണ്ടശ്ശേരി

# നീണ്ട കത്തുകൾ

JAWAHAR SEVA KA GRANDHASALA
KODAMUZHI, VENGAMUR P.O.
Reg. No. 3273
1903

# NEENDA KATHUKAL

[ Travelogue ]

By

JOSEPH MUNDASSERY

*Second Impression—March 1968*
*One Thousand Copies*

Publishers:
THE MANGALODAYAM (Private) LTD.,
TRICHUR.

Price: Rs. 2—00

Printed at The Mangalodayam Press, Trichur.

# നീണ്ട കത്തുകൾ

ജോസഫ് മുണ്ടശ്ശേരി

പ്രസാധകന്മാർ:

**മംഗളോദയം (പ്രൈവറ്റ്) ലിമിറ്റഡ്,**

**തൃശ്ശിവപേരൂർ.**

**1968/1143**

ഒന്നാംപതിപ്പ്: 1955 നവമ്പർ —കോപ്പി: 1000
രണ്ടാംപതിപ്പ്: 1968 മാർച്ച് —കോപ്പി: 1000

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചതു്.

വില:
രണ്ടുറപ്പിക

# കുറിപ്പ്

യൂറോപ്പിന്റെ പടിഞ്ഞാറൻമേഖലയിലും കിഴക്കൻമേഖലയിലുമായി വെട്ടിത്തിരിഞ്ഞുകിടക്കുന്ന രണ്ടു സാമൂഹ്യവ്യവസ്ഥിതികൾക്കുകീഴിൽ ജനങ്ങൾ എങ്ങനെ കഴിഞ്ഞുകൂടുന്നു എന്നു നോക്കിക്കാണാൻ ഉപകരിക്കുമെന്നു കരുതിയാണു് ഈ നീണ്ട കത്തുകൾ പ്രസിദ്ധീകരിക്കുന്നതു്. കണ്ട കാഴ്ചകൾ എണ്ണിക്കുറിക്കാൻ ഇവയിൽ ശ്രമിച്ചിട്ടില്ല; സോഷ്യലിസ്റ്റു് വ്യവസ്ഥിതിയിൽ പൊതുജീവിതത്തിനുണ്ടായിട്ടുള്ള മുന്നേറ്റം ഏതേതു തുറകളിൽ, ഏതേതു രൂപത്തിൽ കാണാൻ കഴിഞ്ഞു എന്നു വിവരിക്കാനേ ശ്രമിച്ചിട്ടുള്ളൂ. അതും ചുരുക്കത്തിൽ മാത്രം.

മതസംബന്ധമായി എനിക്കുണ്ടായ അനുഭവങ്ങൾ പൊതുവേ ഈ കത്തുകളിൽനിന്നൊഴിച്ചുനിർത്തിയിരിക്കുകയാണു്. 'മതം: അവിടെയും ഇവിടെയും' എന്ന പുസ്തകത്തിൽ വന്നിട്ടുണ്ടു് അവയെല്ലാം.

കത്തുകൾ ഇനിയുമുണ്ടു്—പൊതുജീവിതത്തിന്റെ ബാക്കി വശങ്ങൾ വിവരിക്കുന്നവയായിട്ടു്. അവ യഥാസൗകര്യം പുറത്തിറക്കിക്കൊള്ളാം.

—മുണ്ടശ്ശേരി

ഇമ്പീരിയൽ ഹോട്ടൽ
ലണ്ടൻ
16—11—'54

പ്രിയപ്പെട്ട ആൻറണി,

ഞങ്ങളിവിടെ എത്തിയിട്ടു രണ്ടുമൂന്നു ദിവസമായി. എറണാകുളത്തുനിന്നു പോന്നു്, ബോംബയിലെത്തി, പിറേറദിവസമാണു് ഞങ്ങൾ യാത്രയാരംഭിച്ചതു്. പ്രതീക്ഷിച്ചിരുന്ന മാതിരി ഏറെപ്പേരുണ്ടായിരുന്നില്ല, ഞങ്ങളുടെ സംഘത്തിൽ. മലയാളി ഞാനൊരാളേയുണ്ടായിരുന്നുള്ളൂ. വടക്കേ ഇന്ത്യക്കാരായിരുന്നു സംഘത്തിൽ ഭൂരിപക്ഷവും—മലയാളവുമായി യാതൊരു പൊരുത്തവുമില്ലാത്തവർ. വിദേശങ്ങളിലേയ്ക്കു കടന്നാൽ ഇന്ത്യയുടെ പ്രതിനിധികൾ തങ്ങളാണെന്നു ഭാവിക്കുന്നവരാണവർ—യു. പിക്കാർ വിശേഷിച്ചും. ആ സംഘത്തിൽ ഞാനേറെക്കുറെ ഒറ്റപ്പെട്ടുപോയി. ആന്ധ്രയിൽനിന്നു് ഒരു 'ശ്രീ ശ്രീ' ഉണ്ടായിരുന്നു. കവിയാണു്. നമ്മുടെ

നാടിനോടേററവും സമീപസ്ഥനാകയാൽ അദ്ദേഹത്തെ കൂടെ കൂടി, ഞാൻ.

'എയർ ഇന്ത്യാ ഇൻററർനാഷണ'ലിലായിരുന്നു യാത്ര. സ്വതേ എനിക്കതത്ര പിടിച്ചില്ല. ഇന്ത്യൻ വിമാനസർവ്വീസ്, വിദേശസർവ്വീസുകൾപോലെ, ആപന്മുക്തമല്ലെന്നറിഞ്ഞിരുന്നതാണ് കാരണം. ഇന്ത്യക്കാരെ ആക്ഷേപിക്കുകയാണെന്നു കരുതരുത്. നമ്മുടെ വിമാനങ്ങൾ യഥാർത്ഥത്തിൽ നമ്മുടേതല്ല. അമേരിക്കയിൽനിന്നും ബ്രിട്ടനിൽനിന്നും കിട്ടുന്ന സെക്കൻഡ് ഹാൻറ് എയർക്രാഫ്റേറ നമുക്കുള്ളൂ. ഒരേന്നും വാങ്ങുമ്പോൾ അതിനു വേണ്ട പൈലററുകളെയും മററും ഇവിടെനിന്നയച്ച് അവിടെ പരിശീലിപ്പിച്ചു വരുത്തുകയാണ് പതിവ്. അപ്പോൾ വിമാനത്തിൻെറ 'ഗുട്ടൻസ്' മുഴുവൻ നമ്മുടെയാളുകൾക്കു കയ്യിൽക്കിട്ടുകയില്ലെന്നറിയാമല്ലോ. സർവ്വീസാരംഭിക്കുമ്പോൾ ഒരോരിടത്തുംവെച്ചു വിമാനത്തിൻെറ സ്ഥിതി നിഷ്കർഷിച്ചു പരിശോധിക്കുന്ന പതിവാണെങ്കിൽ ഇവിടെ അത്രയൊന്നുമില്ലതാനും. ഇതൊക്കെ എൻെറ ഓർമ്മയിൽ തേട്ടിവന്നു സ്വല്പം ശല്യമുണ്ടാക്കാതിരുന്നില്ല. എന്നാലും ഇൻറർനാഷണലിലാണല്ലോ, പതിവിൽ കവിഞ്ഞു നിഷ്കർഷിച്ചിരിക്കുമെന്നാശ്വസിച്ചു ഞാൻ.

ബോംബയിൽനിന്നു വിട്ടിട്ടാദ്യം നില്ക്കുന്നതു കെയ്റോവിലാണ്—ഈജിപ്റ്റിൻെറ തലസ്ഥാനത്ത്. ഏററവും നീണ്ട നോൺസ്റ്റോപ്പ് ഫ്ലൈററാണതു്. അതിൽതന്നെ ഒരു വിശേഷം: ബോംബ വിട്ടതു് ഉച്ചകഴി

ണ്ടു് അഞ്ചുമണിക്കാണു്. രാത്രിയാരംഭിച്ചുവെന്നു പറയാം. പക്ഷേ ഇന്ത്യക്കാരന്റെ രാത്രി പകുതിയോളം ചെല്ലുമ്പോളാണു് മദ്ധ്യധരണിക്കടലിലെ രാത്രി തുടങ്ങുന്നതു്. അതുകൊണ്ടു പന്ത്രണ്ടല്ലാ, പതിനഞ്ചോളം മണിക്കൂർ ഞങ്ങൾക്കു രാത്രിയായിരുന്നു. എന്നുവെച്ചാൽ റോമിലെത്തിയിട്ടേ നേരം പുലർന്നുള്ളൂ.

കെയ്റോവിലേയ്ക്കെത്തുംമുമ്പു്, ഞാൻ സംശയിച്ചിരുന്ന മാതിരി, വിമാനം തകർന്നു താഴേ വീഴുമോ എന്നു തോന്നി. കടലിൻമീതെ പറക്കുന്നതിന്നിടയ്ക്കു വല്ലാത്തൊരു കൊടുങ്കാറ്റും മഴയുമുണ്ടായി. വിമാനം രാക്കാലപ്പുറത്തു പത്തഞ്ഞൂറടി കുത്തനെ താഴോട്ടും മേലോട്ടും പമ്പിക്കൊണ്ടിരുന്നു. വിടാതെ കുറേനേരമുണ്ടായി അതു്. ഉറക്കംതൂങ്ങിയിരുന്നവർ പലരും ഉണർന്നു രാമനാമം ജപിക്കുകയായി. സമാധാനദൌത്യത്തിന്റെ നേതാവായിരുന്ന ബോമ്പേക്കാരൻ ഡാക്ടർ വില്യംസ് പരിഭ്രമിച്ചു ബൈബിൾ വിടുർത്തി. നേരിയ ഗദ്ഗദത്തോടുകൂടി വായിച്ചതു ഞാൻ പിന്നിൽനിന്നു കേട്ടു. ഗതികെട്ടാൽ ആരും ദൈവത്തെ പിടിക്കും, ഇല്ലേ? ഞാൻ അത്രയ്ക്കു സംഭ്രമിച്ചില്ല. എൻജിനു തകരാറില്ലെങ്കിൽ ബമ്പിംഗുണ്ടായാലും കുഴപ്പത്തിന്നിടയില്ലെന്നായിരുന്നു എന്റെ ആശ്വാസം. കെയ്റോവിലെത്തുംവരെ യാതൊരാപത്തുമുണ്ടായില്ല. പക്ഷേ അവിടെച്ചെന്നിറങ്ങി വിമാനത്താവളത്തോടനുബന്ധിച്ചുള്ള വിശ്രമമന്ദിരത്തിൽപോയിരുന്നു് ഈജിപ്ഷ്യൻ കൌതുകവസ്തുക്കളെ—ആ തലേക്കെട്ടുകാരൻ മുസ്ലീംവെയ്റ്ററുൾപ്പെടെ—നോക്കി ര

സിക്കുന്നതിനിടയിൽ കേട്ടു, വിമാനം രണ്ടരമണിക്കൂർ താമസിച്ചേ പുറപ്പെട്ടു എന്നു്. അപ്പോൾ ഞാൻ തീർച്ചയാക്കി തകരാറെന്തോ പറ്റിയിരിക്കുമെന്നു്. എന്റെ ഊഹം ശരിയായിരുന്നു. കോൺസ്റ്റലേഷന്റെ നാലെഞ്ചിനിൽ ഒന്നു് ഔട്ടു് ഓഫ് ഓർഡറായിരുന്നു. എന്നാലും പോകാമെന്നു സർവ്വീസധികൃതന്മാർ പറഞ്ഞിട്ടും എനിക്കു സമാധാനമായില്ല. പിന്നെ എല്ലാവരും പോകാമെന്ന സ്ഥിതിക്കു ഞാനെന്തു ചെയ്യും? ഒരു വിധത്തിൽ വെളുപ്പിനു റോമിലെത്തി. അവിടെ വെച്ചു പൈലറ്റു് തന്നെ സമ്മതിച്ചു, തുടർന്നുള്ള യാത്രയ്ക്കു വിമാനം വേറെ നോക്കണമെന്നു്. വളരെ താമസിയാതെ ബ്രിട്ടീഷ് ഓവർസീസ് സർവ്വീസിലേയ്ക്കു മാറി ഞങ്ങൾ. അവിടന്നങ്ങോട്ടുള്ള യാത്ര കൂടുതൽ സുഖകരമായിരുന്നു.

റോമിലിറങ്ങി അല്പം സമയം വിമാനത്താവളത്തിലും മറ്റും ചുറ്റിനടക്കുകയുണ്ടായി. നഗരത്തിലേയ്ക്കു പോയില്ല, മടക്കത്തിന്നാകാമെന്നായിരുന്നു എന്റെ തീരുമാനം. റോമൻ വിശ്രമമന്ദിരത്തിൽ കയറിയപ്പോൾ വീഞ്ഞും വെർമ്മൂത്തും വളരെ കുറഞ്ഞ വിലയ്ക്കു കിട്ടുമെന്നു മനസ്സിലായി. സർദാർ ജാഫ്രിക്കും യു. പി.—ക്കാരൻ മി. പാണ്ഡെയ്ക്കും അപ്പോളുണ്ടായ ആഹ്ലാദം പറയാനാവില്ല. എട്ടണാപ്പറയുള്ള ഒരു വെർമ്മൂത്തുകുപ്പി ഉടനെയവർ കൈക്കലാക്കി. അതൊഴിച്ചു് അവിടെക്കണ്ട മിക്ക സാധനങ്ങളും അമേരിക്കനായിരുന്നു—സിഗററ്റുപോലും. അന്വേഷിച്ചപ്പോൾ മനസ്സിലായി, മാർഷൽ എയ്ഡി

ൻെറ തണലിൽ ഇററലി മിക്കവാറും രാഷ്ട്രീയമായി അമേരിക്കൻകോളനിയായി മാറിയിരിക്കുകയാണെന്നു്.

അന്നു വൈകുന്നേരത്തോടുകൂടി ഞങ്ങൾ ലണ്ടനിലെത്തി. നല്ല തണുപ്പായിരുന്നു—റോമിലേതിലും കടുത്ത തണുപ്പു്. കാറിൽ കയറിയിരുന്നിട്ടും തണുപ്പു സഹനീയമായിത്തോന്നി. ഫോൾഗർസ് കവലയിൽനിന്നു് അല്പം മാറിയുള്ള ഇമ്പീരിയൽ ഹോട്ടലിൽ എത്തിയപ്പോഴേ ശ്വാസം നേരെ വീണുള്ളു.

ഇവിടെ നാലാമത്തെ ദിവസമാണിന്നു്. നഗരത്തിലും പരിസരങ്ങളിലുമായി കുറെ ചുററിയടിച്ചു, ഇതിനകം. ബോമ്പും കല്ലൂട്ടയും കണ്ടിട്ടുള്ളവൎക്കു വളരെ പുത്തരിയായൊന്നുമില്ല, ലണ്ടനിൽ. ഭൂമിക്കടിയിലൂടെയുള്ള തീവണ്ടി ഒരു വിശേഷമാണെന്നു പറയാം. ആകപ്പാടെ ലണ്ടൻ ഏറെക്കുറെ ക്ഷയിച്ചുപോയൊരു പഴയ തറവാടിൻെറ മട്ടാണു്—പല ശാഖകളും ഉപശാഖകളുമുള്ള ഒരു വൻതറവാടിൻെറ മട്ടു്. ബ്രഹ്മാണ്ഡങ്ങളായ പല പല എടുപ്പുകളുമുണ്ടു്. പഴഞ്ചനാണെല്ലാം. പക്ഷേ പാരമ്പര്യത്തോടു വളരെ വളരെ മതിപ്പുള്ള ഇംഗ്ലീഷുകാൎക്കു് അതിനെസ്സംബന്ധിച്ച വലിയ അഭിമാനമാണു്. ചില ഭാഗങ്ങളിൽ യുദ്ധകാലത്തു ബോംബു വീണു തകൎന്ന എടുപ്പുകളും കണ്ടു. അതിനെപ്പററി ഇംഗ്ലീഷുകാരോടുതന്നെ അന്വേഷിച്ചപ്പോൾ അവർ പറഞ്ഞതിപ്രകാരമാണു്.: "ശരിയാണു്. ഏതാനും എടുപ്പുകളങ്ങനെ കിടക്കണം, ചരിത്രത്തിൻെറ അടയാളങ്ങളായിട്ടു്. പക്ഷേ വേറെയും ഒരു പരമാൎത്ഥമുണ്ടു്. ചെട്ടന്നു് എ

ല്ലാ എടുപ്പുകളും കെട്ടിപ്പൊക്കാനുള്ള കഴിവില്ലിപ്പോൾ, ഞങ്ങൾക്ക്. നിങ്ങളൊക്കെ ഞങ്ങളിൽനിന്നു വിട്ടുപോയില്ലേ?” ആ കടുക്കത്തെ ചോദ്യം അർത്ഥവത്താണ്. കോളണികളെ കൊള്ളയടിച്ചു പണം കോരിക്കൂട്ടിയിരുന്ന ലണ്ടനല്ല ഇന്നത്തെ ലണ്ടൻ. ആൾത്തിരക്ക കുറഞ്ഞ ഭാഗങ്ങളിൽ താമസത്തിനു കെട്ടിയിട്ടുള്ള ബംഗ്ലാവുകൾ ഇംഗ്ലീഷുകാരന്റെ സവിശേഷതകൾക്ക നിദർശങ്ങളാണ്. കൊച്ചുകൊച്ചുപവനങ്ങളുണ്ട്, എല്ലാ ബംഗ്ലാവുകൾക്കും. രണ്ടാം ദിവസം രാത്രി ഞങ്ങൾക്ക ലണ്ടൻ മജ്‌ലിസിൽ ഒരു സ്വീകരണമുണ്ടായി. മജ്‌ലിസ് എന്നു പറഞ്ഞാൽ മിക്കവാറും ഇൻഡ്യൻവിദ്യാർത്ഥികളുടെ സാമീപ്യസമ്പർക്കങ്ങൾക്കുള്ളൊരു കേന്ദ്രമാണ്. ഞങ്ങളുടെ ആഗമത്തെപ്പറ്റി എല്ലാവരും കാലേകൂട്ടിയറിഞ്ഞിട്ടില്ലാഞ്ഞതിനാൽ അധികംപേരുണ്ടായിരുന്നില്ല, സ്വീകരണസമയത്ത്. കയറിച്ചെല്ലുമ്പോൾ തോന്നി, ബോംബയിലേതോ കെട്ടിടത്തിന്റെ മുകളിലേക്കല്ലേ പോവുന്നത് എന്ന്. സമ്പ്രദായമെല്ലാം അതാണ്. വിദ്യാർത്ഥികൾ ഞെരുങ്ങിപ്പിടിച്ചൊരു സ്ഥലം കണ്ടുപിടിച്ചതാണവിടം. ഒന്നാംക്ലാസൊന്നുമല്ല, അവിടത്തെ സൗകര്യങ്ങൾ. കുറെ നേരമിരുന്നു ഞങ്ങൾ സംസാരിച്ചു. ലണ്ടനിൽ താമസിച്ചു പഠിക്കാനുള്ള സൗകര്യങ്ങളെയും പൊതുവേ രാഷ്ട്രീയകാര്യങ്ങളെയും മുൻനിർത്തിയായിരുന്നു സംസാരം. പലർക്കും നല്ല കാര്യവിവരമുള്ളതുപോലെ തോന്നി. ആ ഗ്രൂപ്പിൽ മലയാളിയായിട്ടാരുമുണ്ടായിരുന്നില്ല. മലയാളികൾക്ക കുറച്ചകലെ

നിന്നു വരേണ്ടിയിരുന്നു. ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിലും മററും വിദ്യാർത്ഥികൾക്കുള്ള സാംസ്കാരികസ്വാതന്ത്ര്യത്തെക്കുറിച്ചവർ പറഞ്ഞതു് എനിക്കു വളരെ ശ്രദ്ധേയമായി തോന്നി. നമ്മുടെ വൈസ്ചാൻസലർമാർ ലണ്ടനിൽ പോയി പ്രസംഗിച്ചുവല്ലോ, ഇൻഡ്യൻവിദ്യാലയങ്ങളിലെ സാംസ്കാരികസ്വാതന്ത്ര്യത്തെപ്പററി. വാസ്തവത്തിൽ അതും ലണ്ടനിലെ അനുഭവവും തമ്മിൽ യാതൊരു താരതമ്യവുമില്ല. മജ്‌ലിസിൽ നിന്നു് ഇൻഡ്യൻവിദ്യാർത്ഥികളുടെ വകയായി ഒരു മാസാന്തപ്രസിദ്ധീകരണമുണ്ടു്, ഇംഗ്ലീഷിൽത്തന്നെ. അതിന്റെ ഒരു കോപ്പി സെക്രട്ടറി ഞങ്ങൾക്കു തന്നു. ചായ കഴിഞ്ഞു പത്തരമണിയോടുകൂടിയാണു് ഞങ്ങൾ തിരിച്ചു പോന്നതു്.

'മദർ ഓഫ് പാർലമെൻറ്' എന്നു പ്രസിദ്ധമായ ആ മഹാസഭയിലും ഞങ്ങളൊന്നെത്തിനോക്കി. ലേബർപാർട്ടിമെമ്പറും എന്റെ പഴയൊരു പരിചയക്കാരനുമായ മി. ജോൺഡേവൻസ് എം. പി. ഉണ്ടായിരുന്നു ഞങ്ങളുടെ കൂടെ. അല്പനേരം ഗ്യാലറിയിൽപ്പോയിരുന്നു. ഭൂരിപക്ഷം മെമ്പർമാരും ഇവിടത്തെപ്പോലെത്തന്നെ വെറും കാണികളാണു്. പക്ഷെ ഒരു വിശേഷം കണ്ടു: ലോബിയിൽ കടന്നാൽ കടുകട്ടിയാണു് പോളിററിക്സ്. ഉദ്യോഗവും കൺട്രാക്ററും മററുമല്ല അവരുടെ രാഷ്ട്രീയം. 'കോ എക്സിസ്റ്റൻസ്', 'ഡിആർമമെൻറ്', 'അമേരിക്കൻ ഇൻറർഫിയറൻസ്'— ഇതൊക്കെയായിരുന്നു സംസാരവിഷയങ്ങൾ. മിക്കവ

ക്കും അവയെപ്പറ്റി പറയാനുണ്ടു്. പാർല്യമെൻററി നടപടികളിൽ കാണായ അന്തസ്സും ഓർമ്മവെയ്ക്കത്തക്കതാണു്. മന്ത്രിമാരും ഉത്തരവാദപ്പെട്ട മെമ്പർമാരും ചെയ്യുന്ന പ്രസ്താവനകൾക്കു കനമുണ്ടു്, അന്തസ്സുണ്ടു്, ഉത്തരവാദബോധത്തിന്റെ സ്വഭാവവുമുണ്ടു്. മന്ത്രിമാർ എണീററുനിന്നു പറയുന്നതു വെറും തർക്കുത്തരമായി തോന്നുകയില്ല. ഒരിക്കൽ പറഞ്ഞതിനെ പിടിച്ചു മററാരിക്കൽ സമാധാനം പറയിക്കാം എന്നു തോന്നും, ഓരോന്നും കേൾക്കുമ്പോൾ. പറഞ്ഞതു പറഞ്ഞതു കാററത്തു പോവാനേയുള്ളു എന്ന മട്ടല്ല, ബ്രിട്ടീഷുപാർല്യമെണ്ടിൽ.

വേറൊരു വിശേഷം പറയാനുള്ളതു പിക്കാഡല്ലിയെക്കുറിച്ചാണു്. അഭിസാരിണികൾക്കവിടെ കുറവില്ല, ഇന്നും. മാനമായി ജീവിക്കാൻ മതിയായ സമ്പാദ്യമുള്ള ചെറുപ്പക്കാരെ തേടിപ്പിടിക്കാൻ ഇന്നു വലിയ ബദ്ധപ്പാടാണു് പെണ്ണുങ്ങൾക്കു്. ബ്രി: സാമൂഹ്യജീവിതത്തിൽ നിജപ്പെട്ടൊരു സാമ്പത്തികഭദ്രത ഇന്നുമായിട്ടില്ല എന്നിതന്റെ തെളിവാണു് പിക്കാഡല്ലിയിലെ അഭിസരണാവേശം. ക്രിസ്ത്യൻധർമ്മബോധത്തിന്റെ ആസ്ഥാനമാണു് ലണ്ടനെന്നിരുന്നാലും ലൈംഗികജീവിതത്തിൽ അത്ര നിയന്ത്രണമൊന്നുമില്ല, ഇംഗ്ലീഷുകാക്കിടയിൽ. 'ഫ്രീർലാൻസു്' ഇന്നും ഫ്രീയാണിവിടെ.

തെംസ്നദിയുടെ തീരത്തുടെ അല്പദൂരം നടന്നു, ഞങ്ങളൊരു ദിവസം. കയററിറക്കമതികൾ ധാരാളമുണ്ടു്. പക്ഷേ പഴകെ ഒരു വെടിപ്പില്ലാത്ത മട്ടാണു്.

ഒരടക്കം അന്തസ്സുമില്ലാതെ ഏതാണ്ടൊരനാഥമട്ടിൽ, നമ്മുടെ മട്ടാഞ്ചേരിക്കായൽതീരത്തു് എന്നപോലെ, കിടക്കുന്ന പഴഞ്ചനെടുപ്പുകൾ വേണ്ടുവോളമുണ്ടു്, തെംസിന്റെ തീരങ്ങളിൽ. തെംസിനെക്കണ്ടാൽ മതി, ലണ്ടന്റെ ഇന്നത്തെ നില ഏറെക്കുറെ ഊഹിക്കാം.

സാമ്പത്തികമായി കുറെ ക്ഷീണിച്ച ലണ്ടനെന്നിരുന്നാലും അവിടത്തെ സാധാരണജനങ്ങളുടെയും തൊഴിലാളികളുടെയും നില നമ്മുടെ നാട്ടിലേതുപോലെ അരുവഷളാണെന്നു കരുതിപ്പോകരുതു്. ഡോക്ക്സൈസ്ട്രൈക്കിനെപ്പററി കേട്ടിട്ടില്ലേ? ഇവിടത്തെ തൊഴിലാളികൾ സൈസ്ട്രൈക്കു ചെയ്യുന്നതു മിനിമം വേജസ്സിനും ബോണസ്സിനും മററുമല്ല. നമ്മുടെ നാട്ടിൽ മരിക്കാതിരിക്കാനുള്ള കൂലി കിട്ടാൻതന്നെ സമരം ചെയ്യണം. ഇംഗ്ലണ്ടിലതൊന്നും വേണ്ട. സാമാന്യനിലവാരത്തിൽ ജീവിക്കാനുള്ള സാധ്യതയെല്ലാം—ഭക്ഷണം, വസ്ത്രം, വീടു്, ചികിത്സ എന്നിവയെല്ലാം—നിയമത്താൽ സിദ്ധമാണു്. ആ നിയമങ്ങൾ നടപ്പാക്കിക്കിട്ടാൻ സമരം വേണ്ട ഇവിടെ. കൂടുതൽ ജീവിതസൗകര്യങ്ങൾക്കുവേണ്ടിയാണു് സമരങ്ങൾ. ഇംഗ്ലണ്ടിലെ തൊഴിലില്ലായ്മവേതനം ഇൻഡ്യയിലെ തൊഴിൽക്കൂലിയിലും കൂടും. അതുകൊണ്ടാണു് ബ്രി: മുതലാളിമാർ ഇൻഡ്യയിൽ കമ്പനികെട്ടി ഇൻഡ്യൻതൊഴിലാളികളെക്കൊണ്ടു ജോലിചെയ്യിച്ചു ലാഭമടിക്കാൻ ഒരുങ്ങുന്നതു്.

ഇങ്ങനെയൊക്കെയായിട്ടും യൂറോപ്പിൽ ഏററവും മികച്ച ജീവിതത്തോതില്ല ഇംഗ്ലണ്ടിൽ. ഇവിടത്തെ

പ്രമാണികൾപോലും പ്ലീമത്തും പോണ്ട്യാക്കും ഉപയോഗിക്കുന്നില്ല: സെക്കൻറ്ഹാൻറാണ് മിക്ക കാറുകളും. ഫാക്ടറിയിൽനിന്നിറങ്ങുന്ന പുതിയ കാറുകൾ അന്യരാജ്യക്കമ്പോളങ്ങളിൽ വിററഴിക്കുവാനുള്ളവയാണ്. അങ്ങനെ പലതും വിററിട്ടു വേണം ഇന്നത്തെ ജീവിതനിലവാരം നിലനിറുത്തിക്കൊണ്ടുപോകാൻ ഇംഗ്ലീഷുകാക്ക്. ഓ, ശരിതന്നെ, ഞങ്ങൾ ഒന്നു രണ്ടു തവണ ടാക്സിയിൽ കയറി. ഇലക്ഷൻകാലത്തെ തുക്കടാവണ്ടികൾപോലിരുന്നു ഓരോന്നും. ഓട്ടം, നന്നായോട്ടം— അതിൽ കവിഞ്ഞൊരു സൗകര്യവുമില്ല. അധികം പേരും സഞ്ചരിക്കുന്നതു ട്രാമിലും ബസ്സിലും തീവണ്ടിയിലുമാണ്.

താമസത്തിനും ഭക്ഷണത്തിനുമുള്ള ചെലവു ബോമ്പയിലെ തോതിൽനിന്നു വളരെ കവിഞ്ഞതല്ല. ഞങ്ങൾ താമസിക്കുന്ന ഹോട്ടലിൽ റൂമിനും രാവിലത്തെ ഭക്ഷണത്തിനുമായി കൊടുക്കേണ്ടിവരുന്നതു് 22 ഉറുപ്പികയാണ്. നമുക്കവിടെയില്ലാത്ത ഹീററിംഗ്ചാർജ്ജും ഹോട്ട്വാട്ടർചാർജ്ജും ഉൾപ്പെട്ടതാണതു്. ലഞ്ചിനും ഡിന്നറിനുമായി നാലഞ്ചുറുപ്പിക വേറെ വരും. ഒക്കെക്കൂടെ 27 ഉറുപ്പിക. ഇതൊരു മേലേക്കിടഹോട്ടലിലെ നിരക്കാണ്. മാസ്കൂട്ടിലെയും മലബാർഹോട്ടലിലെയും താജ്മഹാളിലെയും കല്ക്കട്ടാ ഇംപീരിയൽഹോട്ടലിലേയും നിരക്കുകളോടൊത്തു നോക്കുമ്പോൾ ലണ്ടനിൽ 27 ഉറുപ്പിക അധികമല്ല. മുപ്പതുറുപ്പിക ഉണ്ടായാൽ വളരെ അന്തസ്സായിക്കഴിയാം. ഇൻഡ്യയിൽനിന്നു വരുന്ന

വിദ്യാർത്ഥികൾ ഇവിടെ അഞ്ചും പത്തും പേർ ഒന്നിച്ചോ ഏതെങ്കിലും വീടിനോടനുബന്ധിച്ചുള്ള ഫ്ലാററിലോ ആണ് താമസിക്കുക. എന്നാൽ വരുന്ന ചെലവു വളരെ ചുരുങ്ങിയിരിക്കും. നഗരപ്രാന്തങ്ങളിലേയ്ക്കു മാറിത്താമസിച്ചാൽ പിന്നെയും ചുരുങ്ങും. മാസത്തിൽ പത്തിരുനൂറുറുപ്പികയിൽ കുറയില്ല. ഓരോരുത്തനും കൈക്കൊള്ളുന്ന സ്റ്റാൻഡേർഡനുസരിച്ചിരിക്കും ചെലവ്.

നാളെ ഞങ്ങൾ സ്റ്റോക്ക്ഹോമിലേയ്ക്കു പോവും. സ്കാൻഡിനേവ്യൻവിമാനത്തിൽ സീററ് ബുക്കുചെയ്തിട്ടുണ്ട്. അവിടെ ചെന്നാൽ ഉടനെ എഴുതാം. ഇപ്പോൾ നിറുത്തട്ടെ.

സ്വന്തം മുണ്ടശ്ശേരി

ഹോട്ടൽ സ്കാൻറിയാ,
സ്റ്റോക്ക്ഹോ,
20—11—'54.

പ്രിയപ്പെട്ട ആൻറണി,

ലണ്ടനിൽനിന്നുള്ള എഴുത്തു വായിച്ചുതീരുമ്പോഴെക്കും ഇതാ മറ്റൊന്നുകൂടി. മുമ്പെഴുതിയിരുന്നപോലെ ഞങ്ങളൊരു സ്കാൻറിനേവ്യൻവിമാനത്തിൽ സ്റ്റോക്ക്ഹോമിലേയ്ക്കു പുറപ്പെട്ടു. ബി. ഒ. എ. സി.യെക്കാൾ സൗകര്യപ്പെട്ടതായിരുന്നു എസ്സ്. എ. എസ്സ്. വിമാനം. അതിൽ കയറിയ ഉടനെ ഹോസ്റ്റസ് വന്നു യാത്രക്കാൎക്കു കുപ്പികുപ്പിയായി വിസ്കി വിതരണംചെയ്തു—എല്ലാവൎക്കും കൂടിയേ കഴിയൂ എന്നുള്ളൊരു സാധനംപോലെ. മി: പാണ്ഡെയോടു ഞാൻ ചോദിച്ചു, അതിനെപ്പററി. അദ്ദേഹം യൂറോപ്പിൽ ഒന്നിലധികം തവണ ചുററിയടിച്ചിട്ടുള്ള ആളാണ്. അദ്ദേഹം പറഞ്ഞു, തണുപ്പേറി

യ രാജ്യങ്ങളിൽ വിസ്കിയോ മറ്റോ ഉപയോഗിക്കുന്നതു വളരെ സാധാരണമാണെന്നും വിമാനത്തിൽവെച്ചാണെങ്കിൽ പതിവിൽ കുറഞ്ഞ വിലക്കു് അതു കിട്ടുമെന്നും. അപ്പോളാണെനിക്കു മനസ്സിലായതു്, പലരും കുന്നിലധികം കുപ്പി വാങ്ങി കൈവശംവെച്ചതിന്റെ രഹസ്യം. മി: പാണ്ഡെ അഞ്ചോ ആറോ അരക്കുപ്പി വാങ്ങിക്കളഞ്ഞു. എന്റെ തൊട്ടിരുന്ന ഒരു സ്ത്രീ പത്തെണ്ണമാണു് വാങ്ങിയതു്. കുട്ടികൾക്കായി പലഹാരം വാങ്ങി സൂക്ഷിക്കുംപോലെ, അവർ ആ കുപ്പിയെല്ലാം ബേഗിൽ തിരുകിക്കൊള്ളിച്ചു. എന്നിട്ടവർ എന്നോടു ചോദിച്ചു, "Dont you go for one or two? You are coming from the east?" എന്നു്. ഒരു കുപ്പി ഞാനും വാങ്ങി ശ്രീശ്രീയെ ഏല്പിച്ചു. കവിയുടെ കയ്യിൽ ഇരിക്കട്ടെ എന്നു കരുതിത്തന്നെ. യാത്ര സുഖമായിരുന്നു. പേരിനുമാത്രമേ പകൽ വെളിച്ചമുണ്ടായിരുന്നുള്ളു. കാലേക്കൂട്ടി അന്തിമയങ്ങി. തണുപ്പു കലശലായിരുന്നു. വിമാനത്തിനകത്തും നല്ല തണുപ്പു തോന്നി. ഡിന്നറിനു വിസ്കി ഉപയോഗിക്കുകതന്നെ ചെയ്തു. ചോരയോട്ടത്തിനു് ഒരു ചൂടുണ്ടാവാൻതന്നെ. രാത്രി കുറെച്ചെന്നപ്പോൾ ഞങ്ങൾ ഡെന്മാർക്കിന്റെ തലസ്ഥാനമായ കോപ്പൻഹേഗനിൽ എത്തി. ആകാശത്തുനിന്നു കാണ്മാൻ വളരെകൗതുകമുള്ള പട്ടണം. പാലും വെണ്ണയും സഹകരണസംഘവുമായിക്കഴിയുന്ന രാജ്യമാണു് ഡെന്മാർക്ക്. വളരെക്കൊച്ചാണു് രാജ്യം. അത്രയേറെ ജനങ്ങളില്ല. ഏതാനും ലക്ഷമേയുള്ളു ആകെക്കൂടി. ഉള്ളതിലധികവും

കോപ്പൻഹേഗനിൽ തിങ്ങിക്കൂടിയിരിക്കുകയാണു്. കടലിന്റെ മുഖത്തുള്ള പല തുരുത്തുകളും പാലം കെട്ടിച്ചേർത്തുണ്ടാക്കിയതാണു് ആ നഗരം. പാതക്കേയുള്ള വിളക്കുകൾ—അതും പല നിറത്തിലുള്ളവ—വെള്ളത്തിൽ പ്രതിഫലിച്ചാകെക്കൂടി ഒരു നല്ല കാഴ്ചയാണു്, മുകളിൽനിന്നു നോക്കുന്നവക്കു്. വളരെത്താമസിച്ചില്ല ഞങ്ങൾ, കോപ്പൻഹേഗനിൽ. ഒന്നൊന്നര മണിക്കൂർ വിശ്രമിച്ചതിനുശേഷം സ്റ്റോക്ഹോമിലേക്കു യാത്രയായി. തൃശ്ശൂർനിന്നു് എറണാകുളത്തേക്കു പോവുന്നമട്ടേ തോന്നിയുള്ളൂ. ഒമ്പതു മണിക്കാണെന്നു തോന്നുന്നു, ഞങ്ങൾ സ്റ്റോക്ഹോമിൽ ഇറങ്ങി. കോപ്പൻഹേഗനെപ്പോലെതന്നെ വെള്ളത്തിലും കരയിലുമായുള്ള ഒരു നഗരമാണു് സ്റ്റോക്ഹോം. കുറെക്കൂടി വലുതാണെന്നുമാത്രം. ഞങ്ങളെ സ്വീകരിക്കാൻ സമാധാനപ്രസ്ഥാനത്തിന്റെ പ്രതിനിധികൾ എത്തിയിരുന്നു. അവർ ഞങ്ങളെ മേലേക്കിടയിലുള്ള ഒരു ഹോട്ടലിൽ കൊണ്ടുപോയാക്കി. സമാധാനസമ്മേളനത്തിൽ പങ്കെടുക്കാൻ വന്ന എല്ലാവക്കും വേൾഡ് പീസ് കൗൺസിലിന്റെ ചെലവിന്മേൽ താമസത്തിനും മററും കാലേക്കൂട്ടി ഏർപ്പാടു ചെയ്തിരുന്നു. അതുകൊണ്ടു ലണ്ടനിലെപ്പോലെ നല്ലൊരു ഹോട്ടലന്വേഷിച്ചു് പോകേണ്ട ഭാരം ഞങ്ങൾക്കുണ്ടായില്ല.

രണ്ടാംദിവസമേ സമ്മേളനം തുടങ്ങിയുള്ളൂ. അതിനിടക്കു നഗരമാകെ ചുററിക്കാണാനൊത്തു ഞങ്ങൾക്കു്. ഇന്നത്തെ സ്റ്റോക്ഹോം യൂറോപ്പിലെ പല നഗരങ്ങളെ

യും അതിശയിക്കത്തക്ക പുതുമയും പരിഷ്കാരവുമുള്ള ഒന്നാണു്. ലോകമഹായുദ്ധം രണ്ടിലും ഒഴിഞ്ഞുനില്ക്കുകയായിരുന്നുവല്ലോ സ്വീഡൻ. പത്തുമുന്നൂറു കൊല്ലമായിട്ടെന്നുതന്നെ പറയട്ടെ, യുദ്ധത്തിൻെറ യാതൊരു കെടുതിയും സ്വീഡൻ അനുഭവിച്ചിട്ടില്ല. നേരേമറിച്ചു യുദ്ധകാലങ്ങളിൽ ധാരാളം കച്ചവടംചെയ്തു സമ്പാദിച്ചുകൊണ്ടിരിക്കുകയും ചെയ്തു. നല്ല ചോരത്തിളപ്പുണ്ടു്, സ്റ്റോക്ക്ഹോമിനിപ്പോൾ. എവിടെ നോക്കിയാലും സമൃദ്ധിയുടെയും ഉത്സാഹത്തിൻെറയും ലക്ഷണമാണുള്ളതു്. പുതിയ പുതിയ കെട്ടിടങ്ങൾ നിരക്കപ്പയുണ്ടു്. പോരാത്തതങ്ങനെ കെട്ടിയുയർത്തിക്കൊണ്ടിരിക്കുന്നു. നഗരസീമാന്തങ്ങളിൽ പുതിയ പുതിയ ജനപദങ്ങൾ സൃഷ്ടിച്ചുവരുന്നുണ്ടു്— സഹകരണക്കോളണികളായി. ഓരോന്നിലും നഗരത്തിൻെറ എല്ലാ സൗകര്യങ്ങളും ചെയ്തുവെച്ചിട്ടുണ്ടു്. ഇംഗ്ലണ്ടിലേതിലും ഉയൎന്നതാണു് പൊതുവെ ജീവിതത്തോതിവിടെ. അതിനെപ്പററി കൂടുതലന്വേഷിക്കാനിരിക്കുന്നതേയുള്ളു. പിന്നീടെഴുതാം, അത്തരം കാര്യങ്ങളെക്കുറിച്ചു്.

പാലിനും വെണ്ണയ്ക്കും സഹകരണസംഘത്തിനുമൊക്കെത്തന്നെയാണു് സ്വീഡനിലും പ്രാധാന്യം. പക്ഷ പുതിയ യുഗത്തിൻേറതായുള്ള യന്ത്രശാലകളും വേണ്ടുവോളമുണ്ടു്, സ്റ്റോക്ക്ഹോമിൽ. സഹകരണനീതിക്കു കറേക്കൂടി വ്യാപ്തിയുണ്ടു്, സ്വീഡിഷ്ജീവിതത്തിൽ. ഷോപ്പുകൾ പലതും സഹകരണസംഘത്തിൻകീഴിലുള്ളവയാണു്. വലിയ ബിസിനസ്സുമുണ്ടു്, സഹകരണസം

ഫലങ്ങഠംക്കു്. ഭവനനിമ്മാണം മിക്കവാറും സഹകരണ ക്കാരുടെ കയ്യിലാണു്

ബ്രിട്ടീഷ്മാതൃകയിലുള്ള പാർല്യമെൻററിഭരണ മാണു് സ്വീഡനിലുള്ളതു്. ഏറെക്കറെ ക്ഷേമരാഷ്ട്രത്തി ൻേറതാണു് പരിപാടി. ബ്രിട്ടീഷ്പക്ഷപാതം ധാരാ ളമുണ്ടു്, ജനങ്ങഠംക്കു്. അമേരിക്കൻകമ്പം അത്രതന്നെ യില്ല. സോവിയററ്ജനതയോടു പ്രകടമായ എതിർപ്പു മില്ല. എന്നിരുന്നാലും അമേരിക്കൻതിരമാലികഠം സ്റ്റോ ക്ഹോമിലും മററും തമ്പടിച്ചുകൂടിയിട്ടുണ്ടു്. അമേരി ക്കൻസാമാനങ്ങഠം വിററഴിക്കുവാനും കമ്മ്യൂണിസ്റ്റ്വി രോധം കുത്തിവെയ്ക്കുവാനും അവർ ഉററുത്സാഹിക്കുന്നു ണ്ടു്. സ്വീഡിഷ്ഭാഷയിൽ പത്രങ്ങളുണ്ടമേരിക്കാക്കാ ക്കു്. ഇത്രയൊക്കെയായിട്ടും സ്വീഡനിൽ കമ്മ്യൂണി സ്റ്റാദശ്ത്തിനുള്ള കുത്തിക്കയററത്തെ കെട്ടുത്തുവാൻ അ വക്കു കഴിഞ്ഞിട്ടില്ല. സ്വീഡിഷ്പാർല്യമെൻററിൽ കമ്മ്യൂണിസ്റ്റ്മെമ്പർമാർ കുറെപ്പേരുണ്ടു്. കോപ്പറേ ഷൻകൗൺസിലിൽ കമ്മ്യൂണിസ്ററുകഠംക്കു നല്ല പ്രാ ബല്യമുണ്ടു്.

ഇവിടത്തെ ജനങ്ങഠം നല്ലപോലെ തിന്നും. നല്ല ആരോഗ്യമുണ്ടവക്കു്. സൗന്ദര്യത്തിൻേറ പാരമ്പര്യം പോരാ. ക്രിസ്തുമതം സ്വീഡനിൽ കുറെ താമസിച്ചേ ക യറിയുള്ളു. പള്ളിയും പട്ടക്കാരനും ധാരാളമുണ്ടു്. പ ക്ഷേ മതത്തിനൊരുഷാറില്ല, ജനങ്ങഠംക്കിടയിൽ. എ ന്നിട്ടും പൗരമര്യാദയിൽ കട്ടും പിന്നോക്കമല്ല, അവർ. സ്ത്രീകളുടെ പെരുമാററത്തിലും മററും ഇംഗ്ലണ്ടിൽ കണ്ട

തിലും അടക്കമുണ്ട്. ലൈംഗികജീവിതത്തിന്റെ മടി ക്കുത്ത് അത്രതന്നെ അഴിഞ്ഞതല്ല. 'പിക്കാഡല്ലി' ഇല്ല സ്റ്റോക്ക്ഹോമിലെന്നർത്ഥം. സ്വീഡിഷ്പൗരജീവിതത്തി ന്റെ നല്ലൊരു പ്രതീകമാണ് സ്റ്റോക്ക്ഹോംപോലീസ്. എന്തൊരു മര്യാദയാണെന്നോ അവക്ക്! ഒരിക്കൽ വഴി തെറ്റിപ്പോയ ശ്രീശ്രീയെയും എന്നെയും ഹോട്ടലിലേ യ്ക്കു തിരിച്ചുവിട്ട ആ പോലീസുകാരനെ ഞാൻ മറക്കുക യില്ല. മറ്റൊരിക്കൽ തപാലാപ്പീസ് തിരഞ്ഞുപോയ പ്പോൾ എന്നെ തോളിൽ കയ്യിട്ടു പിടിച്ച്, ഒരു സ്നേഹി തനെപ്പോലെ അവിടത്തോളം കൊണ്ടുപോയതു പോലീ സാണ്. ആ രണ്ടു സമയത്തും ഞാൻ നമ്മുടെ കാക്കി പ്പോലീസിനെ ഓർത്തു. എന്റെ ഭഗവാനേ, എന്തൊ രന്തരം! നമ്മുടെ നാട്ടുകാർ എഴുപതെമ്പതു ശതമാന ത്തോളം സാക്ഷരരായിട്ടും പോലീസ് പത്താംനൂറ്റാ ണ്ടിൽ കിടക്കുന്നതല്ലേയുള്ളു?

ഞാൻ മുറുക്കാൻ കയ്യിൽ കൊണ്ടുപോയതു് അറി യാമല്ലോ. തണുപ്പിന്റെ മേഖലയിൽ വെററില വാടി ക്കരിയുകയില്ല. റെഫ്രിജറേറ്ററിൽ വെച്ചാൽ കുറെയേറെ നാളിരിക്കും. വിമാനത്തിൽനിന്നിറങ്ങിയ സമയംതൊ ട്ട് ഇടയ്ക്കിടയ്ക്കു മുറുക്കി. പക്ഷേ തുപ്പാൻ സ്ഥലം കാണാ തെ വിഷമിച്ചു. ബെയ്സിനിലോ ഫ്ളാഷിലോ പോ യി തുപ്പണം. ലണ്ടനിൽ റോഡിലിറങ്ങിയപ്പോൾ തു പ്പാൻ സംശയം തോന്നിയില്ല. കുട്ടാക്കെ ചപ്പും ചവ റും കണ്ടു, റോഡിൽ. എന്നാൽ സ്റ്റോക്ക്ഹോമിൽ റോ ഡിലും തുപ്പിക്കൂടാ. രാവിലെ എന്നീറ്റു നോക്കിയാൽ

നിരപ്പെ മഞ്ഞു വീണു വെള്ളവിരിച്ചപോലിരിക്കും റോഡും. ഒരൊററക്കാട്ടപോലും കാണുകയില്ല. പിന്നെ ങ്ങനെ വലിച്ചു നീട്ടിത്തുപ്പും? ഒരൊററത്തുപ്പു തുപ്പിയാൽ നീളെ ചോര ചിന്തിയപോലാവും. ആളുകളമ്പരക്കി ല്ലേ? മഞ്ഞെല്ലാം തൂത്തുവാരിക്കഴിഞ്ഞാലും തുപ്പാൻ വി ഷമം സ്റ്റോക്ക്ഹോംറോഡുകളിൽ വെടിപ്പുതുമുണ്ടു്.

സ്റ്റോക്ക്ഹോമിൽ ഇംഗ്ലീഷറിയാവുന്നവർ കുറവല്ല. പൊതുവിദ്യാഭ്യാസത്തിൽ സ്വീഡിഷ്ഭാഷക്കു പുറമെ ഒരു യൂറോപ്യൻഭാഷകൂടി വേണമെന്നുണ്ടു്. നല്ലൊരു വിഭാഗം കുട്ടികൾ ഇംഗ്ലീഷാണെടുക്കുന്നതു്. കൂട്ടത്തിൽ പറയട്ടേ, സ്വീഡൻ അത്ര വലിയ രാജ്യമല്ല എന്നിരു ന്നാലും, സ്വീഡിഷ്വിദ്യാഭ്യാസം മുഴുവൻ സ്വീഡിഷ് ഭാഷയിലാണു്—മെഡിസിനും എൻജിനീയറിങ്ങുമൊ ക്കെത്തന്നെ. ഗവണ്മെൻറും സ്വീഡിഷ്ഭാഷയിലാ ണു്. അതു പറയുമ്പോൾ സ്വീഡനെക്കാൾ കൊച്ചായ ഡെന്മാർക്കിൽ എങ്ങനെയാണെന്നറിയാൻ കൗതുകമുണ്ടു്, അല്ലേ? അവിടെയും മാതൃഭാഷയിലാണു് എല്ലാ കാര്യ ങ്ങളും നടക്കുന്നതു്.

ഡെന്മാർക്കിലെയും സ്വീഡനിലെയും അനുഭവ ങ്ങൾ കൺമുമ്പിലിരിക്കെ നമ്മുടെ നാട്ടിൽ ഭാഷയുടെ യും സംസ്കാരത്തിൻെറയും അടിസ്ഥാനത്തിൽ സംസ്ഥാ നങ്ങൾ അഴിച്ചുകെട്ടണം എന്നു പറയുന്നതിൻെറ ന്യാ യതയെക്കുറിച്ചു ഞാനോർത്തുപോവുകയാണു്: യൂറോ പ്പിൽ എത്രയെത്ര കൊച്ചുരാജ്യങ്ങൾ—നാം വിഭാവനം ചെയ്യുന്ന സംസ്ഥാനങ്ങളെക്കാളും കൊച്ചായ രാജ്യങ്ങൾ

—സ്വന്തം കാലിന്മേൽ നില്ക്കുന്നു! ഓരോന്നും അതാതിന്റെ ഭാഷയിലാണു് സാമൂഹ്യജീവിതത്തിലെ എല്ലാക്കാര്യങ്ങളും നടത്തിപ്പോരുന്നതു്. പഠിക്കുന്നതും ചിന്തിക്കുന്നതും ഭരിക്കുന്നതും, എന്നുവേണ്ടാ, ജീവിക്കുന്നതും മരിക്കുന്നതുമൊക്കെ മാതൃഭാഷയിലാണു്. സ്വതന്ത്രരാജ്യങ്ങളുടെ ഈ മൗലികാവകാശത്തെ പരമാവധി സംരക്ഷിക്കാൻ കഴിഞ്ഞതുകൊണ്ടാണു് ഓരോ യൂറോപ്യൻരാജ്യത്തിനും ശാസ്ത്രീയജ്ഞാനത്തിൽ വളർന്നുററത്തോടുകൂടി വ്യവസായയുഗത്തിന്റെ കൊടിക്കൂറ പറത്താൻ കഴിഞ്ഞതു്. അന്യന്റെ ഭാഷയിൽ പഠിച്ചാൽ എന്നും അജീർണ്ണമായേ കിടക്കൂ. യൂറോപ്പിലെ കററയൊററ രാജ്യങ്ങളെപ്പോലെ വേറിട്ടു നില്ക്കണം എന്നാണോ ഞാനീപ്പറയുന്നതിന്റെ സാരമെന്നു താങ്കളിങ്ങോട്ടു ചോദിച്ചേയ്ക്കാം. മുൻകൂട്ടി അതിനും പിടിച്ചോളൂ ഉത്തരം. ഞങ്ങൾ സമാധാനസമ്മേളനത്തിനുശേഷം സോവിയററ്യൂണിയനിൽ പോവാനുദ്ദേശിക്കുന്നുണ്ടു്. അവിടത്തെ കഥ ഇപ്പോൾത്തന്നെ ഏറെക്കുറെ ഞാൻ മനസ്സിലാക്കിയിരിക്കുന്നു. സോവിയററ്യൂണിയൻ വലിയൊരു ഫെഡററൽസ്റ്റേററാണു്. പത്തുപതിനാറു റിപ്പബ്ളിക്കുകളുണ്ടതിൽ. ഓരോ റിപ്പബ്ളിക്കും നമ്മുടെ ഓരോ സംസ്ഥാനത്തിന്റെ മട്ടാണു് വലിപ്പത്തിലും അനുഭിനഭരണത്തിലും. അവിടെയും തെല്ലൊഞ്ഞതാണു് കഥ. നാലുമഞ്ചും ലക്ഷംമാത്രമാളുള്ള റിപ്പബ്ളിക്കുകൾ അതാതിന്റെ ഭാഷയിലാണു് എല്ലാകാര്യങ്ങളും നടത്തിപ്പോരുന്നതു്. ഫെഡറൽഭാഷയും

പഠിക്കണമെന്നു നിബ്ബന്ധമാണു്. പക്ഷേ റിപ്പബ്ലി ക്കിനകത്തെ എല്ലാ പ്രവൎത്തനങ്ങളും അതിന്റേതാ യ ഭാഷയിലായിരിക്കണമെന്നു നിബ്ബന്ധമുണ്ടു്. അ ത്രയ്ക്കു സ്വാതന്ത്ര്യം വിട്ടുകൊടുത്തതുകൊണ്ടു സോവിയ റ്റ്യൂണിയന്റെ ഫെഡറൈലെക്യത്തിനു വല്ല ഹാനി യും തട്ടുന്നുണ്ടോ? ഇല്ലെന്നാണവിടത്തുകാർ പറയുന്ന തു്. യഥാൎത്ഥത്തിൽ ഓരോ റിപ്പബ്ലിക്കിലെയും ജ നങ്ങഠക്കു രാജ്യാധാരണത്തിനുള്ള കഴിവും ആവേശ വും വൎദ്ധിച്ചിട്ടേയുള്ളൂ. വമ്പിച്ചൊരു സോഷ്യലിസ്റ്റ് ജ നതയുടെ ഐക്യത്തെക്കുറിച്ചുള്ള ബോധമാണെങ്കിൽ ഓരോ കുഞ്ഞിന്റെയും രക്തത്തിൽ നീറിക്കിടപ്പുണ്ടു താനും. ഇത്രയും എഴുതിയതു് ഇവിടെക്കണ്ടവരുമായി സംസാരിച്ചുകിട്ടിയ അറിവിനെ അടിസ്ഥാനപ്പെടുത്തി മാത്രമാണു്. അവിടെപ്പോയി കൂടുതലായി വല്ലതുമറി ഞ്ഞാൽ പിന്നീടെഴുതിക്കൊള്ളാം.

വളരെക്കുറച്ചു ദിവസമേ ആയുള്ളൂ ഇവിടെ വന്നി ട്ടു്. സമ്മേളനം കഴിയുമ്പോഴേയ്ക്കും വേറെ പലതും എഴു താനുണ്ടാവും. ഇപ്പോഠം ചുരുക്കട്ടെ.

സ്വന്തം മുണ്ടശ്ശേരി

ഹോട്ടൽ മാൽമൻ
സ്റ്റോക്ഹോം
28—11—54.

പ്രിയപ്പെട്ട ആൻറണി,

സമാധാനസമ്മേളനം തീരാറായി. പുതിയ കുറെ അനുഭവങ്ങളുണ്ടു്, പറയാൻ. പെക്കിങ്ങിൽവെച്ചു നടന്ന സമ്മേളനത്തിന്റെ കഥ ഞാൻ പറഞ്ഞതു താങ്കൾക്കോർമ്മയുണ്ടല്ലോ. അവിടെ സമ്മേളനം ഗവണ്മെന്റിന്റെ എല്ലാത്തരം സഹകരണത്തോടുംകൂടിയാണു് നടന്നതു്. ഗവണ്മെന്റ്കാര്യമായിരുന്നു എന്നു പറഞ്ഞുകൂടാ. സ്റ്റോക്ഹോമിലെ സമ്മേളനത്തിന്റെ ഉത്തരവാദിത്വം മുഴുവൻ വേൾഡ്പീസ്കൗൺസിലിനാണെന്നു ഞാൻ എഴുതിയിരുന്നുവല്ലോ. ഇവിടത്തെ ഗവണ്മെന്റിനു പെക്കിങ്ഗവണ്മെന്റിനോളംതന്നെ സമാധാനസമ്മേളനത്തോടാഭിമുഖ്യമില്ല. എന്നാലെതിരാണോ, അതൊട്ടല്ലതാനും. സമാധാനപ്രസ്ഥാനത്തിലൂടെ ലോകത്തിനുണ്ടായേക്കാവുന്ന നേട്ടങ്ങളിൽ

തങ്ങൾക്കും കയ്യുണ്ടായിരിക്കുന്നതിൽ സ്വീഡിഷ്ഗവണ്മെൻറിനു സന്തോഷമേയുള്ളൂ. സമ്മേളനം നടത്താൻ വേണ്ട സൗകര്യങ്ങൾ ചെയ്തുതന്നിരുന്നു ഗവണ്മെൻറിൽനിന്നു്—സ്റ്റോക്‌ഹോം കോർപ്പറേഷൻ പ്രത്യേകിച്ചും. നഗരത്തിന്റെ ബഹളത്തിൽനിന്നു നീങ്ങി കുറെ ചരിത്രപ്രാധാന്യമുള്ള ഒരു കുന്നിൻമീതെവെച്ചാണു് സമ്മേളനം. ഹാളിൽ എല്ലാ സൗകര്യങ്ങളുമുണ്ടു്. ഓരോ പ്രസംഗത്തിന്റെയും വിവിധഭാഷകളിലുള്ള തർജ്ജമകൾ ഒരേസമയത്തു പ്രക്ഷേപണംചെയ്തുകൊണ്ടിരിക്കുകയാൽ അതാതു ഭാഷയുടെ സ്വിച്ചിട്ടു് ഇയർഫോൺ എടുത്തുവെച്ചാൽ ഓരോരുത്തനും ആവശ്യമുള്ള ഭാഷയിൽ പ്രസംഗം കേൾക്കാം. സമാധാനപ്രസ്ഥാനത്തെക്കുറിച്ചുള്ള എല്ലാം പ്രസിദ്ധീകരണങ്ങളും കിട്ടുന്നൊരു സ്റ്റാൾ ഹാളിനോടു തൊട്ടുതന്നെ ഉണ്ടു്. കത്തുകളും കമ്പികളും അയയ്ക്കാനും യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തിത്തരാനും നാനാദേശങ്ങളിലെ പ്രതിനിധികൾക്കു തമ്മിൽ പരിചയപ്പെടാനുമൊക്കെ വെവ്വേറെ ഏർപ്പാടുണ്ടിവിടെ. രാവിലെ വന്നാൽ സന്ധ്യ കഴിഞ്ഞേ മടങ്ങൂ. ലഞ്ചും കാപ്പിയും ഡിന്നറുമൊക്കെ ഇവിടെത്തന്നെയാണു്. ഹാളിലിരിക്കുന്ന തട്ടിൽനിന്നു കുറെക്കൂടി മേലോട്ടു കയറി മറെറാരു തട്ടിലാണു് ഡൈനിങ്ങ്ഹാളും മററും. അവിടെ നിന്നാൽ നഗരമാകെക്കാണാം. രാത്രി നല്ല കാഴ്ചയാണു്. പച്ചയും നീലയും ചോപ്പും ഇടകലർന്ന വിദ്യുദ്ദീപങ്ങളെക്കൊണ്ടാകെക്കൂടി പട്ടണത്തിന്റെ പല ഭാഗങ്ങളിലും അമിട്ടു പൊട്ടിച്ചിന്നിച്ചിതറി ഇങ്ങനെ നില്ക്കുന്നതുപോലെ തോന്നും.

യൂറോപ്പിലേക്കു കടക്കുമ്പോൾ സമാധാനപ്രസ്ഥാനത്തിനു കുറേക്കൂടി സാർവ്വജനീനത തോന്നുന്നുണ്ടു്. സമ്മേളനത്തിൽ സംബന്ധിക്കാൻ നാനായൂറോപ്യൻരാജ്യങ്ങളിൽനിന്നുമായി വന്നിട്ടുള്ള പ്രതിനിധികളിൽ അധികംപേരും ബുദ്ധിജീവികളാണു്. എഴുത്തുകാർ, ശാസ്ത്രജ്ഞന്മാർ, കലാകാരന്മാർ, അഭിഭാഷകന്മാർ, പ്രൊഫസർമാർ—എന്നിങ്ങനെ എത്രയോ പേരെ കണ്ടിരിക്കുന്നു ഞാനതിനകം. സ്ത്രീകളും ധാരാളമുണ്ടു്. വൈദികന്മാരോ, അവരുമുണ്ടു് കുറെയേറെ. രാഷ്ട്രീയമായി നോക്കിയാൽ പല അഭിപ്രായക്കാരുമാണിവർ. ബ്രിട്ടനിൽനിന്നും പോളണ്ടിൽനിന്നും ബെൽജിയത്തിൽനിന്നും പടിഞ്ഞാറൻജർമ്മനിയിൽനിന്നും മറ്റും എത്തിയിട്ടുള്ളവർ ഒരുമാതിരി ഇടത്തരം രാഷ്ട്രീയാഭിപ്രായക്കാരാണു്. കമ്മ്യൂണിസ്റ്റുകളുണ്ടോ എന്നു സംശയമാണു് അവരുടെ കൂട്ടത്തിൽ. തെക്കേഅമേരിക്കൻരാജ്യങ്ങളിൽനിന്നു വന്നിട്ടുള്ളവരും പൊതുവെ പറഞ്ഞാൽ കമ്മ്യൂണിസ്റ്റുകളല്ല. കമ്മ്യൂണിസ്റ്റുകളും അല്ലാത്തവരും ഒട്ടാകെ കമ്മ്യൂണിസ്റ്റുവിരോധികളുമടങ്ങിയ ഈ ജനക്കൂട്ടത്തിൽനിന്നു് ഒരേ സ്വരത്തിലാണു് സാമ്രാജ്യക്കോയ്മകളുടെ കൊള്ളയ്ക്കും യുദ്ധത്തിനും ആറ്റംബോംബിനുമെല്ലാം എതിരായുള്ള ഉഗ്രപ്രതിജ്ഞകൾ പൊന്തുന്നതു്. എന്താണിതിനു കാരണം? ഒന്നാമതു്, യൂറോപ്പിലുള്ള സകലജനങ്ങളും പരസ്പരം കൊള്ളയടിക്കലിന്റെയും യുദ്ധത്തിന്റെയും രുചിയറിഞ്ഞിട്ടുണ്ടു്. അനുഭവത്തിന്റെ പേരിലാണു് രണ്ടിനേയും

അവർ വെറുക്കുന്നതു്. ഏതാണ്ടൊരു സോഷ്യലിസ്റ്റടിസ്ഥാനത്തിൽ സമാധാനത്തോടുകൂടി നിർമ്മാണപരിപാടികളിലേർപ്പെട്ടേ രക്ഷയുള്ളൂ മനുഷ്യരാശിക്കെന്നെല്ലാവക്കുമറിയാം. സോവിയററ്റഷ്യയെയും ചൈനയെയും ആററംബോംബിട്ടെരിച്ചു ചാമ്പലാക്കിയാൽ മനുഷ്യന്റെ ഭാവി ഭാസുരമാകുമെന്നുള്ള ആ സാമ്രാജ്യതാത്പര്യത്തിന്റെ പ്രചാരവേലയിൽ പൊതുവെ ആളുകൾക്കു വിശ്വാസം നശിച്ചിരിക്കുകയാണു്. പിന്നെ മറെറാരു കാര്യവുമുണ്ടു്: ആററംശക്തിയെ വേർപെടുത്തിയെടുത്തു വിനാശത്തിനുപയോഗിക്കുക എന്ന ആ പുതിയ കണ്ടുപിടുത്തമുണ്ടല്ലോ, അവിടംതൊട്ടു നവീനശാസ്ത്രത്തിൽ അത്ഭുതപൂർവ്വമായൊരദ്ധ്യായംതന്നെ ആരംഭിച്ചിരിക്കുകയാണു്. ആയിരത്തിത്തൊള്ളായിരാമാണ്ടുവരെ ശാസ്ത്രീയമായി എന്തഭിവൃദ്ധിയുണ്ടായോ, അതിനെല്ലാം "അനന്തമജ്ഞാതമവർണ്ണനീയം" എന്ന രീതിയിൽ അതീശയിക്കുന്നൊരു മുന്നേററമാണു് പിന്നത്തെ അമ്പത്തഞ്ചുകൊല്ലത്തിനകം അണുവിജ്ഞാനീയംകൊണ്ടുണ്ടായിട്ടുള്ളതു്. പിടിച്ചുകെട്ടാൻ വയ്യാത്ത ഒരു കുട്ടിച്ചാത്തനാണു് ആററംശക്തിയെന്നു ബുദ്ധിജീവികൾ പലക്കെ മനസ്സിലാക്കിയിരിക്കുന്നു. ഇന്നു മററാരെക്കാളും മുമ്പു യുദ്ധത്തിനെതിരായി വാദിക്കുന്നതു് ആററംബോംബിന്റെ നിർമ്മാണത്തിനടിസ്ഥാനമായിത്തീർന്നിട്ടുള്ള ശാസ്ത്രജ്ഞാനത്തിന്റെ വക്താക്കളാണു്. തങ്ങളാണു് യഥാർത്ഥത്തിൽ മാനവസമുദായത്തിന്റെ സംഹാരരുദ്രന്മാരായിത്തീരാൻപോകുന്നതെന്നു ബോധപ്പെട്ടതോടുകൂ

ടി ഒന്നാംകിടശാസ്ത്രജ്ഞന്മാർ യുദ്ധത്തിന്റെ അത്യുഗ്രശത്രുക്കളായി മാറിക്കഴിഞ്ഞിട്ടുണ്ടു്. ഇതേവരെ ലോകത്തിൽ കണ്ടിട്ടില്ലാത്തൊരു വൈരുദ്ധ്യമാണിതു്. ധാർമ്മികമൂല്യങ്ങളെച്ചൊല്ലിമാത്രമല്ല, ശാസ്ത്രജ്ഞാനത്തിന്റെ പവിത്രതയെയും സപ്രയോജനതയെയും മുൻനിറുത്തിത്തന്നെയും ബുദ്ധിജീവികൾ സമാധാനപക്ഷപാതികളായിത്തീരുക എന്നതു ചരിത്രത്തിൽ ഏതാണ്ടൊരു പുതിയ സംഭവമാണെന്നു പറയാം. മാനവരാശിയെ പുതിയൊരു വഴിത്തിരിവിലേയ്ക്കു കൊണ്ടുവന്നിട്ടില്ലേ ഈ ചിന്താഗതി? അതിനെപ്പററി ആലോചിക്കേണ്ടതാണു്. വളരെ പ്രശസ്തിനേടിയ ആ ജർമ്മൻകഥയെഴുത്തുകാരി അന്നാ സേഗേഴ്സ് എന്നോടു സംസാരിച്ചതു ലോകവിജ്ഞാനത്തിൽ വന്ന ഈ പുതിയ പരിവർത്തനത്തിന്റെ ഫലശ്രുതികൾ ചൂണ്ടിക്കാട്ടിക്കൊണ്ടാണു്.

ഒരച്ചനുൾപ്പടെ ബൽജിയത്തിൽനിന്നു വന്നിട്ടുള്ളതു കത്തോലിക്കരാണു്. അവർ തങ്ങളുടേതായ ഒരു സംഘടനയിലൂടെ സമാധാനത്തിനുവേണ്ടി പ്രവർത്തിച്ചുതുടങ്ങിയിട്ടു കുറേ നാളായി. വത്തിക്കാന്റെ സമ്മതത്തോടുകൂടി ബൽജിയത്തിലെ ഒരു മോൺസിഞ്ഞോർ യുദ്ധത്തെയും ആററംബോംബിനെയും എതിർക്കാനാവശ്യപ്പെട്ടുകൊണ്ടെഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ലഘുപത്രിക ആ അച്ചൻ എന്റെ കയ്യിൽ തന്നിരിക്കുന്നു. ഫ്രഞ്ചുഭാഷയിലാണു്. ഞാനതു ഫ്രഞ്ചറിയാവുന്ന മറെറാരാളെക്കൊണ്ടു പരിഭാഷപ്പെടുത്തിക്കേട്ടു. ഉള്ളഴിഞ്ഞുതന്നെ മോൺസിഞ്ഞോർ സമാധാനത്തിനുവേണ്ടി വാദിച്ചിട്ടു

ണ്ടു്. പോളീഷ്പ്രതിനിധികളും പൊതുവേ കത്തോലിക്കരാണു്. കമ്മ്യൂണിസ്റ്റ്ശൈലിയിലാണു് പോളണ്ടിലിപ്പോൾ ഭരണമെന്നു കരുതി അവിടെ കത്തോലിക്കാസഭ നശിച്ചുവെന്നു കരുതുന്നതു പരമാബദ്ധമായിരിക്കും. നമ്മുടെ നാട്ടിലെ കത്തോലിക്കരെക്കാളും 'എരിവു'ണ്ടു് പോളീഷ്കത്തോലിക്കർക്കു്. രാഷ്ട്രീയവും അവരുടെ മതവും തമ്മിൽ യാതൊരു അടിപിടിയുമില്ല. 'വിശ്വാസ'ത്തെസ്സംബന്ധിച്ചിടത്തോളം അവർ ഇന്നും റോമാസിംഹാസനത്തിന്റെ കീഴിലാണു്. അവർക്കെല്ലാം വല്ലാത്ത വാശിയാണു് സമാധാനത്തിന്റെ കാര്യത്തിൽ. യുദ്ധം ചെയ്തുചെയ്തു് അതിനെതിരായ ഒരു വിശേഷപാരമ്പര്യം സൃഷ്ടിച്ചിട്ടുള്ളവരാണു് പോളീഷ്കത്തോലിക്കരെന്നറിയാമല്ലോ. അവരാണിന്നു യുദ്ധത്തെയും ആറ്റംബോംബാദിയായ മാരകശക്തികളെയുമൊക്കെ മുട്ടുംകാലും കുത്തിയെതിർക്കുന്നതു്.

ഇംഗ്ലണ്ടിൽനിന്നു വന്നിട്ടുള്ള പ്രൊഫസർ ബർഹോപ്പ് ഒരു ആറ്റംവിദഗ്ദ്ധനാണു്. ജെ. ഡി. ബർണലിനെപ്പോലെ മാർക്സിസ്റ്റൊന്നുമല്ല അദ്ദേഹം. പക്ഷേ അദ്ദേഹം ഭാവിയുദ്ധങ്ങളുടെ ഘോരതയെക്കുറിച്ചു സംസാരിച്ചപ്പോൾ ഹാളിലിരുന്ന പലരും ഞെട്ടിപ്പോയി. ഇംഗ്ലണ്ടിൽനിന്നു വന്നിട്ടുള്ള പ്രൊട്ടസ്റ്റൻറ്മിഷണറിമാരും ബർഹോപ്പിന്റെ വാദത്തെ പിൻതാങ്ങി സംസാരിച്ചു. അക്കൂട്ടത്തിൽ ഹ്യൂലറ്റ് ജോൺസന്റെ കാര്യം ഞാനെടുത്തുപറയുന്നില്ല. അദ്ദേഹം റെഡ്ഡീൻ ആണല്ലോ. ഫ്രഞ്ചുകാർ സംസാരിച്ചതു തീ

വ്രമായ വേദനയോടുമാവേശത്തോടുംകൂടിയാണു്. അനുഭവവുമുണ്ടു്, വിജ്ഞാനവുമുണ്ടു്, യുദ്ധത്തെ എതിക്കാനവക്കു്.

ഇലിയാ റൻബഗ്ഗ്, റോമിലും പാരീസിലും ബർല്ലിനിലും ലണ്ടനിലുമൊക്കെ യൂറോപ്പിൻെറ വൈജയന്തികളായി പരിലസിക്കുന്ന കലാക്ഷേത്രങ്ങളെ ഓരോന്നുമങ്ങനെ വിവരിച്ചുവിവരിച്ചു തൻെറ അത്യുജ്ജ്വലമായ പ്രസംഗത്തിൻെറയവസാനത്തിൽ, "യൂറോപ്പിൻെറ അഭിമാനികളായ സന്താനങ്ങളേ, നൂറ്റാണ്ടുകൾ കെട്ടിപ്പൊക്കിയിട്ടുള്ള മഹാർഘങ്ങളായ കലാശില്പങ്ങളിൽ ഇന്നും തുടിക്കുന്ന നല്ല മനുഷ്യരുടെ ഹൃദയങ്ങളെച്ചൊല്ലി ഞാനാവശ്യപ്പെടുകയാണു്, അവയെ ആറ്റംബോംബിട്ടു് എന്നേയ്ക്കുമായി നശിപ്പിക്കരുതേ"യെന്നു പറഞ്ഞവസാനിപ്പിച്ചപ്പോൾ ശ്രോതാക്കൾ മിക്കവരും ഇളകിപ്പോയി. ചുരുക്കിപ്പറയട്ടെ, ഏതാനും ദിവസത്തെ തുടച്ചയായുള്ള നടപടികളിൽ സംബന്ധിച്ചുകഴിഞ്ഞപ്പോൾ എനിക്കു തോന്നുകയാണു്, യുദ്ധം ജനാധിപത്യാഭാസത്തിൻേറതും സമാധാനം യഥാർത്ഥജനാധിപത്യത്തിൻേറതുമാണെന്നു്.

നാലഞ്ചുദിവസത്തെ സമ്മേളനങ്ങളിൽ ഞങ്ങളെല്ലാവരും വളരെ രസമായിക്കൂടി. പൊതുസമ്മേളനത്തിലും കമ്മീഷൻയോഗങ്ങളിലുമായി എല്ലാവക്കും സംസാരിക്കാനവസരവും കിട്ടി. ഇൻഡ്യൻപ്രതിനിധികളുടെ പേരിൽ വലിയ മതിപ്പാണു് ഏതു രാജ്യക്കാക്കും. ലോകത്തിൻെറ 'ഫൾക്രം' ഇൻഡ്യയായിരിക്കുന്നു മിക്കവ

ക്കും ഒരു വിധത്തിൽ ശരിയാണു്. ഹിമാലയത്തി ൻെറ അങ്ങേപ്പുറവും ഇങ്ങേപ്പുറവും തമ്മിൽ ഇണക്കാൻ തൊട്ടു താഴെനിന്നു 'പഞ്ചായം' പറയുകയാണല്ലോ ഇൻഡ്യ.

സമ്മേളനത്തിൻെറ മെയിൻസ്ക്രൂ വിയന്നയി ലെ ഹെഡാഫീസിൽനിന്നു വന്ന മിസ് മേരിയായിരു ന്നു. വളരെ ചുറുചുറുക്കുള്ള ഒരു യുവതി. കണ്ടാൽ അ ത്രവളരെ കാര്യങ്ങൾക്കുത്തരവാദപ്പെട്ടവളാണെന്നു തോ ന്നുകയില്ല. പക്ഷേ അവരുടെ വിരലിൻതുമ്പത്തായിരു ന്നു കോൺഫറൻസിലെ ഓരോ ചടങ്ങും. വന്നിറങ്ങിയ ഓരോ പ്രതിനിധിയെയും അപ്പപ്പോൾ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ടു് അവക്കു്. ആരു്, എപ്പോൾ, ഏതു കാ ര്യത്തെക്കുറിച്ചു ചോദിച്ചാലും വേണ്ടതു ചെയ്തുതരുവാൻ അവക്കുത്സാഹമായിരുന്നു. ആ കഴിവുററ ഇംഗ്ലീഷുകാരി യെ ആരും മറക്കുകയില്ല.

സമ്മേളനം നാളെ കഴിയും. എന്നിട്ടൊരു നാലുദി വസം ഇവിടെ താമസിച്ചേ ഞങ്ങൾ സോവിയററുയൂണി യനിലേയ്ക്കു പുറപ്പെട്ടു. അതിന്നിടയിൽ കുറേ സ്ഥല ങ്ങൾകൂടി കാണാനുണ്ടു്. നാലഞ്ചു സ്നേഹിതന്മാരെ കി ട്ടിയിട്ടുണ്ടിവിടെ. അവരിൽ ചിലരുടെ വീട്ടിൽ പോ കണം. മാത്രമല്ല, സ്വീഡിഷ് സ്കൂൾസിസ്റ്റത്തെപ്പററി പഠിക്കണമെന്നുമുണ്ടു്. ആവക സംഗതികളെക്കുറിച്ചു ഞാനിവിടെനിന്നു പോകുമ്പൊഴേയ്ക്കും എഴുതാം. അതു വരെ സമാധാനത്തിൻെറ വേദാന്തത്തെപ്പററി താങ്കൾ നമ്മുടെ കാഫിഹൌസിലിരുന്നു് ഒന്നു ചച്ചചെയ്യു!

സ്വന്തം മുണ്ടശ്ശേരി.

ഹോട്ടൽ മാൽമൻ
സ്റ്റോക്ക്ഹോം.
30—11—'54

പ്രിയപ്പെട്ട ആൻറണി,

കഴിഞ്ഞ എഴുത്തു് അല്പം ബോറായിരുന്നു, അല്ലേ? സമാധാനപ്രസ്ഥാനത്തിൻെറ താത്വികാടിസ്ഥാനത്തെക്കുറിച്ചങ്ങനെ എഴുതിപ്പോയാൽ അത്ര രസമാവില്ലെന്നെനിക്കറിയാം. ഇത്തവണ ആ വകയൊന്നും എഴുതുന്നില്ല. നാളെ ഞങ്ങൾ പുറപ്പെടുകയായി, മോസ്കോവിലേയ്ക്കു്. ലെനിൻഗ്രാഡുവരെ തീവണ്ടിവഴി പോകാമെന്നാണു് ആദ്യം തീരുമാനിച്ചതു്. പിന്നീടു കപ്പൽ യാത്രയായിക്കളയാം എന്നൊരഭിപ്രായമുണ്ടായി. രണ്ടായാലും എനിക്കിഷ്ടമായിരുന്നു. പക്ഷേ കാലവിളംബം കഴിയുന്നത്ര ചുരുക്കാൻവേണ്ടി ഒടുവിൽ വിമാനത്തിൽ തന്നെ പോകാം എന്നുറച്ചിരിക്കുകയാണു്. പോകാറായപ്പോൾ സ്റ്റോക്ക്ഹോം വിടാൻ ഒരു മടി. പത്തുപതി

നഞ്ചു ദിവസമായി ഇവിടെ കിടന്നു പെരുമാറി പലരുമായി പരിചയപ്പെട്ടുകഴിഞ്ഞപ്പോൾ ഈ പട്ടണത്തോടൊരു മമത. വിട്ടുപിരിയാൻ വല്ലാത്തൊരു വിഷമം. വേർപാടിൽ അനുശോചിക്കുന്നവരുണ്ടുതാനും.

എനിക്കേററവും പരിചയപ്പെട്ടതു് ഒരു മി: ബാർഡാണു്. വളരെ കുള്ളനായൊരു മധ്യവയസ്കൻ. നോർവ്വേക്കാരനാണയാൾ. ഒരു സ്വീഡിഷ് യുവതിയെ വിവാഹംചെയ്തു് ഇപ്പോളിവിടെയാണു് താമസം. യാദൃച്ഛികമല്ല ഞങ്ങളുടെ പരിചയം. ഒരു ദിവസം എന്നെ അന്വേഷിച്ചയാൾ ഹോട്ടലിൽ കയറിവന്നു: ഇതെന്തൊരു കഥയെന്നായി ഞാൻ. സ്റ്റോക്ഹോമിൽ എനിക്കൊരു പരിചയക്കാരനുണ്ടാവുകയോ? വാസ്തവത്തിൽ അയാൾക്കെന്നെ അറിയാം. ആ മനുഷ്യൻ സർ. സി. പി. യുടെ ഭരണം കഴിഞ്ഞു തിരുകൊച്ചിയുടെ സംയുക്തനിയമസഭ തിരുവനന്തപുരത്തു ജോലിതുടങ്ങിയ കാലംവരെ തിരുവിതാംകൂറിലുണ്ടായിരുന്നു. എവിടെയാണെന്നോ? നമ്മുടെ ആ നീണ്ടകരപ്പാലത്തിനടുത്തുള്ള നോർവ്വീജിയൻപദ്ധതിയുടെ സ്റ്റാഫിൽ. മീൻപിടുത്തത്തിൽ ബഹുവിദഗ്ദ്ധന്മാരാണല്ലോ നോർവ്വേക്കാർ. യു. എൻ. ഓ.വിന്റെ പരിപാടിയനുസരിച്ചു പിൻനില രാജ്യങ്ങളെ സഹായിക്കാൻ യൂറോപ്യൻരാജ്യങ്ങൾ കോപ്പിട്ട കൂട്ടത്തിൽ നോർവ്വേയും ചാടിവീണു. നോർവ്വേക്കാർക്കാകെക്കൂടി വിദഗ്ദ്ധോപദേശം നല്കാനുള്ളതു മീൻപിടുത്തത്തെക്കുറിച്ചാണു്. കുറെ പ്രമാണപ്പെട്ട ഓസ്ലോപൗരന്മാർ സംഭാവനചെയ്തുണ്ടായ ഒരു പൊതുഫണ്ടിനോടു

കൂടി നൊർവ്വേഗവണ്മെൻറിൻെറ ഒരു ഗ്രാൻറും ചെയ്തു് ആ സംഖ്യമുഴുവൻ ഇൻഡ്യയുടെ കടൽത്തീരത്തൊരിടത്തു മത്സ്യവ്യവസായം അഭിവൃദ്ധിപ്പെടുത്താൻ ഉപയോഗിക്കണമെന്നു നോർവ്വീജിയൻപാർല്ല്യമെൻറിൽ ഒരു തീരുമാനമുണ്ടായി. യു. എൻ. ഓവിൻേറതായി മറെറാരു സംഖ്യയുമുണ്ടായിരുന്നു, ആ ഫണ്ടോടുകൂടി. ഈ സ്കീം ഇൻഡ്യയിൽ എവിടെ നടപ്പാക്കാം എന്നന്വേഷിച്ചറിയ്ക്കാൻ നോർവ്വീജിയൻഗവണ്മെൻറിൽനിന്നയച്ചിരുന്നതു മി: ബാർഡിനെയാണു്. അയാളും കൂട്ടുകാരും വന്നിൻഡ്യമുഴുവൻ ചുററിയടിച്ചു് ഒടുവിൽ താവളമുറപ്പിച്ചതു തിരുവിതാംകൂറിൻെറ കടൽത്തീരത്താണു്. പടിഞ്ഞാററൻതീരത്തു വെച്ചു മീൻപിടുത്തത്തിനേററവും ഉതകുന്നേടം കേരളത്തിൻെറ തെക്കേ ഭാഗമാണെന്നു ജപ്പാൻകാർ പണ്ടേ കണ്ടുപിടിച്ചിട്ടുണ്ടു്. അവിടെത്തന്നെയെത്തി, ബാർഡും. കുറെക്കാലം തിരുവിതാംകൂറിലും കൊച്ചിയിലും താമസിച്ചു ബാർഡ് തയ്യാറാക്കിയ റിപ്പോർട്ടിൻപടിയാണു് പിന്നീടു കൊല്ലം നീണ്ടകരപ്പാലത്തിനടുത്തിപ്പോൾ നടക്കുന്ന നോർവ്വീജിയൻഫിഷിങ്ങ്സ്കീം തുടങ്ങിയതു്. മറേറതാനും വിദഗ്ദ്ധന്മാർ അവിടെയ്ക്കെത്തിയതോടുകൂടി ബാർഡ് തിരിച്ചുപോന്നു. നീണ്ടകരയുള്ള നോർവ്വീജിയൻപദ്ധതിയെപ്പററി നമുക്കുള്ള പരാതികൾ ഒക്കെത്തന്നെ ബാർഡിനുമുണ്ടു്. ആ പദ്ധതിയുടെ പ്രവർത്തകന്മാരായ വെള്ളക്കാരുടെമേൽ തിരുകൊച്ചിഗവണ്മെൻറിനുമില്ല, ഇൻഡ്യാഗവണ്മെൻറിനുമില്ല, യു. എൻ. ഓ. വിനുമില്ല പറയത്തക്ക നി

യന്ത്രണം. ഫിഷറിഡയറക്ടർ വേണം നോട്ട മേൽനോട്ടം വഹിക്കാനെന്നുണ്ട്. പദ്ധതി അത്രയും ഉദ്യോഗസ്ഥനെ കൂട്ടാക്കുന്നവരല്ല നീണ്ടകരത്തെ സായിപ്പന്മാർ. അവർ ശമ്പളവും ബത്തയുമായി നല്ലൊരു തുക പററിക്കൊണ്ടു സുഖമായങ്ങനെ കഴിയുകയാണു്. ഇടയ്ക്കിടയ്ക്കു കാറെടുത്തു വെല്ലിങ്ങ്ടൺ ഐലണ്ടിലെ മലബാർഹോട്ടലിൽ പോയി കപ്പലിറങ്ങുന്ന വെള്ളക്കാരൊരുമിച്ചു കുടിച്ചു മത്തടിക്കും. പദ്ധതി വളരെ വേഗത്തിൽ പൂർത്തിയാക്കി, തിരുകൊച്ചിക്കൊരു നേട്ടമുണ്ടാക്കിക്കൊടുക്കണമെന്നൊന്നും അവർക്കില്ല. ഞാനിതൊക്കെ ഹിന്റ്മാത്രമായി സൂചിപ്പിച്ചതേയുള്ളു. ബാർഡ് പത്തിരട്ടി തെളിവോടുകൂടി എന്റെ അഭിപ്രായത്തെ ശരിവെച്ചു. യു. എൻ. ഒ.-യിന്റെ കീഴിലാകയാൽ അല്പം അമേരിക്കൻകുംഭകോണമുണ്ടോ പദ്ധതിയുടെ പിൻപിലെന്നു ചോദിച്ചതിനു് അർത്ഥവത്തായി ഒന്നു ചിരിക്കുകയാണു് ബാർഡ് ചെയ്തതു്. പദ്ധതിക്കാരെ തികച്ചും സ്റ്റേറ്റ്ഗവണ്മെൻറിന്റെ വരുതിക്കു കീഴാക്കിയാലേ വല്ല കാര്യവും നടക്കു എന്നാണു് ബാർഡിന്റെ നിഗമനം.

ഒരു ദിവസം സഭാര്യനായി ബാർഡ് എന്നെ തന്റെ ഫ്ളാററിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. രണ്ടേ രണ്ടു മുറിയേയുള്ളു, ഫ്ളാററിൽ. ബാത്ത്റൂമും ഫ്ളഷ്ം ഒരു സെപ്റ്റുമുണ്ടു് അവയോടനുബന്ധിച്ചു്. കയറിച്ചെല്ലുന്ന ഇടനാഴിയിലാണവ മൂന്നും. ആകെ നല്ല വെടിപ്പുള്ള ഫ്ളാററ്. സ്റ്റോക്ക്ഹോംസഹകരണഫെ

ഡറേഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഒരു ഹൌസിങ്ങ് സൊസൈററി നിരത്തി കെട്ടിയിട്ടുള്ള ആയിരത്തോളം ഫ്ളാററുകളിൽ ഒന്നാണ് ബാർഡിന്റേത്. ഭക്ഷണം പാകംചെയ്യാൻ മുറിക്കകത്തൊരു വശത്തായി ചുമരിൽത്തന്നെ എല്ലാ ഏർപ്പാടുമുണ്ട്. ഇലക്ട്രിക്കുകരിങ്ങാണവിടെ. വിറകും പുകയും മററുമില്ല. ബാർഡിന്റെ ഭാര്യ ഒരധ്യാപികയാണ്; ബാർഡ് ഒരു സെയിൽസ് ഏജന്റും. കുട്ടികളൊന്നും ആയിട്ടില്ലവർക്ക്. വളരെ ഒതുങ്ങിയ താമസം. ഫ്ളാററിൽ വിശേഷവിധിയായുള്ള മോടികളൊന്നുമില്ല. കട്ടിലിനുപുറമെ അത്യാവശ്യത്തിനുമാത്രം മേശയും കസാലയുമുണ്ട്. ബാർഡിന്റെ ഏററവും വിലപിടിച്ച സമ്പത്തു കുറെ പുസ്തകങ്ങളാണ്. ഭാര്യയും ഭർത്താവും നല്ലപോലെ വായിക്കും. ആ പുസ്തകങ്ങളിൽ ചിലതെടുത്തു നിവർത്തി നമ്മുടെ നാട്ടിൽനിന്നും മററും കുറിച്ചെടുത്തിട്ടുള്ള വിവരങ്ങളെന്നെക്കാട്ടി അദ്ദേഹം. ഞങ്ങൾ കുറേ നേരമിരുന്നു സംസാരിച്ചു—സ്വീഡിഷ് സാമൂഹ്യജീവിതത്തെയും മതത്തിന്നതിലുള്ള സ്ഥാനത്തെയും മററും സംബന്ധിച്ച്. കമ്മ്യൂണിസ്റ്റാദർശത്തിനെതിരാണ് ബാർഡ്. ഭാര്യക്കത്രതന്നെ വിരോധമില്ല. പക്ഷേ മതത്തിന്റെ കാര്യത്തിലിരുവരും ഒന്നുപോലെ നിരുത്സാഹരാണ്.

ബാർഡൊരുമിച്ചു പിറേറദിവസം ഞാൻ സ്വീഡിഷ് സ്കൂളുകൾ പോയിക്കണ്ടു. സ്വീഡിഷ് പൊതുവിദ്യാഭ്യാസം മിക്കവാറും ബ്രി: മാതൃകയിലുള്ളതാണ്. ഹ്യൂമാനിററിസിനു മുൻതൂക്കമുണ്ട് ഇപ്പോഴും. എന്നാൽ ബ്രി

ട്ടനിലെന്നപോലെ മതവിഭാഗങ്ങൾ പകുത്തു കൈവശം വെയ്ക്കുന്നില്ല വിദ്യാഭ്യാസം എന്നുള്ളതു് ഒരു വ്യത്യാസമാണു്. അദ്ധ്യാപനത്തിൽ ശാസ്ത്രീയവിഷയങ്ങൾക്കു പ്രായോഗികതാപക്ഷപാതം കൂടും. സെക്കൻററിവിദ്യാഭ്യാസം ഇനിയും പരിഷ്കരിക്കുവാൻ പോവുകയാണിവിടെ. എന്നെ ഏററവും ആകർഷിച്ചതു് ഈവെനിങ്ങ് ടെക്കനിക്കൽസ്കൂളാണു്. ജനപ്പെരുപ്പമുള്ള എല്ലാ ഭാഗങ്ങളിലുമുണ്ടു് അത്തരം സ്കൂൾ. പകൽ സാധാരണസ്കൂളിൽ പഠിക്കുന്നവർതന്നെയാണു് ഈവനിങ്ങ്സ്കൂളിലേയ്ക്കും വരുന്നതു്. ഞാൻ പോയിക്കണ്ട സ്കൂളിൽ നമ്മുടെ ഗിൻഡിഎൻജിനിയറിങ്ങ് കോളേജിലുള്ളതിലുമേറെ യന്ത്രസജ്ജീകരണങ്ങളുണ്ടു്. ഒരു പോളിടെക്കനിക്കിൻെറ മട്ടാണു് സ്കൂൾ. ആൺകുട്ടികൾക്കെന്നപോലെ, പെൺകുട്ടികൾക്കു സാങ്കേതികപരിശീലനം കൊടുക്കാനുള്ള ഏപ്പാടുകളുമുണ്ടു്—എംബ്രായിഡറിതൊട്ടുള്ളവ. ഞാൻ ആ സ്കൂളിൽ കയറിച്ചെന്നപ്പോൾ പന്ത്രണ്ടും പതിന്നാലും വയസ്സുള്ള കൗമാരക്കോടികളായ കുട്ടികൾ കൗതുകത്തോടും നല്ല ലാഘവത്തോടും കൂടി യന്ത്രസാമഗ്രികളെടുത്തു പെരുമാറുന്നതു കാണായി. പകൽ വളരെ അന്തസ്സിലുടുത്തുകെട്ടി ക്ലാസിലിരുന്നു് എഴുത്തും വായനയും മാത്രമായി കഴിച്ചിട്ടുള്ളവക്കു മെയ്യിളക്കി പ്രവത്തിക്കാൻ സ്വതേ തോന്നാവുന്ന വൈമുഖ്യം ആ കുട്ടികളിൽ ലേശംപോലും കണ്ടില്ല. എല്ലാക്കും നല്ല ഉത്സാഹം. പണിക്കുറതീർത്താരോരോ ഉപകരണങ്ങൾ—ബോൾബെയറിങ്ങും മററും—അവരങ്ങനെ തയാർചെ

യ്യുട്ടിവെയ്യുന്നതു കാണേണ്ട ഒരു കാഴ്ചയാണു്. എന്ത
നെയാണു് ഈവനിങ്ങ്സ്സുഠംകോഴ്സിനെ വീക്ഷിക്കുന്ന
തെന്നു ഞാൻ പല കുട്ടികളോടും ചോദിച്ചു. അവർ
പറഞ്ഞു, വൈകുന്നേരത്തെ കായികവിനോദവും അ
തോടൊന്നിച്ചു പ്രയോജനകരമായ ഒരു വിദ്യ സമ്പാധി
ക്കലും നടക്കുമെന്നുള്ളതിനാൽ തങ്ങഠംക്കതൊരു രസ
മാണെന്നു്. ഹൈസ്സുഠംപഠിപ്പു കഴിയുമ്പോഴേയ്ക്കും ഈ
വനിങ്ങ് സ്സുഠംകോഴ്സും തീരും. പിന്നെയവക്കു് എ
ന്തെങ്കിലും ജോലിയിലേയ്ക്കു കടക്കാം. രാജ്യത്തു ജോലി
യാണെങ്കിൽ വേണ്ടുവോളമുണ്ടുതാനും. ഇതിൽനിന്നൊ
രു കാര്യം മനസ്സിലാക്കാനുണ്ടു്: പരിമിതമായൊരു കാ
ലാവധിക്കകത്തു വിദ്യാത്ഥികഠംക്കു ലഭിക്കുന്ന പരിശീ
ലനവും അറിവും അവരിറങ്ങിച്ചെല്ലാനിരിക്കുന്ന ലോക
ത്തിലെ ഡിമാൻറുമായി പൊരുത്തപ്പെട്ടിരിക്കുന്നു. അ
ഭ്യസ്തവിദ്യൎക്കു തൊഴിലില്ലായ്മ നേരിടാതിരിക്കണമെ
ങ്കിൽ ഇങ്ങനെ വേണം. നമ്മുടെ നാട്ടിലെ കഥയുമാ
യി ഈ സമ്പ്രദായത്തെ തട്ടിച്ചുനോക്കുന്നതു കൊള്ളാം.
A square thing in a round hole—അതാണു് നമ്മുടെ
വിദ്യാഭ്യാസം; ഗാന്ധിജിയുടെ ഒററമൂലിയായ 'ബേസി
ക്കം'. ഞാനതോത്തു് ആ ഈവനിങ്ങ്സ്സൂളിൽ നില്ക്കു
ത്തന്നെ കഷ്ടംവെച്ചുപോയി.

എനിക്കോക്കത്തക്ക മറെറാരു സ്നേഹിതൻ മി: പീ
റേഴ്സനാണു്. അവിവാഹിതനായ ഒരു മധ്യവയ
സ്കൻ. വയസ്സു നാല്പതോ മറേറാ ആയിട്ടുണ്ടു്. സ്റ്റോക
ഹോംസിററികോപ്പറേഷൻകെട്ടിടത്തിൽവെച്ചു ഞങ്ങ

ളെ സ്വാഗതംചെയ്യുന്ന ഒരു ചടങ്ങുണ്ടായിരുന്നു. അവിടെവെച്ചാണു് അദ്ദേഹവുമായി പരിചയപ്പെട്ടതു്. സ്വീകരണം കഴിഞ്ഞു് അദ്ദേഹവും ഞാനുമൊരുമിച്ചു് ആ കെട്ടിടം മുഴുവൻ നോക്കിക്കണ്ടു. രാജകീയപാരമ്പര്യത്തിൽനിന്നു പൊന്തിയ ഒരു പഴയ കെട്ടിടമാണതു്. ഏതാണ്ടൊരു കൊട്ടാരത്തിന്റെ മട്ടുണ്ടു്. പഴയ പഴയ ചിത്രങ്ങളും ശില്പവേലകളും വേണ്ടുവോളമുണ്ടതിൽ. കോർപ്പറേഷൻ കൗൺസിൽ കൂടാനുള്ള ഹാളിൽ കടന്നപ്പോൾ ഒരു നിയമസഭാഹാളിന്റെ പ്രതീതി തോന്നി. യൂറോപ്പിൽ സിററി കോർപ്പറേഷനെന്നു പറഞ്ഞാൽ മിക്കവാറും ഒരു ഗവർമ്മെണ്ടാണു്. ആ സ്ഥിതിക്കത്രയും ഉന്നസ്സു് അവിടെക്കണ്ടതിൽ അധികപ്പററായൊന്നുമില്ല. മി. പീറേഴ്സൺ അവിടെ നിന്നിറങ്ങിയതിനുശേഷം ശ്രീശ്രീയെയും എന്നെയും ഒരു ട്രെയിഡ്യൂണിയൻ നേതാവിനോടൊന്നിച്ചു കാറിൽ കയററി നഗരത്തിന്റെ പല ഭാഗങ്ങളും കാട്ടിത്തന്നു. കാറിൽ പോകുംവഴിക്കു സ്വീഡിഷ്‌രാജാവിന്റെ കൊട്ടാരത്തിനരികിലൂടെ കടന്നുപോയി. രാജധാനിയാണെന്നു മനസ്സിലായതു പീറേഴ്സൺ പറഞ്ഞപ്പോളാണു്. റോഡിന്റെ വക്കത്താണു് കൊട്ടാരം. പല വലിയ കെട്ടിടങ്ങളെയുംപോലെ ഉന്നതമെന്നല്ലാതെ ഒരു കൊട്ടാരത്തിന്റെ കെട്ടിക്കാട്ടലൊന്നും അതിനില്ല. നാലുപാടും ആയുധധാരികളായ കാവല്ക്കാരുണ്ടോ, അതുമില്ലവിടെ. രാജാവെന്നുവെച്ചാൽ ഭരണഘടനയുടെ നെറുകയിൽ നല്ലൊരു കിന്നരിത്തലപ്പാവെന്നേ വെച്ചിട്ടുള്ളു സ്വീഡി

നിൽ. കുറേ ചുററിയടിച്ചൊടുവിൽ ഞങ്ങളൊരു ട്രെയിഡ് യൂണിയൻ പ്രവർത്തകന്റെ വീട്ടിൽ കയറി. നല്ല നിലയാണവിടെ. ഒരു തൊഴിലാളിയുടെ വീട്ടിലാണെന്നു യാതൊരാൾക്കും തോന്നുകയില്ല, അവിടെയിരിക്കുമ്പോൾ. പരിഷ്കൃതജീവിതത്തിന്റെ എല്ലാ സൗകര്യങ്ങളും അയാൾക്ക് കൈവന്നിട്ടുണ്ടു്. ചോദിച്ചറിഞ്ഞപ്പോൾ എനിക്കു വളരെ സന്തോഷം തോന്നി. ജോലിയുള്ളവർക്കെല്ലാം നമ്മുടെ നാട്ടിലെ ഒരു എഴുനൂററമ്പതുകാരന്റെ അന്തസ്സിൽ കഴിയാം. ജോലിയില്ലാത്തവർക്കോ, അവർക്കും ജീവിക്കാനുള്ളതു കിട്ടും. പട്ടിണി—ദാദ്ര്യം താണ നിലവാരം യാതൊരാൾക്കുമില്ല. നാട്ടിൻപുറങ്ങളിൽ പട്ടണത്തിലേതോളം ഉയർന്നതല്ല ജീവിതത്തോതു്. അവിടെനിന്നിറങ്ങിയതിനുശേഷം പീറേറഴ്സന്റെ ഫ്ലാററിലും പോയി. കററസ്ലാണു് താമസയാൾ. നല്ല രസികനാണു്. സംഗീതസാഹിത്യങ്ങളിൽ കൗതുകമാണയാൾക്കു്. നല്ലതുപോലെ ഇംഗ്ലീഷറിയാവുന്നതുകൊണ്ടു ധാരാളം ഇംഗ്ലീഷുപുസ്തകങ്ങളും അയാൾ ശേഖരിച്ചുവെച്ചിട്ടുണ്ടു്. സാഹിത്യപരമായി കുറെ സംസാരിച്ചതിനിടയിൽ അയാളെനിക്കു വിസ്കിക്കു പകരം സ്വീഡനിൽ പ്രചാരമുള്ള എന്തോ ഒന്നു കുടിക്കാൻ തന്നു. നല്ല ലഹരിയുണ്ടതിനു്. ഞാനപ്പോൾ ചോദിച്ചു, സ്വീഡനിൽ മാദകപാനീയങ്ങൾക്കുള്ള നിലയെപ്പററി. റേഷനിങ്ങുണ്ടവിടെ. ഓരോ വീട്ടുകാരനും നമ്മുടെ റേഷൻകാർഡുപോലെ എന്നു വെച്ചോളൂ, ഒരു പാസ്ബുക്കുണ്ടു്. മാസത്തിൽ ഇത്രവീതമേ വാങ്ങാവൂ.

എന്നതിൽ രേഖപ്പെടുത്തിയിരിക്കും. മാസം തീരും മുമ്പ ത്രയും വാങ്ങിക്കഴിഞ്ഞാൽ അടുത്ത മാസത്തിലേ പിന്നെ കിട്ടൂ. ഈ നിയന്ത്രണം കാര്യക്ഷമമായി നടക്കുന്നുണ്ടെ ന്നാണു് പീറ്റേഴ്സൺ പറഞ്ഞതു്. പ്രൊഹിബിഷൻ —അതൊരു ചമ്പാപിസ്ഥിത്തമാണെന്നാണു് അയാളു ടെ അഭിപ്രായം. തീരെ നിരോധിച്ചാൽ അവരവർക്കു വേ ണ്ട മാദകപാനീയങ്ങൾ ഓരോ വീട്ടുകാരും സ്വയം വാ റ്റിയുണ്ടാക്കും. ഓരോ വീട്ടിലും കയറി റെയ്ഡ് ചെയ്യു ക—അത്രുവരെയായാൽ പിന്നെന്തു വ്യക്തിസ്വാതന്ത്ര്യ മാണെന്നു പീറ്റേഴ്സൺ ചോദിച്ചതു് എനിക്കും ചി ന്താവിഷയമായി.

പീറ്റേഴ്സണും ഒരുമിച്ചു പോയി ഞങ്ങൾ ഒരു പ ത്രാധിപരെക്കണ്ടു. അമേരിക്കൻ സഹ്സിദ്ധിയും വാങ്ങി സ്വീഡിഷ്ഭാഷയിൽ നടത്തുന്നൊരു പത്രമാണു് അ യാളുടേതു്! വല്ലാത്ത പ്രൗഢിയാണു് അയാളുടെ ഓഫീ സിൽ: സമാധാനസമ്മേളനത്തിനെത്തിയ ഇൻഡ്യ ക്കാരെപ്പറ്റി ആ പത്രത്തിലെന്തോ എഴുതിയിരുന്നതു കൊണ്ടാണു് ഞങ്ങളയാളെ കാണാൻ പോയതു്. കാര്യ മായി സ്വീകരിച്ചു, ഞങ്ങളെ. ഇംഗ്ലീഷറിയാം അയാൾ ക്കു്. സംസാരിച്ചു കുറെയായപ്പോൾ അയാളുടെ കള്ളി വെളിച്ചത്തായി. അമേരിക്കനേജൻറാണെന്നു് ഓരോ വാക്കിലും തെളിഞ്ഞു. ഇൻഡ്യക്കാരായ ഞങ്ങൾ സ മാധാനവാദികളായിപ്പോയതു് അയാൾക്കൊട്ടും പിടി ച്ചില്ല. സ്റ്റോക്ക്ഹോമിൽനിന്നു സോവിയററ് യൂനിയ നിലേയ്ക്കാണു് പോകുന്നതെന്നു കേട്ടപ്പോൾ അയാൾ

ചാടിയെണീറ്റു പറഞ്ഞു, "Well, the standard of living there is hopelessly poor" എന്നു്. അയാൾ സോവിയറ്റ് യൂണിയനിൽ പോയിട്ടുണ്ടോ എന്നു ഞാനപ്പോൾ കടന്നു ചോദിച്ചു. അതിനുള്ള ഉത്തരം "No I have got reliable reports" എന്നായിരുന്നു. "Probably from America" എന്നു പറഞ്ഞു ഞങ്ങളെണീറ്റു. "You are all followers of Nehru" എന്നാണു് അതിനു കിട്ടിയ മറുപടി. ഏതായാലും ഇനിയത്തെ ആഴ്ചയിൽ അയാൾ പറഞ്ഞതു ശരിയോ തെറ്റോ എന്നു നേരിട്ടു കണ്ടു മനസ്സിലാക്കാമല്ലോ എന്നുള്ള ആശ്വാസത്തോടുകൂടി ഞങ്ങൾ യാത്രപറഞ്ഞിറങ്ങി.

ഇന്നത്തെ പരിപാടി സ്റ്റോക്ക്ഹോമിലുള്ള ഇൻഡ്യൻപ്രതിനിധി മി: നമ്പ്യാരെ കാണുകയായിരുന്നു. ഡെയിഡ്⁰ ഗ്രെസൻറ്റീവാണു് അദ്ദേഹം. നല്ല മനുഷ്യൻ. വിരുദ്ധൻരാഷ്ട്രീയമൊന്നുമില്ല അദ്ദേഹത്തിന്. ഞങ്ങൾക്കൊരു ചായസൽക്കാരം നല്കി അദ്ദേഹം. ഞങ്ങൾക്ക സോവിയറ്റ്‌യൂണിയൻ സന്ദർശിക്കുവാൻ അവസരം കിട്ടിയതിൽ സന്തോഷിച്ചുതെയുള്ളു മി: നമ്പ്യാർ. ഇന്നിന്നതെല്ലാം വിശേഷിച്ചും നോക്കിക്കാണണമെന്നു് അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ടു്.

നാളെ സ്റ്റോക്ക്ഹോം വിട്ടാൽ മോസ്കോവിൽ ചെന്നേ എഴുതാനൊക്കൂ. പല കാര്യങ്ങളെക്കുറിച്ചും എഴുതാനുണ്ടാകും. പത്തിരുപതു ദിവസത്തെയ്ക്കുണ്ടു് പ്രോഗ്രാം. അതൊക്കെ ഞാൻ വിസ്തരിച്ചെഴുതിക്കൊള്ളാം.

സ്വന്തം മുണ്ടശ്ശേരി.

നാഷണൽ ഹോട്ടൽ
മോസ്കോ,
2—12—54.

പ്രിയപ്പെട്ട ആന്റണി,

സ്റ്റോക്‌ഹോമിൽനിന്നു എസ്സ്. എ. എസ്സ്. വിമാനത്തിൽത്തന്നെയാണു് പുറപ്പെട്ടതു്. ഫിൻലണ്ടിന്റെ തലസ്ഥാനമായ ഹെൽസിങ്കിയിൽ എത്തിയതിനുശേഷം ആ സർവ്വീസ് വിട്ടു. ഞങ്ങളോടൊന്നിച്ചു മോസ്കോസമാധാനക്കമ്മിററിയുടെ പ്രതിനിധിയായി ഒരാളുണ്ടായിരുന്നു—ഇംഗ്ലീഷറിയാവുന്ന നല്ലൊരു ചെറുപ്പക്കാരൻ. മോസ്കോവിൽ വിദ്യാർത്ഥിയാണയാൾ. ഞങ്ങൾക്കു യാത്രാസൗകര്യങ്ങളെല്ലാം ചെയ്തുതന്നതയാളാണു്. സ്വന്തം വീട്ടുകാരെക്കാൾ വാത്സല്യത്തോടുകൂടിയാണു് ആ ചെറുപ്പക്കാരൻ ഞങ്ങളോടു പെരുമാറിയതു്. ഹെൽസിങ്കിയിൽ ഏതാനും മണിക്കൂർ താമസിക്കേണ്ടിവന്നു. തണുപ്പിന്റെ പരമാവധിവരെ എത്തിപ്പോയെന്നു തോന്നി, അവിടെവെച്ചു്. എയർ കണ്ടി

ഷെൻഡ് റൂമിൽനിന്നു കാലെടുത്തു പുറത്തുവെച്ചാലു ണ്ടല്ലോ, തീയിനെക്കാളുഗ്രമായി തണുപ്പങ്ങനെ ചീറി കയറും. അസ്ഥികളിൽപ്പോലും എന്തോ നീറിപ്പി ടിച്ചപോലെ തോന്നി. ഹെൽസിങ്കി, കാണാൻ കൗ തുകമുള്ളൊരു പട്ടണമാണ്. ഫിന്നിഷ്ശില്പകലയ്ക്കു വിശേഷിച്ചൊരു കമനീയതയുണ്ട്. ഞങ്ങൾ പുറത്തി റങ്ങി അങ്ങോട്ടുമിങ്ങോട്ടുമൊന്നു തിരിഞ്ഞതേയുള്ളൂ. മോ സ്കോവിമാനം വന്നിട്ടുവേണ്ടിയിരുന്നു, യാത്ര തുടരാൻ. ഫിന്നിഷ്‌വിമാനത്താവളംവരെ സോവിയററ്സർവ്വീസു ണ്ട്. എയറോഡ്രോമിലെ കാത്തിരിപ്പിനിടയിൽ ചി ല ഫിന്നിഷ്പൗരന്മാരുമായി സംസാരിക്കാനവസരം കിട്ടി. മുറിയിംഗ്ലീഷേ ദ്വിഭാഷിക്കുണ്ടായിരുന്നുള്ളൂ. എ ന്നാലും ചിലതൊക്കെ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞു. സോവിയററ്ജനതയുമായി കുറെ മമതയിലാണവർ. സോഷ്യലിസ്റ്റല്ല, ഫിന്നിഷ്‌സാമ്പത്തികനീതി. പക്ഷേ സഹകരണപ്രസ്ഥാനത്തിലൂടെ ഫിന്നിഷ്ജനത ഏതാ ണ്ടതിനോടടുത്തിട്ടുണ്ട്. കുറെ നേരമിരുന്നു സംസാരി ച്ചപ്പോഴേയ്ക്കും ഞങ്ങൾക്കുള്ള പ്ലെയിൻ വന്നു. സോവി യററ്പാസഞ്ചർപ്ലെയിൻ പുറമേ അത്ര മോടിയുള്ളത ല്ല. അകത്തോ? യാതൊരൗദ്യോഗികസ്വഭാവവുമില്ല. മററു വിമാനങ്ങളിലുള്ള സൗകര്യമെല്ലാമുണ്ടുതാനും. ക യറിയിരുന്നാൽ ഉടനെ ബൽററിട്ടു വടിപോലിരിക്ക ണം, സിഗററു വലിക്കരുതു്, അങ്ങോട്ടുമിങ്ങോട്ടും നട ക്കരുതു്, ഹോസ്റ്റസ് കൊണ്ടുവന്നു തരുന്നതേ തിന്നാവൂ എന്നൊന്നുമില്ല. യാത്രക്കാർക്കു വളരെ സ്വാതന്ത്ര്യമായി

പെരുമാറാമതിനകത്തു്. നല്ലൊരു ബസ്സിൽ കയറി പ്പോകുന്ന മട്ടേയുള്ളൂ. പക്ഷേ ഒരു കാര്യത്തിൽ മറ്റേ തൊരു സർവ്വീസിനെയും അതിശയിക്കുന്നു, സോവിയററ് സർവ്വീസ്. യാത്രയിൽ അപകടം—അതൊട്ടുമുണ്ടാകാതിരിക്കണമെന്നു നിർബ്ബന്ധമാണു് സോവിയററ്യൂണി യനിൽ. എൻജിൻ അങ്ങേയററം പരിശോധിച്ച വിശ്വാസപ്പെട്ടേ സർവ്വീസാരംഭിക്കുകയുള്ളൂ. പൈലററുകളാണെങ്കിൽ ഇൻഡ്യയിലേതുപോലെ രസികക്കുട്ടപ്പന്മാരല്ല, നല്ലതുപോലെ പഠിച്ചുറച്ച തഴക്കംവന്ന വിദഗ്ദ്ധന്മാരാണു്. വളരെ ഉയരത്തിൽ ഏററവും വേഗത്തിൽ പറപ്പിക്കുമവർ. എന്നാൽ ആപത്തിനെപ്പററി ലേശം പോലും ശങ്ക വേണ്ടാ. 47-നുശേഷം ഇൗയിടത്തെ ഒരൊററ അപകടമേ ഉണ്ടായിട്ടുള്ളൂ. മറുരാജ്യപ്രതിനിധികളെ കൊണ്ടുപോകുന്ന വിമാനത്തിൻെറ കാര്യത്തിൽ കണക്കിലേറെ നിഷ്കർഷിക്കും, സോവിയററ് വൈമാനികർ.

ഉച്ച കഴിഞ്ഞു ഹെൽസിങ്കിയിൽനിന്നു തിരിച്ചു് ഇടയ്ക്കു ലെനിൻഗ്രാഡിലിറങ്ങി. എന്നുവെച്ചാൽ സോവിയററ്യൂണിയനിലേയ്ക്കു കടന്നുവെന്നത്ഥം. റഷ്യയ്ക്കു യൂറോപ്യൻഭൂഖണ്ഡത്തിലേയ്ക്കുള്ള ജനലാണു് ലെനിൻ ഗ്രാഡ് എന്നോക്കണം. അവിടെ വിമാനത്താവളത്തിൽ അല്പം വിശ്രമിക്കുകയേ ഉണ്ടായുള്ളൂ. റഷ്യൻഭക്ഷണം ഒന്നാമതായി കിട്ടിയതവിടെവെച്ചാണു്. ലെനിൻഗ്രാഡിൽ താമസിക്കാതെ ഞങ്ങൾ നേരിട്ടു മോസ്കോവിലേയ്ക്കു പോന്നു. രാത്രിയായി ഇവിടെയെത്തിയപ്പോൾ.

വിമാനത്താവളത്തിൽ ഞങ്ങളെ സ്വീകരിക്കാൻ മോസ്കോസമാധാനക്കമ്മിററിപ്രതിനിധികൾ വന്നിരുന്നു. അവരൊന്നിച്ചു കാറിൽ പോന്നപ്പോൾ വിദ്യുത്പ്രഭാപൂരിതമായ നഗരത്തിന്റെ ആകപ്പാടെയുള്ള രാമണീയകം ഞങ്ങൾക്കേറെക്കുറെ അനുഭവപ്പെട്ടു. റെഡ്സ്ക്വയറിൽ വന്നു തിരിഞ്ഞു ഞങ്ങളിറങ്ങിയതു നാഷനൽ ഹോട്ടലിന്റെ വാതില്ക്കലാണു്. ഈ ഹോട്ടലിൽ ഞങ്ങൾക്കു താമസിക്കാൻ കാലേക്കൂട്ടി മുറികൾ ഒഴിച്ചിട്ടിരുന്നു. നാഷണൽഹോട്ടൽ റഷ്യൻചരിത്രത്തിൽ വളരെ വിളിപ്പെട്ട ഒന്നാണു്. സാർചക്രവത്തിമാർ വാണിരുന്ന കാലത്തു് അവരെ മുഖം കാണിക്കാൻ എത്തിയിരുന്ന വലിയ വലിയ ആളുകൾക്കു താമസിക്കാനുണ്ടാക്കിയതാണീ ഹോട്ടൽ. ലണ്ടനിലെ ഒരു ഇംപീരിയൽഹോട്ടലിനെക്കുറിച്ചു പറഞ്ഞിരുന്നതോർക്കുന്നില്ലേ? ഏതാണ്ടാ മട്ടാണു് ഈ ഹോട്ടലിൽ. രാജകീയമായ അന്തസ്സുണ്ടു്, ഓരോ സ്യൂട്ടിനും(Suit) വെൽവെററുകൊണ്ടൊരു കളിയാണു് നോക്കുന്നിടത്തൊക്കെ. ഫർണിച്ചർ ഏററവും വിലപിടിച്ചതാണു്. ഒന്നു മറെറാന്നുപോലെയല്ല. ഓരോന്നിനും ഓരോ വിശേഷ ഡിസൈനുണ്ടു്. ഈ ഹോട്ടലിൽത്തന്നെയാണു്, വിപ്ലവത്തിനുശേഷം ഭരണകേന്ദ്രം മോസ്കോവിലേക്കു മാററിയപ്പോൾ ലെനിൻ താമസിച്ചതു്. ഏതാനും മാസമുണ്ടായി ഇവിടെ താമസം. ഭരണകാര്യങ്ങൾക്കും താമസത്തിനുമായി ഒരൊററ സ്യൂട്ട അദ്ദേഹമുപയോഗിച്ചുള്ളു. മോസ്കോവിൽ വന്നിട്ട നാഷണൽഹോട്ടലിൽ താമസിക്കുവാൻ സംഗതിയായതിൽ ഞാനഭിമാനംകൊള്ളുകയാണു്.

ഉറങ്ങിയെണീറ്റപ്പോൾ മണി എട്ടോ ഒമ്പതോ ആയി. യാത്രാക്ഷീണംകൊണ്ടു കുറെ വൈകിപ്പോയി എണീക്കാൻ. പക്ഷെ പുറത്തേയ്ക്കു നോക്കിയപ്പോൾ നേരം പുലർന്നതായിത്തോന്നിയില്ല. ഇലക്ട്രിക്‌വിളക്കുകൾ അപ്പോഴും വഴിനീളെ പ്രകാശിച്ചിരുന്നു. ഇതെന്തു കഥ എന്നുവെച്ചു ഞാൻ മുറിയിൽനിന്നു കീഴ്പോട്ടു നോക്കി. കാറും ബസ്സുമങ്ങനെ തിരുതകൃതിയായിപ്പോവുന്നതു കാണായി. പകലോ രാത്രിയോ? ഏതെന്ന് എനിക്കു തീരുമാനപ്പെട്ടില്ല. അപ്പോഴെയ്ക്കുമാണ് ഡൈനിങ്ഹാളിൽനിന്നു ഞങ്ങളുടെ ആതിഥ്യകാരി എന്നെ ഫോണിൽ വിളിച്ചതു്. രാവിലത്തെ ഭക്ഷണത്തിന്റെ സമയം കഴിഞ്ഞിരുന്നു. ഓ, ഉടൻ ഞാൻ തീരുമാനിച്ചു; പകലായെന്നു്. ഇറങ്ങി ഡൈനിങ്ഹാളിൽ പോയിനിന്നു സംസാരിച്ചതിനിടയ്ക്കു് എന്റെ സംശയത്തിനു പൂർണ്ണനിവാരണമുണ്ടായി. യൂറോപ്യൻറഷ്യയിൽ വർഷകാലം തുടങ്ങിക്കഴിഞ്ഞിരിക്കുകയാണു്. ഏതാണ്ടുച്ചയോടുകൂടിമാത്രമേ സൂര്യനെക്കാണൂ. അതേവരെ നഗരത്തിൽ അകത്തും പുറത്തും വിളക്കുണ്ടാവും.

ഭക്ഷണം കഴിഞ്ഞിറങ്ങി ഞങ്ങളാദ്യമായി നഗരമൊന്നു ചുറ്റിക്കണ്ടു. മോസ്കോനദിയുടെ തീരത്താണു് നഗരം സ്ഥിതിചെയ്യുന്നതു് മറുകരയിൽ നിന്നു നോക്കിയാൽ ക്രെംലിന്റെ മതില്ക്കെട്ടും കൊട്ടാരങ്ങളും അവയോടനുബന്ധിച്ചു പൊന്നുംതാഴികക്കുടങ്ങളുയർത്തി നില്ക്കുന്ന കത്തീഡ്രൽപ്പള്ളികളുമൊക്കെപ്പാടെ വലിയൊരു കാഴ്ചയാണു്. ഇവിടെ ഈ ഹോട്ടലിലിരുന്നാൽത്തന്നെ

കാണാം, അതൊക്കെ. മുഴുവൻ പ്രൗഢിയും കണ്ണിൽ പതിയണമെങ്കിൽ നോട്ടം നദീതീരത്തു നിന്നുകൊണ്ടായിരിക്കണം. ഡൽഹിയിൽ യമുനയുടെ തീരത്തുള്ള റെഡ്ഫോർട്ടിൻെറയും മുഗൾകൊട്ടാരങ്ങളുടെയും പ്രതീതിയുളവാക്കും, ക്രെംലിൻ. ഞങ്ങൾ പിന്നെയും നഗരത്തിൽ ചുററിയടിച്ചു. നല്ല വീതിയുള്ളവയാണ് റോഡുകൾ. വീതികുറഞ്ഞ പഴയ റോഡുകൾ മിക്കതും വിസ്താരപ്പെടുത്തിയിട്ടുണ്ട്. ഇന്നും ആ പണി നടക്കുകയാണ്. പഴയ പട്ടണമാവുമ്പോൾ ഇടുങ്ങിയ വഴികൾ ധാരാളം ഉണ്ടാവുമല്ലോ. വഴി വിസ്താരപ്പെടുത്തുന്ന കൂട്ടത്തിൽ വലിയ വലിയ കെട്ടിടങ്ങൾ അപ്പാടെ നിരക്കി നീക്കി മാററി പ്രതിഷ്ഠിക്കുന്ന ഏർപ്പാടുണ്ടവിടെ. ഒരു ആസ്പത്രി അങ്ങനെ മാററിക്കൊണ്ടിരുന്ന സമയത്ത് ഓപ്പറേഷൻ നടന്നിരുന്നുവെന്നു പറയപ്പെടുന്നു. വിസ്താരപ്പെടുത്തിയ വഴികൾ കൂടിച്ചേരുന്ന കവലകൾക്ക വിപ്ലവത്തോടു ബന്ധപ്പെട്ട പേരുകളാണിട്ടിട്ടുള്ളത്—റവല്യൂഷൻ സ്ക്വയർ എന്നും മററും. റോട്ടിൻപേരുകൾ കവികളുടേതും മററുമാണ്. ഗോർക്കി സ്ട്രീററ്—അതാണൊരു പ്രധാനവീഥി. റെഡ്സ്ക്വയറാണ് ഏററവും പ്രസിദ്ധം. ക്രെംലിൻെറ മതിൽക്കെട്ടിനുപുറമെ രണ്ടററത്തായുള്ള രണ്ടു ക്കൻകൊട്ടാരങ്ങൾക്കിടയിൽ നീണ്ടുനിവന്നങ്ങനെ കിടക്കുന്നതാണ് റെഡ്സ്ക്വയർ. അതിൻെറ നടുവിൽ മതിൽക്കെട്ടോടു തൊട്ടാണ് ലെനിനും സ്റ്റാലിനും മരിച്ചിട്ടും മരിക്കാതെ കിടക്കുന്ന മൊസോളിയം. അതിലേക്കു കടക്കാനുള്ള വാതിലിൻമീതെ നല്ലൊരു പ്ലാററ്ഫോറമാ

ണ്—നേതാക്കന്മാക്ക് കയറിനിന്നു ജനങ്ങളെ അഭിസംബോധനംചെയ്യാനുള്ള പ്ലാററ്ഫോറം. റെഡ്സ്ക്വയറെന്നു പറഞ്ഞാൽ റഷ്യക്കാക്ക് നാം വിവക്ഷിക്കുന്ന അത്ഥമല്ലത്രേ. 'റെഡ്' എന്നുവെച്ചാൽ മോഹനം, കമനീയം എന്നൊക്കെയാണ് അവക്കത്ഥം.

കാറിൽ യാത്രചെയ്ത് ഒടുവിൽ ഞങ്ങൾ ഭൂഗഭത്തിലൂടെ പോകുന്ന റെയിൽവെയിലെത്തി. ലണ്ടനിലും കണ്ടിട്ടുണ്ട് അങ്ങനെയൊന്ന്. പക്ഷേ ഇവിടത്തേത് അതിലും വിശേഷപ്പെട്ടതാണ്. റഷ്യക്കാരെന്തു ചെയ്യുമ്പോഴും പരമാവധി ഫലംവരെ ഉന്നിയിട്ടുണ്ടാവും. മെട്രോ എന്നാണ് പറയുക, മോസ്കോ അണ്ടർഗ്രൗണ്ട് റെയിൽവേയ്ക്ക്. ആകെ 41 ആണ് സ്റ്റേഷൻ. ഒരു തവണ ചുററിയാൽ നഗരത്തിൻെറ എല്ലാ ഭാഗങ്ങളിലുമെത്തും. സ്റ്റേഷനിൽ പോയി നിന്നാൽ ഭൂഗഭത്തിലാണെന്നൊരു പ്രതീതിയേ ഉണ്ടാവില്ല. അത്ര വിശേഷപ്പെട്ട രീതിയിൽ പണിചെയ്തിട്ടുണ്ട്, ഓരോ പ്ലാററ്ഫോറവും. പ്ലാററ്ഫോറത്തിലേയ്ക്കിറങ്ങുംമുമ്പു മേൽത്തട്ടിൽവെച്ചുതന്നെ ടിക്കററു വാങ്ങണം. കലമേനി ഒരു ദിവസത്തിൽ 25 ലക്ഷമാളുകൾ മെട്രോവഴി യാത്രചെയ്യുന്നുണ്ട്. എല്ലാ ഒന്നരമിനിട്ടിനുമുണ്ട്, ട്രെയിൻ. യാത്രക്കാക്ക് പ്ലാററ്ഫോമിൽ സാരമായി വിശ്രമിക്കേണ്ടിവരില്ല. സ്റ്റേഷനും ട്രെയിനുമെന്നല്ല, റെയിൽവേലയിൽ മുഴുവൻ എയർകണ്ടിഷൻഡ് ആണ്. വണ്ടിയിൽ വൃദ്ധജനങ്ങൾക്കും കുട്ടികൾക്കും പ്രത്യേകിച്ചിടം ഒഴിച്ചിട്ടിട്ടുണ്ട്. സ്ത്രീക്കും പുരുഷനും വെവ്വേറെ കമ്പാർട്ടുമെൻറില്ല. യാത്ര




**റെഡ്സ്ക്വയർ**

ഒരററത്തു പള്ളി. ചവിട്ടുപടികൾ ഉള്ള ഭാഗത്തു നടുവിൽ മൊസോളിയം. അതിനോടു തൊട്ടുള്ളതു ക്രംലിൻ.



ഭൂഗർഭറെയിൽവേയിലെ ഒരു സ്റ്റേഷൻ

ക്കാർതമ്മിലുള്ള പെരുമാററം വളരെ സൗഹാർദ്ദപരമാണു്. ഇൻഡ്യക്കാരായ ഞങ്ങളോടു വളരെ ആദരവായിരുന്നു അവക്കു്. പക്ഷേ ഇതൊന്നുമല്ല, മെട്രോവിനെപ്പററി അറിയാനുള്ളതു്. ഓരോ മെട്രോസ്റ്റേഷനും ഓരോ കലാക്ഷേത്രമാണു്. ഓരോ റിപ്പബ്ലിക്കിലെയും കലാപാരമ്പര്യമനുസരിച്ചാണു് ഓരോന്നിൻെറയും നിമ്മാണം. സോവിയററ് യൂണിയനെ ഇന്നത്തെ പതനത്തിലെത്തിച്ച ആ മഹത്തായ ചരിത്രത്തിലെ അതിപ്രധാന സന്ദർഭങ്ങഠം ഓരോന്നോരോന്നായി അങ്ങനെ ഏണാം സ്റ്റേഷനുകളിൽ. അധികവും വിശേഷപ്പെട്ട ചിത്രങ്ങളായിട്ടാണു്. തട്ടിലും ചുമരിലുമുണ്ടു് ചിത്രങ്ങഠം. ഏററവും സ്മരണീയങ്ങളായ സന്ദർഭങ്ങഠം കൊത്തുപണികളായിട്ടാണു്. ഏതാണ്ടൊഠംപ്പൊക്കത്തിൽത്തന്നെ കഥാപാത്രങ്ങളെകാണാം. മററൊരുവിധത്തിൽ പറഞ്ഞാൽ, ഓരോ നാടകരംഗം കൺമുമ്പിൽ നില്ക്കുന്നു എന്നങ്ങു തോന്നിപ്പോകും. തൊഴിലാളികളും കൃഷിക്കാരും നേതാക്കന്മാരും നടത്തിയ അവിസ്മരണീയങ്ങളായ സമരങ്ങഠം കണ്ടുകണ്ടങ്ങനെ പോവുമ്പോഠം ആക്കായാലും ഒരു കോരിത്തരിപ്പുണ്ടാകും. ആയിരം പ്രസംഗം ചെയ്താൽ സാധിക്കാവുന്നതിലുമധികം ചരിത്രപാഠം ആ വെറുംസ്റ്റേഷനുകഠം നിവ്വഹിക്കുന്നുണ്ടു്. രാജ്യത്തിൻെറ നാനാഭാഗത്തു നിന്നും വരുന്ന യാത്രക്കാർ, വിശേഷിച്ച ചെറുപ്പക്കാർ, ഓരോ പ്ലാററ്ഫോറത്തിലേയ്ക്കും വന്നാൽ ആദ്യം വരുന്ന ട്രെയിനിൽ കയറുകയില്ല. എന്തു തിരക്കുണ്ടായാലും കുറച്ചിട അവിടെ നിന്നു നോക്കും. ഞങ്ങഠം എട്ടൊമ്പതു സ്റ്റേ

ഷൻ വളരെ വിസ്തരിച്ചു നോക്കിക്കണ്ടു. റഷ്യൻജനതയുടെ സ്വാതന്ത്ര്യസമരത്തെയും ഉക്രേനിയൻജനതയുടെ ചരിത്രത്തെയും സോവിയററ്യൂണിയനിലെ നിർമ്മാണ പരിപാടികളെയും യു. എസ്. എസ്. ആറിലുള്ള ഭിന്ന ജനസമുദായങ്ങളുടെ സൗഹാർദ്ദത്തെയും ഉദാഹരിക്കുന്ന സ്റ്റേഷനുകൾ ഏററവും ആകർഷകങ്ങളായിത്തോന്നി. സ്റ്റേഷൻപേരുകളും ചരിത്രത്തിലേയ്ക്കുള്ള വഴികാട്ടികളാണു്. പൊതുവേ പറയട്ടെ, മോസ്കോമെട്രോസ്റ്റേഷനുകൾ സോവിയററ്കലയുടെ വൈജയന്തികളാണു്.

ഞങ്ങൾ ഇതിനകം കണ്ട അത്യസാധാരണമായൊരു പ്രദർശനമുണ്ടു്—പെർമനൻറ് അഗ്രിക്കൾച്ചറൽ എക്സിബിഷൻ (സ്ഥിരം കാർഷികപ്രദർശനം.) വളരെ വിസ്തരിച്ചെഴുതാനുണ്ടതിനെപ്പററി. തപാൽ പോകാനുള്ള സമയമായതിനാൽ ഈ കത്തു് ഇവിടെ നിറുത്തുകയാണു്.

സ്വന്തം മുണ്ടശ്ശേരി.

നാഷണൽ ഹോട്ടൽ,
മോസ്ക്കോ,
4—12—'54.

പ്രിയപ്പെട്ട ആൻറണി,

മോസ്കോവിലുള്ള നമ്മുടെ അമ്പാസിഡർ മി: കെ. പി. എസ്സ്. മേനോനാണെന്നറിയാമല്ലോ. എനിക്കദ്ദേഹത്തെ നേരിട്ടറിയാമായിരുന്നില്ല. കേട്ടിട്ടുണ്ടദ്ദേഹത്തെപ്പററി, അത്രമാത്രം. ഇവിടെ എത്തി വളരെ താമസിയാതെ അദ്ദേഹത്തെ പോയിക്കാണുകയുണ്ടായി. ഹോട്ടലിൽനിന്നു ഫോണിൽ വിളിച്ചപ്പോഴുംതന്നെ വളരെ സൗമനസ്യത്തോടുകൂടിയാണു് അദ്ദേഹം സംസാരിച്ചതു്. എമ്പസിയിൽ ചെന്നപ്പോഴും ആ സൗമനസ്യം കറെക്കൂടി വ്യക്തമായി. മി: മേനോനെൻറ അന്തരിക്ഷത്തിൽ കടന്നിട്ടേ യൂറോപ്പിൽ പോയതിനുശേഷം മലയാളം സംസാരിക്കുവാൻ കഴിഞ്ഞുള്ളൂ. സ്റ്റോക്ഹോമിൽവെച്ചു മി: നമ്പ്യാരെക്കണ്ടപ്പോഴും കന്നോങ്ങി മല

യാളം പറയാൻ. പക്ഷെ മലയാളമറിയാത്ത മററുള്ള വരോടൊന്നിച്ചായിരുന്നതിനാൽ അതിന്നു വേണ്ടത്ര സൗകര്യം കിട്ടിയില്ല. യാത്രപറഞ്ഞിറങ്ങിയപ്പോൾ ഒന്നോ രണ്ടോ വാക്ക മലയാളത്തിലുണ്ടായോ എന്നു സംശയം. മി: മേനോൻ കയറിച്ചെന്നപ്പോൾത്തൊട്ട് എന്നോട മലയാളത്തിലേ സംസാരിച്ചുള്ളൂ. ഇംഗ്ലീഷ് എല്ലാവരും ഒന്നിച്ചിരുന്നു സംസാരിച്ച രംഗത്തുമാത്രമായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയും അരിവെപ്പുകാരനും പോരാ, എംബസി ആഫീസിലുള്ള ഇടപ്പള്ളിക്കാരൻ മി: പിള്ളയുമായി മലയാളം സംസാരിച്ചെന്റെ കൊതി തീൎന്നു. അവനവന്റെ ഭാഷയിൽ സംസാരിക്കുമ്പോഴുള്ള തൃപ്തി ഒന്നു വേറെയാണ്, കേട്ടോ.

മി: മേനോൻ ഞങ്ങൾക്ക നല്കിയ സൽകാരവും ഏറെക്കുറെ മലയാളിമട്ടിലുള്ളതായിരുന്നു. സംസാരിച്ചിരുന്ന കൂട്ടത്തിൽ സോവിയററ്‌യൂനിയനിലെ പുരോഗതിയെക്കുറിച്ച പലതും മനസ്സിലായി ഞങ്ങൾക്ക്. ആ ഇടപ്പള്ളിക്കാരൻ പിള്ള കാര്യങ്ങൾ തുറന്നു പറഞ്ഞു അദ്ദേഹം ചങ്ങമ്പുഴയുടെ സ്നേഹിതനായിരുന്നു. നമ്മുടെ നാട്ടിലും അടിയന്തിരമായി വരേണ്ട മാററങ്ങളെക്കുറിച്ച് ഏതാണ്ടൊരു ധാരണയുള്ള ആളാണദ്ദേഹം. ആളുകൾക്ക തൊഴിലുണ്ട്, നല്ലപോലെ ഉണ്ണാം, അന്തസ്സായി ജീവിക്കാം, പിന്നെ എങ്ങനെയാണ് ഇവിടത്തുകാർ കമ്മ്യൂണിസ്റ്റ്ഭരണത്തെ എതിൎക്കുക?—മി: പിള്ളയിൽനിന്ന് ഒടുവിൽ കേട്ടതിപ്രകാരമാണ്. വളരെ അൎത്ഥവത്താണ് ആ വാക്കുകൾ. മി: മേനോന്റെ സം

സാരത്തിലും ഒട്ടൊക്കെ ഈ അഭിപ്രായം ധ്വനിച്ചിരു ന്നു. സോവിയററ്യൂണിയനിൽ തീച്ചയായും കാണേ ണ്ട ഇനങ്ങളെക്കുറിച്ച മി: മേനോൻ സൂചിപ്പിക്കുകയു ണ്ടായി. മിക്കവാറും അവയെല്ലാംതന്നെ ഞങ്ങളെ സ്വീകരിച്ച സന്ദശ്നപരിപാടി പ്ലാൻചെയ്ത മോസ്കോ സമാധാനക്കമ്മിററിതന്നെ നിദ്ദേശിച്ചിരുന്നു. ഓ, ഒരു കാര്യം മുൻകത്തിൽ തന്നെ പറയേണ്ടതായിരുന്നു. ഏ തായാലും സന്ദഭം വന്ന സ്ഥിതിക്ക് ഇവിടെവെച്ചായിക്ക ളയാം അതു്. സമാധാനക്കമ്മിററിയെക്കുറിച്ച പറഞ്ഞു വല്ലോ. മോസ്കോവിൽ വന്നിറങ്ങിയതിൻെറ പിറേറ ദിവസം ആ കമ്മിററിക്കാർ ഞങ്ങളെ ഔപചാരികമാ യി സ്വീകരിച്ച് എത്രനാൾ താമസിക്കാൻ ഉദ്ദേശിക്കു ന്നുണ്ടെന്നും എന്തെല്ലാം കാണണമെന്നുണ്ടെന്നും ഞങ്ങ ളോട് ആരായുകയുണ്ടായി. മുൻകൂട്ടി കരുതിയിരുന്ന ചിലതുമാത്രം പറയാനേ ഞങ്ങൾക്കു കഴിഞ്ഞുള്ളു. അ തെല്ലാം കാട്ടിത്തരാനവർ സമ്മതിച്ചു. കൂടുതലായി ചില ഇനങ്ങൾ അവർ നിദ്ദേശിക്കുകയും ചെയ്തു. ഇവി ടെ വരുന്ന സന്ദശ്കരെയെല്ലാം ഒരു സക്കാർപരിപാടി യനുസരിച്ചാട്ടിത്തെളിച്ചുകൊണ്ടുപോവുകയാണു് എന്നു ള്ള ആരോപണത്തിന്നൊരടിസ്ഥാനവുമില്ല. അതിഥി കൾക്കാവശ്യമുള്ളതെല്ലാം കാട്ടിക്കൊടുക്കാൻ ഉത്സാഹമാ ണവക്ക്. പ്രധാനമായി നിദ്ദേശിച്ച ഇനങ്ങളിലൊന്നു മോസ്കോവിലുള്ള അഗ്രികൾച്ചറൽ എക്സിബിഷനാണു്. മി: കെ. പി. എസ്സ്. മേനോനും ആ എക്സിബിഷൻ കണ്ടേ കഴിയൂ എന്നു പറയുകയുണ്ടായി.

എക്സിബിഷനെന്നു പറയുമ്പോൾ നമുക്കൊരു ധാരണയുണ്ടു്. ആ ധാരണയിൽ ഒതുങ്ങിനില്ക്കുന്ന ഒരേർപ്പാടല്ല ഇവിടത്തെ അഗ്രികൾച്ചറൽ എക്സിബിഷൻ. ഇതൊരു സ്ഥിരം ഏർപ്പാടാണു്. ഏതാണ്ടൊരു കൺമ്യൂസിയത്തിൻെറ മട്ടാണെന്നു ചെല്ലോളൂ. ഒരു പ്രദേശത്തു മുഴുവൻ എക്സിബിഷൻകെട്ടിടങ്ങളാണു്. 76 പവിലിയനുണ്ടു്. നമ്മുടെ നാട്ടിൽ എക്സിബിഷൻപവിലിയൻ പന്തലാണല്ലോ. ഇവിടെ എല്ലാം സ്ഥിരമായി നില്ക്കത്തക്ക എടുപ്പുകളാണു്. ഏററവും വലിയ കെട്ടിടത്തിൽ 9 ഹാളുണ്ടു്. രണ്ടും നാലും അഞ്ചും വീതം ഹാളുള്ളവയാണു് മററെടുപ്പുകൾ. കാർഷികോത്പാദനത്തിൻെറ ഓരോ വശമാണു് ഓരോ എടുപ്പിലുമുള്ളതു്. കാർഷികോത്പാദനമെന്നു പറയുമ്പോൾ വിളവുകൾമാത്രമാണെന്നു ധരിച്ചുപോകരുതു്. ഭൂസ്വഭാവം, മണ്ണിൻെറ പ്രകൃതം, ജലസേചനം, ട്രാക്ടർ മുതലായ യന്ത്രങ്ങൾ, വിദ്യുച്ഛക്തിവിതരണം, കൂട്ടകൃഷിസംഘങ്ങളുടെ പ്രവർത്തനം, കാർഷികമേഖലയിലെ ട്രാൻസ്പോർട്ടു് തുടങ്ങിയ സൗകര്യങ്ങൾ എന്നിങ്ങനെ കാർഷികോത്പാദനത്തിൻെറ എല്ലാ ഘട്ടങ്ങളും ആ പവിലിയനുകളിൽ കാണാം. ചാർട്ടുകൾ, ചിത്രങ്ങൾ, കുറെക്കൂടി യാഥാർത്ഥ്യബോധം ജനിപ്പിക്കുന്ന മോഡലുകൾ, അവിടന്നും വിട്ടു തനിസ്സാമ്പിളുകൾ—ഈ നാലുതരത്തിലുമുണ്ടു് പ്രദർശനം. വോൾഗാഡോൺ കനാലും അതിൻെറ പ്രവർത്തനമേഖലയും ഒന്നാംതരമൊരു മോഡലിൽ കണ്ടതു യഥാർത്ഥത്തിൽ ആ പ്രദേശങ്ങളിൽ പോയി കണ്ടതുപോലെ തോന്നുന്നു.

നമ്മുടെ നാട്ടിലും ചില പ്രദർശനങ്ങളിൽ ഇത്തരം ഡെമോൺസ്ട്രേഷനുകൾ ഇല്ലെന്നില്ല. ഇവിടെ അതൊക്കെ കുറെക്കൂടി വലിയ തോതിലും കൂടുതൽ നിഷ്കൃഷ്ടവും ആകർഷകമായും ആളുകളെ പഠിപ്പിക്കാനുതകുന്ന മട്ടിലും ചെയ്തിരിക്കുന്നു എന്നതു് ഒരു വിശേഷമാണു്. ഓരോ പവിലിയനിലും പുററിനടന്നിറങ്ങുമ്പോൾ സോവിയററ്യൂണിയനിൽ കാർഷികപ്രവർത്തനം ബൃഹത്തായ ഒരേർപ്പാടാണെന്നു ബോധ്യമാവും. പലതരത്തിലുള്ള വിളവുകൾ പ്രദർശിപ്പിച്ചിട്ടുള്ള പവിലിയനുകൾ ഒക്കെക്കൂടി ഒരു കാർഷികലോകം സൃഷ്ടിച്ചിരിക്കുകയാണു്. വർഷത്തിന്റെ മുഖ്യമായതിനാൽ പുത്തൻകനികൾ അത്രയേറെയില്ല. എന്നാലും വൈവിധ്യം കണക്കററതാണു്. ആടു്, പശു, കോഴി, കന്നുകാലിതൊട്ടുള്ളവയുടെ പ്രദർശനശാലകളുണ്ടു്. വളരെ വലിയ തോതിലാണവയും. എല്ലാ ജനുസ്സുകളും ഞങ്ങൾക്കു കാണാൻ കഴിഞ്ഞില്ല. വർഷക്കാലത്തെ ചില അസൗകര്യങ്ങൾ നിമിത്തം ചില ജനുസ്സുകളുടെ ശാലകൾ ഒഴിഞ്ഞുകിടക്കുകയാണു്. ആകപ്പാടെ നോക്കിയാൽ ഈ എക്സിബിഷൻ കാർഷികജീവിതത്തിന്റെ ഏററവും മഹത്തായ പ്രകടനപത്രികയാണെന്നു പറയാം. കർഷകന്റെ തൊഴിലിനെ ഇത്രയും മാനിച്ചുകൊണ്ടുള്ള ഒരു മഹാസംരംഭം ലോകത്തൊരിടത്തും കാണുകയില്ലെന്നെനിക്കു തോന്നുന്നു. അമേരിക്കയിൽപ്പോലും ഈ ശൈലിയിലൊരേർപ്പാടില്ലെന്നാണു് പറഞ്ഞുകേട്ടിട്ടുള്ളതു്.

പ്രദർശനം കാണാൻ പോയ ദിവസം വൈകുന്നേരം ഞങ്ങൾ മറെറാരു പ്രദർശനം കണ്ടു—ലെനിൻമെ

മ്മോറിയൽ ലൈബ്രറിയിൽ വിജ്ഞാനത്തിന്റെ പ്രദ
ശ്നനം. ഒന്നു കായികശക്തിയുടേതാണെങ്കിൽ മറേറതു
ബുദ്ധിശക്തിയുടേതു്. ഊക്കനെട്ടപ്പാണു്. വളരെ പ
ഴക്കമുണ്ടതിനു്. 1862-ലാണു് തുടങ്ങിയതെന്നു പറയു
ന്നു. വിപ്ലവത്തിനുശേഷം അതു ലെനിൻമെമ്മോറിയ
ലായി മാറി. രൂപത്തിലും ഭാവത്തിലും വളരെ മാററം
വന്നിട്ടുണ്ടതിനു പിന്നീടു്. ഇന്നതു സ്റ്റേയ്ററു് സെൻ
ട്രൽ ലൈബ്രറിയാണു്. റീജിയണൽലൈബ്രറികളെ
ല്ലാം അതിനോടു ബന്ധപ്പെട്ടിരിക്കുന്നു. ഇപ്പോളവിടെ
175 ലക്ഷം അച്ചടിച്ച പ്രസിദ്ധീകരണങ്ങളും രണ്ടുലക്ഷ
ത്തി എഴുപതിനായിരം കയ്യെഴുത്തിലുള്ള കൃതികളുമു
ണ്ടു്. 160 ഭാഷകളിലായിട്ടുണ്ടു് ഗ്രന്ഥങ്ങൾ. ദിവ
സത്തിൽ 5500 പേർവീതം ലൈബ്രറിയിൽ വന്നുപോ
വുന്നുണ്ടു്. 25000 പുസ്തകംവീതമാണു് ഒരു ദിവസ
ത്തിൽ അവിടെനിന്നും വിതരണംചെയ്യുന്നതു്. വായ
നക്കാർക്കുമാത്രമായി പന്ത്രണ്ടു ഹാളുണ്ടു്. ഓരോ വിഷ
യത്തിനും ഓരോ ഹാൾ എന്നാണു് വെപ്പു്. പഠിച്ചു
പരിഗവേഷണംചെയ്യാനുള്ളവരാണു് ലൈബ്രറിയിൽ
വന്നിരുന്നു വായിക്കുന്നതു്. ഗ്രന്ഥങ്ങൾ സംഭരിക്കുവാൻ
സ്ഥിരമായി ചില വഴികളുണ്ടു്. സോവിയററ്യൂണി
യനിൽ പ്രസിദ്ധപ്പെടുത്തുന്ന ഏതു പുസ്തകത്തിന്റെയും
മൂന്നു പ്രതികൾ ലെനിൻലൈബ്രറിയിൽ കിട്ടിക്കൊള്ള
ണമെന്നാണു് നിയമം. അന്യഭാഷകളിൽ പ്രസിദ്ധ
പ്പെടുത്തുന്ന കൃതികൾ അപ്പപ്പോൾ വില കൊടുത്തു വാ
ങ്ങാൻ ഏർപ്പാടുണ്ടു്. വായനക്കാരുടെ നിർദ്ദേശവും അ

ക്കാര്യത്തിൽ പരിഗണിക്കും. വിലയേറിയ പുസ്തകങ്ങഠ അന്യരാജ്യങ്ങളിലെ ലൈബ്രറികളുമായി കൈമാറിക്കൊണ്ടിരിക്കുവാനുള്ള ഏപ്പാടുമുണ്ട്. അച്ചടിച്ച കോപ്പികഠ കിട്ടാത്ത അനർഘകൃതികഠ മൈക്രോഫിലിമാക്കി സൂക്ഷിക്കുകയാണു്. 40-ഓളം രാജ്യങ്ങളുമായി പുസ്തകക്കൈമാററം നടക്കുന്നുണ്ടിപ്പോഠ. ഇക്കഴിഞ്ഞ 11 മാസത്തിനകം 3,15,313 പുസ്തകങ്ങഠ കൈമാറിയിട്ടുള്ളതായിക്കാണുന്നു. ഇന്ത്യയിൽ 11 സ്ഥാപനങ്ങളുമായി ലെനിൻലൈബ്രറിക്കു ബന്ധമുണ്ടു്. അക്കൂട്ടത്തിൽ തിരുവനന്തപുരം പബ്ളിക് ലൈബ്രറിയും പെടുമെന്നുള്ളതു് എനിക്കാഹ്ലാദകരമായിത്തോന്നി. നമുക്കഭിമാനകരമായി വേറെയും ചിലതുണ്ടു്: 1768-ൽ പ്രസിദ്ധപ്പെടുത്തിയ ഗീതയുടെ ഒരു റഷ്യൻതർജ്ജിമ ഞാൻ കണ്ടു. മഹാഭാരതത്തിൻെറ ഒരു തർജ്ജിമയുമുണ്ടിവിടെ. ഏററവുമാദ്യത്തെ റഷ്യൻവൃത്താന്തപത്രത്തിൻെറ പ്രഥമലക്കം പ്രദർശിപ്പിച്ചിരുന്നതു ഞാനൊന്നു മറിച്ചുനോക്കി. ഒരു ദ്വിഭാഷി ഉടനെ എനിക്കു ചൂണ്ടിക്കാട്ടിത്തന്നു, അതിൽ ഇൻഡ്യയെപ്പററിയുണ്ടായിരുന്ന ഒരു വാർത്താശകലം. ഭാരതചക്രവർത്തി മോസ്കോവിലേയ്ക്കു് ആനക്കുട്ടികളെ സംഭാവനചെയ്തു എന്നതാണു് അതു്. എന്തു തോന്നുന്നു? അന്നും ഇൻഡ്യയ്ക്കു സംഭാവനചെയ്യാനുണ്ടായിരുന്നതു് ആനക്കുട്ടിയാണു്. 1955-ൽ നെഹ്റു സംഭാവനചെയ്തതോ, അതും ആനക്കുട്ടിതന്നെ. ആന ഇൻഡ്യയുടെ പര്യായമായിട്ടുപ്പോയോ? ഇൻഡ്യൻപുസ്തകങ്ങളിൽ അധികവും സംസ്കൃതമാണു്. തെന്നി

ഡ്യൻഭാഷയിലെ കൃതികൾ വളരെ ചുരുക്കം. എന്നാലും അഞ്ചും പത്തുമുണ്ടു് ഓരോ ഭാഷയിലും. മലയാളത്തിൽ കണ്ടെത്തു ചില പഴയ വ്യാകരണങ്ങളും ശബ്ദകോശങ്ങളുമാണു്. സാഹിത്യകൃതികളുണ്ടോ അവരെങ്ങാട്ടെത്തുന്നു? വ്യാകരണങ്ങളും മററും കേരളത്തിൽ വന്നുപോയ വിദേശികളിൽനിന്നു സംഭരിച്ചതാവാം. ഏതായാലും ഇൻഡ്യയുടെ തെക്കേത്തലയ്ക്കൽ വളരെക്കുറഞ്ഞൊരു ജനവിഭാഗം സംസാരിക്കുന്ന മലയാളത്തിനും ലെനിൻ മെമ്മോറിയൽ ലൈബ്രറിയിൽ പ്രാതിനിധ്യം ലഭിച്ചതു വളരെ ചാരിതാൎത്ഥ്യകരമാണു്. ബ്രി: മ്യൂസിയത്തിൽ മലയാളത്തിലെ കൃതികൾ കാണുമ്പോലല്ല ഇതെന്നോക്കണം.

പുസ്തകങ്ങൾക്കുവേണ്ടിയുള്ള അപേക്ഷകളും പുസ്തകങ്ങൾതന്നെയും ചുവട്ടിൽനിന്നു മുകൾത്തട്ടുകളിലേയ്ക്കും അവയിൽനിന്നു കീഴോട്ടും അയയ്ക്കുന്നതു ലിഫ്ററിലൂടെയാണു്. ഓരോ ഫ്ളോററിലും പുസ്തകങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കൊണ്ടുപോകുന്നതു് ഒരു കൊച്ചിലക്ട്രിക്ക് ട്രെയിനിൽ കയററിയാണു്.

ലൈബ്രറിയോടനുബന്ധിച്ച കോൺഫറൻസുകളും പ്രദർശനങ്ങളുമുണ്ടാകാറുണ്ടു്. പലരെയും ലൈബ്രറി സയൻസിൽ പരിശീലിപ്പിക്കുന്നുണ്ടിവിടെ അച്ചടിയും പ്രസാധനവും നടത്താൻ വിശേഷിച്ചൊരു വകുപ്പുണ്ടു്, ലെനിൻലൈബ്രറിയുടെ വകയായി. പല പ്രസിദ്ധീകരണങ്ങളും അതിൽനിന്നിറങ്ങിയിട്ടുണ്ടു്. പൊതുവെ പറയട്ടെ, ലെനിൻമെമ്മോറിയൽ ലൈബ്രറി പെരുമൊ

രു ഷോറൂമല്ല; പ്രത്യുത, ലോകവിജ്ഞാനത്തിൻെറ ഒരു മഹാക്ഷേത്രമാണ്. അതിൻെറ ഹാളുകളിൽ കയറി നോക്കുമ്പോൾ സോവിയററ്ജനങ്ങൾക്കുള്ള അടക്കിയാലടങ്ങാത്ത വിജ്ഞാനാഭിവാഞ്ഛ ആൎക്കും നല്ലപോലെ ബോധ്യമാവും. ഞാനവിടെ ചെന്നപ്പോൾത്തന്നെ നാനാററിപ്പബ്ളിക്കുകളിൽനിന്നു വന്നിരുന്നോരോന്നും പഠിക്കുന്ന പലരെയും നേരിട്ടു കണ്ടു. രാജ്യത്തിൻെറ നാനാഭാഗങ്ങളിലും റീജിയനൽ ലൈബ്രറികളേർപ്പെടുത്തി അവയുമായി സൎവ്വഥാ ബന്ധപ്പെട്ടു പ്രവൎത്തിക്കുക എന്നുള്ള പരിപാടി വിജ്ഞാനവിതരണത്തിൽ സോവിയററ്ഗവൺമെൻറിനുള്ള അതിരററ നിഷ്ഠസ്ഥൈര്യവും നല്ല തെളിവാണ്. അറിവ്, പിന്നേയും പിന്നേയും അറിവ്— അതാളുകൾക്കു ലഭിക്കുന്തോറും ആപത്താണെന്നുള്ള ഭീതി സോഷ്യലിസ്റ്റ്നീതിയുടെ പ്രവാചകന്മാൎക്കില്ല.

മഹാനായ ലെനിനെ അറിവിൻെറ പ്രതീകമാക്കിക്കൊണ്ടുള്ള ഈ മഹാസ്ഥാപനത്തെക്കുറിച്ചു പറയുമ്പോൾ എനിക്ക് ആ ക്രെംലിനെറതൊട്ടുള്ള ലെനിൻ മൊസോളിയത്തിൽ പോയപ്പോഴത്തെ അനുഭവം ഓൎമ്മ വരുന്നു. റെഡ്സ്ക്വയറിനെക്കുറിച്ചു പറഞ്ഞപ്പോൾ മൊസോളിയത്തിൻെറ സ്ഥാനം എവിടെയെന്നു സൂചിപ്പിച്ചിരുന്നുവല്ലോ. എല്ലാ ദിവസവും തുറന്നിടാറില്ല മൊസോളിയം. തുറക്കുന്ന ദിവസമുണ്ടല്ലോ, പതിനായിരക്കണക്കിനാളുകൾ അണിയിട്ടു നില്ക്കുന്നു അതിനകത്തു കടന്നു് ആ പുതിയ ലോകനീതിയുടെ ഉപജ്ഞാതാക്കളായ ലെനിനെയും സ്റ്റാലിനെയും അഭിവാദനം ചെ

യ്യാൻ. ഇൻഡ്യയിൽനിന്നെത്തിയ സന്ദർശകരായ ഞങ്ങൾക്കു് അന്നു് ഭേദിച്ചു കുറെക്കാലെ മൊസോളിയത്തിൽ കടക്കാൻ സൗകര്യപ്പെടുത്തിത്തന്നു. എന്നാലും ധാരാളം ആളുകളുണ്ടായിരുന്നു ഞങ്ങളുടെ മുമ്പും. കറുത്ത മാർബിളിൽ പണിതിട്ടുള്ള ആ മൊസോളിയത്തിന്റെ അകത്തേയ്ക്കു കേറിയപ്പോൾ ശോകത്തിന്റെ നിശ്ശബ്ദഗംഭീരമായ ഒരു പ്രതീതി താനേ എനിക്കുണ്ടായി. പതുക്കെപ്പതുക്കെ ലെനിന്റെയും സ്റ്റാലിന്റെയും സമക്ഷത്തേയ്ക്കു ഞങ്ങൾ നീങ്ങി. ചിത്രത്തിൽ കാണാറുള്ള ആ ലെനിനും സ്റ്റാലിനും അതേ ഓജസ്സോടും തേജസ്സോടുംകൂടി അവിടെ കിടക്കുകയാണു്—ഉറങ്ങിക്കിടക്കുംപോലെ. ആ കാഴ്ച, ആർക്കായാലും, ആവേശകരമാണു്. എന്റെ മുമ്പിലൂടെ കടന്നുപോയിരുന്നതിൽ പ്രായംചെന്നവർ പലരും ആ മഹാത്മാക്കളെ നോക്കിയപ്പോഴേയ്ക്കും വിതുമ്പിക്കരഞ്ഞുപോയി—സ്ത്രീകൾ പ്രത്യേകിച്ചും. ദർശനം കഴിഞ്ഞു പുറത്തെ വാതിലിലൂടെ കടന്നുപോയിട്ടും കരച്ചിൽ നിന്നില്ല, ഏതാനുംപേർക്കു്. അവരെല്ലാം ആ മഹാത്മാക്കളെ—1924-ൽ അന്തരിച്ചുപോയ ലെനിനെപ്പോലും—നേരിട്ടറിഞ്ഞിട്ടുള്ളവരാണു്. അദ്ദേഹത്തിന്റെയും അനുയായികളുടെയും അമൂല്യസേവനത്തിലൂടെ ജീവിതം വീണ്ടെടുക്കുവാൻകഴിഞ്ഞ ആ മനുഷ്യർ എങ്ങനെ കരയാതിരിക്കും? സോഷ്യലിസത്തിലൂടെ ആവേശപൂർവ്വം മുന്നേറിക്കൊണ്ടിരിക്കുന്ന ജനതയ്ക്കുമുഴുവൻ ലെനിന്റെയും സ്റ്റാലിന്റെയും 'ജീവസ്സോടെയുള്ള ആ കിടപ്പു വിലയിരുത്താൻകഴിയാത്ത ഒരു പ്രേരകശക്തി

യായിരിക്കും. വേറെയും മഹാസ്മാരകങ്ങളിൽ ഞാൻ പോയിട്ടുണ്ടു്. ശ്രീരംഗപട്ടണത്തിനടുത്തുള്ള മുമ്പാസിൽ ആ ഹൈദരുടെയും ടിപ്പുവിൻെറയും ശ്മശാനത്തിൻമുമ്പിൽ ഞാനൊരിക്കൽ പോയി നിന്നു. ശോകത്തിൻെറ കരന്തരിക്ഷം തോന്നാതിരുന്നില്ല; പക്ഷേ മനുഷ്യരാശിയെസ്സംബന്ധിച്ചിടത്തോളമുള്ള പ്രത്യാശയുടെ ഒരു നിഴലാട്ടംപോലും എൻെറ മനസ്സിനുണ്ടായില്ല, അപ്പോൾ. താജ്മഹാൾ സന്ദർശിച്ചപ്പോഴോ? ആ ലോകോത്തരമായ കലാശില്പത്തെ ദറിച്ചാക്കാനേ ന[illegible]മയമുണ്ടായുള്ളൂ. വ്യക്തിയിൽനിന്നു സമൂഹത്തിലേയ്ക്കൊഴുകിയ മാഹാത്മ്യത്തിൻെറ ധാരയ്ക്കു മാനവസമുദായത്തിൻെറ അങ്ങേ അററത്തോളം വ്യാപ്തിയുണ്ടാവൂ.

മൊസോളിയം അത്ര ആർഭാടമുള്ള കലാശില്പമൊന്നുമല്ല. കറുത്ത മാർബിളിൽ വെടിപ്പായി പണിതിട്ടുണ്ടെന്നുമാത്രം. റെഡ്സ്ക്വയറിൽ നിന്നകത്തേയ്ക്കു കയറി അല്പം കീഴോട്ടിറങ്ങിയാലേ ആ മഹത്സന്നിധാനത്തിലെത്തുകയുള്ളൂ. വാതില്ക്കലും വഴിത്തിരിവിലും കബറിടത്തിൻെറ ഇരുവശത്തും ആയുധധാരികളായ ഭടന്മാർ കാവലുണ്ടു്. ലെനിനും സ്ററാലിനും കിടക്കുന്നതു് ആൾപൊക്കത്തിലുയർന്ന പ്ലാററ്ഫോറത്തിലാണു്—വായു കടക്കാത്ത ചില്ലുപെട്ടിയിൽ. എന്നാൽ പെട്ടിയിൽ അടച്ചിട്ടിരിക്കുകയാണവരെ എന്നു തോന്നുകയില്ല. നേരെ കാണുമ്പോലെയേ ഉള്ളൂ. ശരീരത്തിനു യാതൊരു കോട്ടവുമില്ല. ജീവിച്ചിരുന്നകാലത്തെ അതേ വസ്ത്രമണിഞ്ഞാണു് കിടപ്പു്. അനാച്ഛാദിതഭാഗങ്ങൾ—മുഖവും കൈപ്പട

വും— ജീവനുള്ളതുപോലിരിക്കുന്നു. ആ മുഖങ്ങളിലേയ്ക്കു നോക്കിയപ്പോൾ എനിക്കാ രണ്ടാളെയും രണ്ടായിത്തന്നെ തോന്നി. മനുഷ്യരാശിക്കൊരു ഭാവിയുണ്ടെന്നു തികച്ചുമാത്മവിശ്വാസത്തോടുകൂടി പ്രവചിച്ച ആ 'ജീനിയസ്സാ'യ (പ്രതിഭാസമ്പന്നനായ) ലെനിൻ ഒരു ഭാഗത്തു്; ഒട്ടും വാചാലമല്ലാത്ത നെഞ്ഞൂക്കോടും കൈക്കരുത്തോടുംകൂടി പൊരുതി ആ പ്രവചനത്തെ യഥാർത്ഥത്തിൽ സാക്ഷാത്കരിച്ച സ്റ്റാലിൻ മറുഭാഗത്തു്—പരിവർത്തനത്തിന്റെ രണ്ടദ്ധ്യായങ്ങൾ.

ഇതിനിടയ്ക്കു കണ്ട വേറെയും കാര്യങ്ങളുണ്ടു്—നമുക്കറിഞ്ഞിട്ടാവശ്യമുള്ള കാര്യങ്ങൾ. അവയെപ്പററി ഞാൻ പിന്നീടെഴുതാം.

സ്വന്തം മുണ്ടശ്ശേരി.

മോസ്കോ
5—12—'54


പ്രിയപ്പെട്ട ആൻറണി,

സോവിയറ്റ്യൂണിയനിൽ വന്നിട്ടെനിക്കു സർവ്വോപരി അഭിനന്ദനീയമായിത്തോന്നിയതു രാജ്യത്തിന്റെ ഒരറ്റംമുതൽ മറേറ അറ്റംവരെ എല്ലാക്കുട്ടികളെയും അഭ്യസ്തവിദ്യരാക്കി ജീവിതത്തിനു പര്യാപ്തരാക്കാൻ ചെയ്തിട്ടുള്ള ഏർപ്പാടാണു്. യൂറോപ്പിൽ പലയിടത്തും വിദ്യാഭ്യാസസമ്പ്രദായത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഞാൻ കണ്ടു. സ്വീഡനിലെ കഥ ഞാനെഴുതിയിരുന്നുവല്ലോ. പക്ഷേ മറ്റെവിടെക്കണ്ടതിലും കാര്യക്ഷമമായിട്ടുള്ള ഒന്നാണു് സോവിയറ്റ്യൂണിയനിലെ സമ്പ്രദായം. എനിക്കെന്നല്ല, ഇവിടെ വന്നുപോവുന്ന അന്യരാജ്യക്കാർക്കെല്ലാവർക്കുംതന്നെ ഈ അഭിപ്രായമാണുള്ളതു്. കുട്ടികൾ—അവരാണു് ഒരു സോഷ്യലിസ്റ്റ്രാജ്യത്തിലെ ഏറ്റവും മികച്ച സമ്പത്തു്. ആ വീക്ഷണഗതിയോടുകൂടി

സംവിധാനംചെയ്തിട്ടുള്ളതുകൊണ്ടാണു് ഇവിടെ വിദ്യാഭ്യാസം ഇത്രയും വിജയിച്ചുകാണുന്നതു്.

താഴെ എഴുതുന്നതൊക്കെ വല്ല ബുള്ളറ്റിനിലുംനിന്നും പകർത്തുകയാണെന്നു വിചാരിക്കരുതു്. രാജ്യത്തിന്റെ ഏതു ഭാഗത്തു പോയാലും സ്കൂളും കോളേജും കാണാതെ മടങ്ങാറില്ല ഞാൻ. വസ്തുതകൾ മിക്കതുമങ്ങനെ നേരിട്ടു മനസ്സിലാക്കിയതാണു്. കൂടാതെ, ഞാൻ മിനിസ്ട്രി ഓഫ് എഡ്യൂക്കേഷന്റെ സെക്രട്ടറിയേറ്റിൽ ചെന്നു വിസ്തരിച്ചൊരു ചർച്ച നടത്തുകയുമുണ്ടായി.

തൊഴിലെടുത്തു ജീവിക്കുന്ന എല്ലാവർക്കും സംഘടനകളുണ്ടിവിടെ. ഓരോ സംഘടനയുടെയും നേതൃത്വത്തിൽ ഓരോ തൊഴിൽകേന്ദ്രത്തോടനുബന്ധിച്ചു നഴ്സറിസ്കൂളുണ്ടു്. കൊച്ചുകുഞ്ഞുങ്ങളെ ആ സ്കൂളുകളിൽ അവരുടെ പ്രവണതകൾക്കനുഗുണമായി താലോലിച്ചുവളർത്തിയെടുക്കുന്ന ആ കാഴ്ച കാണേണ്ടൊരു കാഴ്ചയാണു്. വളർത്തമ്മമാർ യഥാർത്ഥമാതാക്കളെക്കാൾ വാത്സല്യത്തോടുകൂടിയാണു് കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുന്നതും കളിപ്പിക്കുന്നതും പഠിപ്പിക്കുന്നതുമെല്ലാം. ആ ഇളംകുഞ്ഞുങ്ങൾക്കു പതുക്കെപ്പതുക്കെ തന്റേടം വെയ്ക്കുന്നതു കൺമുമ്പിൽ കാണാം. സാമൂഹ്യബോധം—അതു് ആ നഴ്സറിയിൽ വെച്ചുതന്നെ പ്രകടരൂപം കൈക്കൊള്ളുന്നുണ്ടു്. ഞങ്ങളെ സ്വാഗതംചെയ്ത ഓരോ നഴ്സറിയിലെയും കുഞ്ഞുങ്ങൾ ഇതു നല്ലതുപോലെ വെളിപ്പെടുത്തുകയുണ്ടായി. അവരുടെ പാട്ടും കളിയും അഭിവാദനവും ഞാൻ മറക്കു



ലെനിൻ വന്ന മിലിററി ട്രക്. (പേജ് 95)



സ്കൂളിൽ.

കയില്ല. മൂന്നു വയസ്സു കഴിഞ്ഞാൽ കുട്ടികൾ കിൻറർ ഗാർട്ടൻക്ലാസ്സിലേക്കു കടക്കുകയായി. സോവിയറ്റ് യൂണിയനിൽ പരക്കെയുണ്ടു് ആ ക്ലാസ്സ്. മൂന്നുകൊല്ലത്തെ കിൻറർഗാർട്ടൻ കഴിയുമ്പോൾ ഇവിടത്തെ കുട്ടികൾ നമ്മുടെ നാട്ടിൽ പ്രൈമറിസ്കൂൾ വിടാറായ കുട്ടികളോളം ഗ്രഹണശക്തി നേടിക്കഴിഞ്ഞിരിക്കും. ഏഴാം വയസ്സിലേ പ്രൈമറിസ്കൂളാരംഭിക്കുന്നുള്ളു ഇവിടെ. ഇതൊരു നല്ല സമ്പ്രദായമായിത്തോന്നുന്നു. ഇളംപ്രായത്തിൽത്തന്നെ കുഞ്ഞുങ്ങളുടെ പ്രവണതക്കു കരുടക്കും കെട്ടുമുണ്ടായാൽപിന്നെ ആ ശൈലിയിൽ അവരങ്ങു വളന്നുകൊള്ളും. സാമൂഹ്യബോധം സ്വഭാവത്തിൻെറ അടിക്കല്ലാകണമെങ്കിൽ ഇങ്ങനെവേണം കുട്ടികളെ വളത്താൻ. നല്ലപോലെ ചുണ്ടും വായും തിരിഞ്ഞതിനു ശേഷം കുട്ടികളെ ക്ലാസ്സിലിരുത്തിപ്പഠിപ്പിക്കുകയെന്നുവന്നാലുണ്ടല്ലോ, നാം പന്ത്രണ്ടോ പതിനഞ്ചോ കൊല്ലം കൊണ്ടു പകന്നുകൊടുക്കുന്ന അറിവു് എട്ടോ പത്തോ കൊല്ലംകൊണ്ടു് ഉണ്ടാക്കിക്കൊടുക്കാം. പൊതുവിദ്യാഭ്യാസത്തിൻെറ കാലാവധി അങ്ങനെ സാരമായി കുറയ്ക്കാമെന്നത്ഥം.

സ്കൂൾ മൂന്നുതരമാണു്. പ്രൈമറി, അഥവാ എലിമെൻററിസ്കൂൾ നാലു കൊല്ലം. നമ്മുടെ മിഡിൽസ്കൂളിൻെറ സ്ഥാനത്തുള്ളതു് 7 കൊല്ലത്തേയ്ക്കാണു്. പത്തു കൊല്ലത്തേയ്ക്കുള്ളതു ഹൈസ്കൂൾ. കാലാവധിയും വിഭജനവും നമ്മുടേതുതന്നെ. പഠിപ്പിക്കുന്ന കാര്യങ്ങളിലും രീതിയിലും അന്തരമുണ്ടു്. ഹൈസ്കൂൾകോഴ്സവസാനി

ക്കംവരെയുള്ള പഠിപ്പ് 1 55 തൊട്ടു സൗജന്യമാണ്. സ്കൂളുകളെല്ലാം സർക്കാർവകതന്നെ. പ്രൈവററ്സ്കൂളില്ല. പള്ളിമേധാവികൾക്കും മററും മതസംബന്ധമായുള്ള അധ്യാപനത്തിനു സെമിനാരികളും ഇൻസ്റ്റിട്ട്യൂട്ടുകളും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസത്തിൽ കയ്യിടണമെന്നു നിർബ്ബന്ധമില്ലവർക്ക്. അംഗഭംഗം നേരിട്ടിട്ടുള്ളവർക്കും അനാഥർക്കും വിദ്യാഭ്യാസസൗകര്യം വിശേഷിച്ചുണ്ടിവിടെ. പഠിക്കാൻ സൗകര്യംകിട്ടാതെ ആരും തെണ്ടിത്തിരിയരുതെന്നു നിർബ്ബന്ധമാണ് സോവിയററ്യൂണിയനിൽ. സ്കൂളുകൾ സ്ഥാപിച്ചിട്ടുള്ളതു് അതാതിടത്തെക്കുട്ടികൾക്കു പോയിവരാൻ ഉതകുന്ന ദൂരത്തിലാണ്. തുടങ്ങിയിട്ടൊടുങ്ങുംവരെ—പ്രൊഫഷണൽ കോളേജുകളിൽ പോലും—മാതൃഭാഷയിലാണ് വിദ്യാദാനം. മഹാനായ പീററർചക്രവത്തി രണ്ടായിരത്തിൽപരം യൂറോപ്യൻപദങ്ങൾ തിരഞ്ഞെടുത്തു നിർബ്ബന്ധപൂവ്വം നടപ്പാക്കിയതിനാൽ ഇന്നത്തെ റഷ്യൻഭാഷ ഏതുവിഷയവും കൈകാര്യംചെയ്യുവാൻ പര്യാപ്തമായിട്ടുണ്ട്. സ്വന്തം ഭാഷയിലാകാം എന്തും പഠിക്കുന്നതെന്നുവന്നതുകൊണ്ടു നമ്മുടെ നാട്ടിൽ കാണുന്നതുപോലുള്ള കാര്യഗ്രഹണക്ലേശം റഷ്യൻകുട്ടികൾക്കുണ്ടാവുന്നില്ല. സോവിയററ്യൂണിയനിലെ റിപ്പബ്ലിക്കുകളുണ്ടല്ലോ, അവയിൽ അധ്യാപനം നടത്തുന്നതു തത്തദ്ദേശഭാഷകളിലാണ്. ആ ഭാഷകൾക്കും നൂതനവിഷയങ്ങൾ കൈകാര്യംചെയ്യാനുള്ള കഴിവുണ്ടായിട്ടുണ്ടു് കഴിഞ്ഞ ഏതാനും കൊല്ലങ്ങൾക്കുള്ളിൽ. റഷ്യൻഭാഷ സോവി

യററു് യൂണിയനിൽ പരക്കെ നിർബ്ബന്ധമാണു്. പക്ഷേ ആ ഭാഷയിലല്ല റിപ്പബ്ലിക്കുകൾ അതാതിന്റെ കാര്യങ്ങൾ നടത്തിപ്പോരുന്നതു്.

സ്കൂൾസമയം കഴിഞ്ഞാൽ കുട്ടികൾക്കുല്ലസിക്കാനും ഇഷ്ടാനുസരണം വിജ്ഞാനം വർദ്ധിപ്പിക്കുവാനും സഹായിക്കുന്ന സ്ഥാപനങ്ങൾ വേറെയുണ്ടു്. സ്റ്റോക്ക്ഹോമിലെ ഈവനിംഗ്സ്കൂളിനെപ്പററി പറയുകയുണ്ടായല്ലോ. അതിന്റെ സ്ഥാനത്തു പയനിയർ പാലസ്സും, ടെക്നിക്കൽക്ലബ്ബും, ട്രെയ്ഡ്സ്കൂളും മററുമാണിവിടെ. സാധാരണസ്കൂളിൽതന്നെ അദ്ധ്യാപനം ടെക്നിക്കൽബയസ്സുള്ളതാണു്. അതിനെ പരിപോഷിപ്പിക്കാൻ സായാഹ്നപരിശീലനം അസ്സലായി ഉപകരിക്കും. ആ കൂട്ടത്തിൽ പയനിയർപാലസ്സിലെ സജ്ജീകരണങ്ങൾ മറെറാരിടത്തും കാണാത്തത്ര വിശേഷപ്പെട്ടവയാണു്. സ്കൂളിനോടനുബന്ധിച്ചേതാനുംകൊല്ലം പയനിയർപാലസ്സിൽ പെരുമാറിപ്പോരുന്ന കുട്ടിക്കു ജീവിതത്തിനെന്തൊക്കെ വേണമോ അതെല്ലാം വശമായിക്കൊള്ളും. ഞങ്ങൾ പലേടത്തും പയനിയർപാലസ് സന്ദർശിക്കുകയുണ്ടായി. എന്തൊരുത്സാഹമാണവിടെ വരുന്ന കുട്ടികൾക്കു്! ഇനി മറെറാരു കാര്യം: പൊതുവിദ്യാഭ്യാസം നാലാമത്തേയോ ഏഴാമത്തേയോ കൊല്ലത്തിൽ ചിലർ നിറുത്തുകയാണെന്നിരിക്കട്ടെ. അങ്ങനെ നിറുത്തുന്ന ഓരോ വിഭാഗക്കാർക്കും ഉടനെ ഏർപ്പെടാവുന്ന ടെക്നിക്കൽ കോഴ്സുകൾ വേറെയുണ്ടു്. സെക്കൻററിസ്കൂളിലെ പഠിപ്പു മുഴുവൻ കഴിഞ്ഞിറങ്ങുന്നവർക്കു് ടെ

ക്‌നിക്കൽകോഴ്സ് പരമാവധി രണ്ടു കൊല്ലത്തേയ്ക്കു വേണ്ടിവരൂ. ജോലിയിലേർപ്പെട്ടതിനുശേഷം ഉയൎന്നു പഠിക്കണമെന്നാശയുണ്ടെങ്കിൽ അതിനും വേണ്ട സൗകര്യങ്ങൾ ചെയ്തിട്ടുണ്ടിവിടെ. എന്തിനധികം, എങ്ങോട്ടു തിരിഞ്ഞാലും വേണ്ടില്ല പഠിച്ചുയൎന്നു നന്നാകാനുള്ള സൗകര്യം സോവിയറ്റ് യൂണിയനിലെ ഓരോ കുട്ടിക്കും വാതില്ക്കൽത്തന്നെയുണ്ടു്.

പൊതുവിദ്യാഭ്യാസമെന്നു വെച്ചാൽ എഴുത്തും വായനയും അത്യാവശ്യം കണക്കും ഭൂമിശാസ്ത്രവും ചരിത്രം തൊട്ടുള്ള കുറെ പൊതുവിഷയങ്ങളുമാണല്ലോ നമുക്ക്. സാമാന്യവിജ്ഞാനത്തിന്റെ പേരിൽ സ്വല്പം സയൻസും പഠിക്കണം. ആകെപ്പാടെ നമ്മുടെ പൊതുവിദ്യാഭ്യാസം അത്രയൊന്നും ശാസ്ത്രപ്രമുഖമല്ല. മിക്കവാറും ഒരു സാഹിതീയരീതിയാണു് നമുക്കുള്ളതു്. പുതിയ ലോകത്തിൽ സപ്രയോജനമായിരിക്കുമോ ഈ വിദ്യാഭ്യാസമെന്നു നാമത്ര ചികഞ്ഞുനോക്കാറില്ല. ചുരുക്കിപ്പറയട്ടെ, സ്വഭാവസംസ്കാരമാണു് നമ്മുടെ വിദ്യാഭ്യാസത്തിന്റെ മാനദണ്ഡം. സോവിയറ്റ് വിദ്യാഭ്യാസത്തിൽ ഈ പക്ഷപാതമില്ലേ? ഉവ്വ്. പക്ഷേ അതു മറ്റൊരുമാതിരിയാണു്. ദേശാഭിമാനം, സാഹോദര്യം, സാമൂഹ്യബുദ്ധി, സാൎവ്വലൗകികവീക്ഷണം—ഇതൊക്കെ സ്കൂളിൽ വെച്ചുറപ്പിക്കണമെന്നുണ്ടു്. പയനിയർപാലസിൽ ഈഗുണങ്ങളെ പരിപോഷിപ്പിക്കലാണു് പ്രധാനം. സോഷ്യലിസത്തിലൂടെ കമ്മ്യൂണിസംവരെ എത്താൻ പ്രസ്തുതഗുണങ്ങളുടെ അനുശീലനം കൂടിയേ ക

ഴിയു എന്നു സോവിയററധികൃതന്മാക്കറിയാം. പക്ഷേ പൊതുവിദ്യാഭ്യാസത്തിൽ ശാസ്ത്രപാഠത്തിനാണ് മുൻതൂക്കം സോവിയററ് യൂണിയനിൽ. ആ ശാസ്ത്രപാഠംതന്നെയും കുട്ടികളിൽ പരക്കെ ഒരു ടെക്നിക്കൽ ബയസ് കുത്തിവെയ്ക്കുവാൻ മതിയായവിധത്തിലുള്ളതാണ്. ഭൂമിശാസ്ത്രംതൊട്ടങ്ങേയററത്തെ ശാസ്ത്രപാഠംവരെ എന്തും ഡെമോൺസ്ട്രേഷനോടുകൂടിയേ പഠിപ്പിക്കുകയുള്ളൂ. അതിൽത്തന്നെ ആ പഠിപ്പിക്കുന്നതോരോന്നും നവീനരീതിയിലുള്ള ഉത്പാദനപരിപാടികളിൽ എങ്ങനെപ്രയോജനപ്പെടുത്താം എന്നുന്നിക്കാട്ടലുമുണ്ട്. വെറും ലാബട്ടറിയല്ല, ഏതാണ്ടൊരോ വർക്ക്ഷാപ്പുതന്നെ ഉണ്ട് ഓരോ സ്കൂളിലും. ഇടയ്ക്കിടയ്ക്ക് ഫാക്ടറികളും മററും സന്ദർശിച്ച് പഠിച്ചേടത്തോളം കാര്യങ്ങളുടെ പ്രവൎത്തനം നേരിട്ടു കാണാനും കുട്ടികൾക്ക് സൗകര്യം നല്കിയിട്ടുണ്ട് സക്കാരിൽനിന്നും. നാമും നാട്ടിലിതൊക്കെ പറയാറുണ്ടെന്നതു ശരി. പക്ഷേ ഓരോന്നും പ്രവൎത്തമാനമായിക്കാണണമെങ്കിലിവിടെ വരണം. കേട്ടോക്കെ യൂറോപ്യൻരാജ്യങ്ങളിലും ഈ സമ്പ്രദായമില്ലെന്നില്ല.

ടെൻ ഈയർ (പത്തുവർഷം) സ്കൂൾകഴിഞ്ഞാലുള്ളതു് ഇൻസ്റ്റിററ്യൂട്ടുകളാണ്. നമ്മുടെ കോളേജിന്റെ സ്ഥാനത്തുള്ളവതന്നെ. ഓരോ വിഷയത്തിന്റെയും സ്വഭാവമനുസരിച്ച് നാലുതൊട്ടാറുവരെ കൊല്ലത്തേതുണ്ട് ഇൻസ്റ്റിററ്യൂട്ടുകളിലെ കോഴ്സ്. ഇവയെല്ലാം മിനിസ്ട്രി ഓഫ് എഡ്യുക്കേഷന്റെ കീഴിലാണെന്നു കരുതരുത്. കാർഷികപഠനത്തിനുള്ള ഇൻസ്റ്റിററ്യൂട്ട

കളാണോ, അവ മിനസ്ട്രി രാഫ് അഗ്രിക്കൾച്ചറി ന്റെ കീഴിലായിരിക്കും. മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ മെഡിക്കൽമന്ത്രിയുടെ കീഴിലും. അങ്ങനെയാണോരോന്നും. യൂനിവേഴ്സിററികോഴ്സെന്നു പറഞ്ഞാൽ ഈ ഇൻസ്റ്റിററ്യൂട്ടുകളിലെ പഠിപ്പിന്നു മീതെയുള്ളതാണ്. എന്നുവെച്ചാൽ ഉപരിഗവേഷണാത്മകമായ പഠിപ്പെന്നർത്ഥം.

1914-ൽ ഒട്ടാകെ വിദ്യാർത്ഥികൾ 80 ലക്ഷമായിരുന്നു. 19●0-ൽ സ്കൂളുകളിൽത്തന്നെ വിദ്യാർത്ഥികൾ ൬,20,0000 ആയിട്ടുണ്ട്. സാങ്കേതികസ്ഥാപനങ്ങളിലായി വെറും 45000 പേരേ പഠിച്ചിരുന്നുള്ളൂ 1914-ൽ. 1953-ൽ അവരുടെ എണ്ണം 17 ലക്ഷത്തോളമായിട്ടുണ്ട്. കോളേജ്നിലവാരത്തിലുള്ള പഠിപ്പിന് ആകെക്കൂടി 86 സ്ഥാപനങ്ങളേ 1914-ൽ ഉണ്ടായിരുന്നുള്ളൂ. ഇന്നവയുടെ എണ്ണം 803 ആണ്. 6 ലക്ഷത്തോളം വിദ്യാർത്ഥികളുണ്ട്, അവയിലെല്ലാംകൂടി. 20 കോടി ജനങ്ങളുടെ രാജ്യത്താണിതെന്നോർക്കണം. തിരുകൊച്ചിയിലെ അനുഭവത്തോട് ഇതൊന്നു താരതമ്യപ്പെടുത്തിനോക്കാം. അവിടെ കോളേജുകളിലാകപ്പാടെ 3000മോ 40000മോ വിദ്യാർത്ഥികളുണ്ടാകും. കഷ്ടിച്ചൊരു കോടി ജനങ്ങളിലാണത്. അപ്പോൾ ഇരുപതു കോടിക്കു കണക്കാക്കിയാൽ എത്ര വരും? ഏഴോ എട്ടോ ലക്ഷംമാത്രം. അതിൽ നമ്മുടെ മെഡിക്കൽകോളേജിലും എൻജിനീയറിംഗ്കോളേജിലുമൊക്കെ പഠിക്കുന്നവരേയും കണക്കാക്കണം. ഈ സ്ഥാനത്തെല്ലാംകൂടി സോവി

യററ്യൂണിയനിൽ പഠിക്കുന്നതു 33 ലക്ഷം പേരാണു്. ചുരുക്കത്തിൽ ഇൻഡ്യയിലെ ഏററവും വിദ്യാഭ്യാസപ്രവൃദ്ധമായ ഒരു സ്റ്റേററിൻെറ നാലിരട്ടിയിലധികം അഭിവൃദ്ധി സോവിയററ്യൂണിയനിൽ പൊതുവായിട്ടുണ്ടെന്നത്ഥം.

സോവിയററ്സ്കൂളുകളിൽ കുട്ടികൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളുമുണ്ടു്. സ്കൂൾക്കെട്ടിടം—അതു രാജ്യത്തിൻെറ ഏതു ഭാഗത്തും കണ്ണുപോലെ നന്നാക്കി കെട്ടിയിട്ടുണ്ടു്. ക്ലാസ്റൂമിലെ ഫർണിച്ചർ ഒന്നാന്തരമാണു്. ലൈബ്രറി, ടീച്ചേഴ്സ്റൂം തൊട്ടുള്ള സൗകര്യങ്ങളെല്ലാം മാതൃകാപരമാണു്. ഓരോ സ്കൂളിലും ടീച്ചേഴ്സ്യൂണിയനോഫീസുണ്ടു്. സ്കൂൾഭരണം പ്രിൻസിപ്പാളും ടീച്ചേഴ്സ്യൂണിയൻപ്രതിനിധിയും സ്റ്റുഡൻഡ്സ്യൂണിയൻപ്രതിനിധിയുമടങ്ങിയ ഒരു കമ്മിററിയിൽ നിക്ഷിപ്തമായിരിക്കുന്നു. കുററം ചെയ്താൽ ഉടനെ കുട്ടിയുടെമേൽ അധ്യാപകനോ പ്രിൻസിപ്പാളോ നടപടിയെടുക്കുന്നില്ല ഇവിടെ. ക്ലാസ്സിലെ വിദ്യാത്ഥിയൂണിയനാണു് അയാളെ താക്കീതുചെയ്യാനും ശിക്ഷിക്കാനും. രക്ഷാകത്താക്കളുടെ യൂണിയനുമുണ്ടു്. ആണ്ടിലൊരിക്കൽ കൂടുന്ന 'രക്ഷാകർത്തൃദിന'മല്ല അതു്. ഇടയ്ക്കിടെയുണ്ടാകും അതിൻെറ യോഗം. വിദ്യാത്ഥിയൂണിയന്നു നേരെചൊവ്വ് കൊണ്ടുപോകാൻ വിഷമംതോന്നുന്ന കുട്ടികളുടെ കാര്യം രക്ഷാകർത്തൃയൂണിയൻെറ പര്യാലോചനയ്ക്കു സമപ്പിക്കും. ചുരുക്കത്തിൽ, 'ചൂരൽക്കോൽ ജ്ഞാനത്തെ കൊടുക്കും' എന്നുള്ള ആ പ

ഴയ സ്കൂൾഭരണാദർശം ഇവിടെയില്ലതന്നെ. ഓരോ കുട്ടിയുടെയും സ്വഭാവത്തെയും ജീവിതത്തെയും ശരിപ്പെടുത്തിയെടുക്കാൻ സാമൂഹ്യശക്തിയെ എല്ലാവിധത്തിലും ഉപയോഗപ്പെടുത്തുക എന്നുള്ളതാണിവിടത്തെ നയം. കുട്ടികളുടെ ആരോഗ്യവിഷയത്തിൽ സോവിയററ്സ്കൂളുകൾക്കുള്ള ശ്രദ്ധ എന്നെ വാസ്തവത്തിൽ അത്ഭുതപ്പെടുത്തി. മറെറാരു രാജ്യത്തും ഇത്രയും നിഷ്കൃഷ്ടമായ മെഡിക്കൽകെയർ ഉണ്ടാവില്ലെന്നാണെനിക്കു തോന്നുന്നതു്. ഞങ്ങൾ ഒരു സ്കൂളിൽ കയറി സന്ദർശനമൊക്കെ കഴിഞ്ഞതിനുശേഷം പ്രിൻസിപ്പാളുടെ റൂമിൽ വന്നിരുന്നു സംസാരിച്ചതിനിടയിൽ ഡോക്ടർ വില്യംസ് "മെഡിക്കൽ ഇൻസ്പെക്ഷനില്ലേ ഇവിടെ" എന്നൊരു ചോദ്യമെഴുന്നള്ളിച്ചു. എനിക്കു വല്ലാത്തൊരു ജാള്യം തോന്നി. മേൽവിവരിച്ചവിധം സർവ്വാംഗഭദ്രമായ ഒരു സ്കൂൾസിസ്റ്റം രാജ്യത്തിന്റെ പല ഭാഗത്തുവെച്ചും കണ്ടതിനുശേഷം ഇങ്ങനെയൊരു ചോദ്യമെടുത്തിട്ടാൽ ഇന്ത്യക്കാരെപ്പററി ശ്രോതാക്കൾക്കെന്തു തോന്നും! ആ പ്രിൻസിപ്പാൾ ഒട്ടും അനാദരത്തിന്റേതല്ലാത്ത ഒരു പുഞ്ചിരിയോടുകൂടി മെഡിക്കൽഇൻസ്പെക്ഷന്റെ രജിസ്റ്റർ കൊണ്ടുവന്നു കാണിച്ചുകൊടുക്കാൻ സഹാധ്യാപകരോടു നിർദ്ദേശിക്കയേ ഉണ്ടായുള്ളൂ. "ഏയ്, അതൊന്നും വേണ്ടാ" എന്നു് എനിക്കു തിരുത്താതിരിക്കാൻ കഴിഞ്ഞില്ല. അപ്പോഴേയ്ക്കുമതാ, വന്നുവീണു കെട്ടുകെട്ടായി ഇൻസ്പെക്ഷൻ രജിസ്റ്റർ. അതു കണ്ടിട്ടും എന്റെ സ്നേഹിതന്റെ ജിജ്ഞാസയ്ക്കു് ഒരാഘാതം പററി

യതായി തോന്നിയില്ല. ഞങ്ങൾ രണ്ടുമൂന്നു റജിസ്റ്റർ എടുത്തു നിവർത്തിനോക്കി. എന്റെം ആന്റണി, അപ്പോഴാണു് ഞാനമ്പരന്നതു്. നെഴ്സറിക്ലാസ്സ് തൊട്ടു് ഓരോ കുട്ടിയെയും നിഷ്കർഷിച്ചു പരിശോധിച്ചു് അതാതുകാലങ്ങളിൽ നല്കിയിട്ടുള്ള പ്രിസ്ക്രിപ്ഷനുകളും പിന്നീടും ആ കുട്ടിയുടെ ആരോഗ്യത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുള്ള ആക്കത്തുക്കങ്ങളും കൊല്ലം, മാസം, തിയ്യതിവെച്ചു റജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു! സ്കൂൾജീവിതമവസാനിപ്പിച്ചിറങ്ങുമ്പോൾ ഈ റജിസ്റ്റർ കൈയിലുണ്ടായാൽ മതി, രോഗനിദാനത്തിന്നു പിന്നെ ഒരു ഡോക്ടരെ തേടേണ്ടതില്ല. സോവിയറ്റു യൂണിയനിൽ കുട്ടികളെ പൊന്നിൻപൂക്കളായിട്ടു് കൊണ്ടു നടക്കുന്നു എന്നു പറഞ്ഞാൽത്തന്നെ തികച്ചും ശരിയായിരിക്കും. ജനിച്ചുവളന്നു വിദ്യാഭ്യാസംചെയ്തു ജോലിചെയ്തു ജീവിക്കാനുതകുന്നതുവരെ കുട്ടികളുടെ സമസ്ത താത്പര്യങ്ങളും ഇത്രയും മനസ്സിരുത്തി കാത്തുപോരുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായം, നമ്മുടെ നാട്ടിലില്ലെന്നുള്ളതു പോകട്ടെ, ഏററവുമഭിവൃദ്ധിപ്പെട്ട യൂറോപ്യൻരാജ്യങ്ങളിൽത്തന്നെയും ഇല്ലെന്നു് എനിക്കുറപ്പിച്ചുപറയാൻ കഴിയും. ഈ ഉത്കൃഷ്ടസമ്പ്രദായത്തിൽനിന്നു തിരിയുന്ന യുവതീയുവാക്കന്മാർ മറെറാരിടത്തും കാണാത്തവിധം സാമൂഹ്യബോധവും സമബുദ്ധിയുമുള്ളവരായിക്കാണുന്നുണ്ടു്, ഇവിടെ.

കൂട്ടത്തിൽ മറെറാന്നുകൂടി: മിനിസ്ട്രി ഓഫ് എഡ്യൂക്കേഷൻ സെക്രട്ടേറിയററിൽ പോയിരുന്നു സോവി

യററ്സ്കൂൾസിസ്റ്റത്തെക്കുറിച്ചുള്ള വിവരണം കേട്ടുകഴിഞ്ഞപ്പോൾ നമ്മുടെ വില്യംസ് അവിടെയും വിളമ്പി ഒരു വിഡ്ഢിത്തം. കുട്ടികളെ സ്കൂളിലയയ്ക്കാൻ കഴിവില്ലാത്ത കുടുംബങ്ങളുടെ കാര്യത്തിൽ എന്തു ചെയ്യിട്ടുണ്ടിവിടെ വിശേഷവിധിയായി? ഇതാണ് മൂപ്പരുടെ സംശയം. രാമായണം മുഴുവൻ വായിച്ചുകേട്ടിട്ടും 'രാമനുക്ക് സീതയാര്' എന്നു ചോദിക്കുംപോലായില്ലേ വില്യംസിന്റെ സംശയമെന്നെനിക്കു തോന്നി. ഒരർത്ഥത്തിൽ അദ്ദേഹത്തെ കുറ്റപ്പെടുത്താനില്ല. നാട്ടനീളെ ദാരിദ്ര്യക്കുന്നുങ്ങളെ കണ്ടു വശംകെട്ടിട്ടുള്ള ഒരിന്ത്യക്കാരനു മറിച്ചൊന്നു തോന്നിയാലേ അത്ഭുതമുള്ളു ഞെനാക്കുകയാണ്; കേരളക്കരയിലെ ഒരു ഡെപ്യൂട്ടിഡയറക്ടറെപ്പററി. യൂറോപ്പിൽ പോയി പഠിച്ചുവന്ന ആളാണദ്ദേഹം. എന്നിട്ടദ്ദേഹമെന്നോടു ചോദിച്ചു: "സോഷ്യലിസ്റ്റുരാജ്യങ്ങളിൽ പിച്ചക്കാരില്ലെന്നു വിശ്വസിക്കാമോ?" എന്ന്. ആ സ്ഥിതിക്കു വിദേശത്തേയ്ക്കാദ്യമായി വരുന്ന ഡോക്ടർ വില്യംസിനു് ഇങ്ങനെ തോന്നിയതിൽ അത്ഭുതമില്ല. സെക്രട്ടേറിയററിലെ ഉദ്യോഗസ്ഥൻ ഇത്രമാത്രമേ പറഞ്ഞുള്ളു: "അങ്ങനെയൊരു പ്രശ്നത്തെ ഞങ്ങൾക്കിതേവരെ നേരിടേണ്ടിവന്നിട്ടില്ല" അർത്ഥഗർഭമായ ഈ ഉത്തരം കേട്ടപ്പോൾ വില്യംസിന്റെ ജിജ്ഞാസയുടെ കൊടി താഴ്ത്താൻ എനിക്കദ്ദേഹത്തെ ഒന്നു തോണ്ടേണ്ടതായി വന്നു.

സോവിയററ്യൂണിയനിലും 'ബേസി'ക്കായിരുന്നു ആദ്യം എന്നു നമ്മുടെ ചില ഗാന്ധിയന്മാർ തട്ടിവിടാ

റുണ്ടല്ലോ. ബാർബർഷാപ്പാണുള്ളതെങ്കിൽ അതോടനുബന്ധിച്ചും വിദ്യാവിതരണത്തിനേർപ്പാടുചെയ്യുക എന്നതായിരുന്നു ഇവിടത്തെ പരിപാടിയെന്നു് ഒരടിസ്ഥാനവിദ്യാഭ്യാസവിദഗ്ദ്ധൻ എന്നോടു പറഞ്ഞതായി ഓർക്കുന്നുണ്ടു്. അതിനെപ്പററിയും ഞാനന്വേഷിച്ചു. ശരിയാണു്, ഒരുകാലത്തങ്ങനെയും ചെയ്തിരുന്നു—സാക്ഷരത്വത്തിന്റെ ശതമാനം വളരെ കുറവായിരുന്ന കാലത്തു്. എവിടെവെച്ചായാലും ചെയ്യുന്ന തൊഴിലിനോടനുബന്ധിച്ചു കുറെയേറെ കാര്യങ്ങൾ നാട്ടുകാരെ അതിവേഗത്തിൽ പഠിപ്പിക്കണം എന്നതായിരുന്നു ആ ദശയിലെ ആവശ്യം. അത്ര മാതൃകാപരമായൊരു വിദ്യാവിതരണപദ്ധതിയായിട്ടൊന്നും ഇവിടെ കണക്കാക്കിയിരുന്നില്ല. മുട്ടുശാന്തി—അത്രയേ ആയിരുന്നുള്ളു അതു്. രണ്ടുമൂന്നു കൊല്ലംമുമ്പു ചൈനയിൽ പോയപ്പോൾ ഞാനിതു കാണുകയുണ്ടായി. പ്രായം ചെന്നതിനുശേഷവും ഒരു ജനതയ്ക്കു് ഈ മുട്ടുശാന്തി കാര്യമായി കൊണ്ടുനടക്കേണ്ടതില്ലെന്നാണു് ഇവിടത്തെ വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ അഭിപ്രായം. ഇന്ത്യയിൽ ഇന്നും പ്രാകൃതദശയിൽ കിടക്കുന്ന ജനപദങ്ങളിലേയ്ക്കു 'ബേസിക്' ഉപയോഗപ്പെട്ടേയ്ക്കും. മുഴത്തിനുമുഴത്തിനിപ്പോൾത്തന്നെ സ്കൂളുള്ള കേരളത്തിനിതു പററുകയില്ല. പക്ഷേ പറഞ്ഞിട്ടെന്തു കാര്യം? തെങ്ങിനും കവുങ്ങിനും തളപ്പൊന്നാണല്ലോ നമ്മുടെ നാട്ടിൽ.

ഗാന്ധിജിയുടെ സിദ്ധാന്തത്തെ കണ്ണടച്ചു കുററപ്പെടുത്തുകയാണെന്നു താങ്കൾക്കു തോന്നരുതു്. നമ്മുടെ

അടിസ്ഥാനവിദ്യാഭ്യാസത്തിൽ അപകടംപിടിച്ച രണ്ടു സംഗതിയുണ്ടു്: മനുഷ്യരാശിയുടെ അറിവു് അടിക്കടി വർദ്ധിക്കുകയാണു്. വർദ്ധനമായ അറിവിൽ വശത്താക്കാവുന്നേടത്തോളം വശത്താക്കുക—അതായിരിക്കണം ആധുനികവിദ്യാഭ്യാസത്തിൻെറ പ്രധാനലക്ഷ്യം. ആ അറിവിലൂടെയാണു് ജീവിതം ഫലപ്പെടേണ്ടതും സംസ്കാരസമ്പന്നമാകേണ്ടതും. അറിവിന്നുണ്ടാകേണ്ട ഈ മൂൻതൂക്കമുണ്ടല്ലോ, അതിനെ അവഗണിക്കുകയാണു് അടിസ്ഥാനവിദ്യാഭ്യാസം. മറെറാന്നുള്ളതു്, ഏതു തൊഴിലിലൂടെയും മനുഷ്യന്നാവശ്യമാകുന്നേടത്തോളം അറിവു പകൻുകൊടുക്കാമെന്നു വാദിക്കുന്നുണ്ടെന്നിരുന്നാലും അടിസ്ഥാനവിദ്യാഭ്യാസക്കാർ അതിന്നുള്ള സമഗ്രപരിപാടി ആസൂത്രണംചെയ്യാൻ മെനക്കെട്ടിട്ടില്ലെന്നുള്ളതാണു്. നൂൽനൂല്പിലൂടെ കുറെ കാര്യങ്ങൾ പഠിപ്പിക്കാമെന്നവർ പറഞ്ഞുവെച്ചിട്ടുണ്ടു്. വേറെ തൊഴിലുകളെസ്സംബന്ധിച്ചേടത്തോളം 'കോറിലെറഡ്ടീച്ചിങ്ങ്' അവർ വിവരിച്ചുതന്നിട്ടില്ല. കയർപിരിക്കലിലൂടെ അടിസ്ഥാനവിദ്യാഭ്യാസം നടത്തേണ്ടതെങ്ങനെയാണെന്നു ചോദിച്ചപ്പോൾ മി: രാമചന്ദ്രൻ പറഞ്ഞതു് ആലപ്പുഴക്കാരും ചേർത്തലക്കാരും അതിന്നൊരു പരിപാടിയുണ്ടാക്കട്ടെ എന്നാണു്. മനുഷ്യൻെറ വളച്ചയിൽ അറിവിനെ അതഥിക്കുന്നേടത്തോളം വിലയിരുത്താൻ കൂട്ടാക്കാത്ത കരുച്ചക്കമ്പമല്ലേ നമ്മുടെ അടിസ്ഥാനവിദ്യാഭ്യാസമെന്നു തോന്നിപ്പോവുകയാണു് പിന്നെയും.

സ്വന്തം മുണ്ടശ്ശേരി.

ലെനിൻഗ്രാഡ് എക്സ്പ്രസ്സ്
6—12—'54

പ്രിയപ്പെട്ട ആൻറണി,

ഞങ്ങൾ ലെനിൻഗ്രാഡിലേയ്ക്കുള്ള യാത്രയാണ്— വിമാനത്തിലല്ല, തീവണ്ടിയിൽ. സമയം രാത്രി. യാത്രയ്ക്കു പകൽ മിനക്കെടുത്താതെ കഴിക്കാമല്ലോ. നാളെ വെളുപ്പിനേ അവിടെയെത്തും. വണ്ടിയിൽ ഹോട്ടലിലെ എല്ലാ സൗകര്യങ്ങളുമുണ്ട്. എയർ കണ്ടീഷൻഡാണ് ഓരോ കമ്പാർട്ടുമെൻറും. ഈരണ്ടാൾക്ക് ഓരോ റേഡിയോ സംവിധാനവുമുണ്ട്. എക്സ്പ്രസ്സാണെന്നിരുന്നാലും വണ്ടിയോടുന്നതു ഞങ്ങളറിയുന്നില്ല. കുലുക്കമായാലും ശബ്ദമായാലും വളരെ നിസ്സാരം. അതുകൊണ്ട് ഇലക്ട്രിക് ലൈററിലിരുന്നു സുഖമായി വായിക്കയും എഴുതുകയും ചെയ്യാം. ഇടയ്ക്കു കുടിക്കാനോ വലിക്കാനോ വേണമെങ്കിൽ ഒരു സ്വിച്ചിടുകയേ വേണ്ടൂ, ആളെത്തി വേണ്ടതു മേശപ്പുറത്തു കൊണ്ടുവന്നു വെയ്ക്കുകയായി.

രാത്രിയായാലും നിലാവുള്ളതിനാൽ ഇരുവശവും ഏറെക്കുറെ കാണാം. മഞ്ഞുതങ്ങനെ പെയ്തു വെള്ളവിരിച്ചിരിക്കുകയാണു് നാട്ടിൻപുറമാകെ. ഇടയ്ക്കിടയ്ക്കു് ആൾപ്പാർപ്പിന്റെ കേന്ദ്രങ്ങളുണ്ടു്. വലിയ കെട്ടിടങ്ങൾ കുറവാണു്. മിക്കയിടത്തും ഇലക്ട്രിക്ലൈറ്റുണ്ടു്. വെള്ളവിരിച്ചിരിക്കുന്ന പ്രദേശങ്ങളിൽ വർഷക്കോതമ്പിന്റെ (Winter wheat) വിളവിറക്കിയിരിക്കയാണു്. വിതച്ചുപൊങ്ങിയ നെല്ലു പെട്ടന്നു വെള്ളം കയറി കുറെ ദിവസത്തേയ്ക്കു മൂടിക്കിടക്കാറില്ലേ, ഏതാണ്ടതുപോലെ നിരപ്പേ മഞ്ഞിന്നടിയിൽക്കിടക്കുകയാണു് വിളവെല്ലാം. വർഷത്തിന്റെ ഉറക്കം പോയി കുറേശ്ശെ വെയിലായാൽ മഞ്ഞു് അലിഞ്ഞൊഴുകിപ്പോകും. അപ്പോൾ തലനീട്ടി വീണ്ടും തഴയ്ക്കും—റഷ്യക്കാരെപ്പോലെതന്നെ.

വണ്ടിയിൽവെച്ചു വേറെ പണിയൊന്നുമില്ലാത്തതിനാൽ മോസ്കോവിൽവെച്ചു കണ്ടതിൽ ബാക്കി കുത്തിക്കുറിക്കുകയാണു്. എഴുതിക്കഴിഞ്ഞാൽ ഈ എക്സ്പ്രസ്സ്വണ്ടിയിൽത്തന്നെ പോസ്റ്റ്ചെയ്യാം.

ഇന്നലെത്തെ കത്തിൽ സ്കൂൾസിസ്റ്റത്തെക്കുറിച്ചാണല്ലോ എഴുതിയിരുന്നതു്. അക്കൂട്ടത്തിൽ മോസ്കോയൂണിവേഴ്സിറ്റിയെക്കുറിച്ചു പറയാൻ പറ്റിയില്ല—സ്വല്പം വിസ്തരിച്ചെഴുതേണ്ട കാര്യമായതുകൊണ്ടു്. യൂണിവേഴ്സിറ്റികൾ യൂറോപ്പിൽ അനേകത്ര കണ്ടിട്ടുണ്ടു്; പഠനസമ്പ്രദായത്തിൽ നമ്മുടേതിനെ അപേക്ഷിച്ചു സവിശേഷതകളില്ലാതില്ല, അവിടങ്ങളിൽ. പക്ഷേ മോ

മോസ്കോയൂണിവേഴ്സിററിയെപ്പററി പറയാനുള്ളതു് അതൊന്നുമല്ല. യൂറോപ്പിൽ പലേടത്തുമെന്നതുപോലെ, പണ്ടേ ഉണ്ടായ ഒന്നാണു് മോസ്കോയൂണിവേഴ്സിററിയും. 1755-ലോ മററോ ആണു് തുടക്കം. പതിനെട്ടാംനൂററാണ്ടിന്റെ അവസാനത്തോടുകൂടി അതൊരു ബ്രഹ്മാണ്ഡസ്ഥാപനമായിത്തീൎന്നു. 1812-ൽ അതിന്നു തീപ്പിടിച്ചു പല കെട്ടിടങ്ങളും നശിച്ചു. പിന്നീടുദ്ധരിച്ച എടുപ്പുകളിലാണു് നഗരത്തിന്റെ നടുവിൽ 1950 വരെ യൂണിവേഴ്സിററി നടന്നിരുന്നതു്. ഇപ്പോൾ അതു നഗരത്തിൽനിന്നല്പം ദൂരെ ഒരിടത്തേയ്ക്കു മാററപ്പെട്ടിരിക്കുന്നു—തൃശ്ശൂർനിന്നു രാമവൎമ്മപുരത്തേയ്ക്കു മാററിയാലെങ്ങനെയോ, അങ്ങനെ. പുതിയ കെട്ടിടങ്ങൾ ഒക്കെക്കൂടി നഗരത്തിന്നകത്തൊരു കൊച്ചുനഗരം നിൎമ്മിച്ചിരിക്കുകയാണു്. യൂണിവേഴ്സിററിക്കാരേ ഉള്ളൂ അങ്ങോട്ടു കടന്നാൽ. പഠിക്കാനും ഉപരിഗവേഷണങ്ങൾ നടത്താനും ചൎച്ചകൾ സംഘടിപ്പിക്കാനുമുതകുന്നൊരു വ്യത്യസ്തലോകത്തിലാണു് അവർ ജീവിക്കുന്നതെന്നു തോന്നും. 12 ഫാക്കൽട്ടികളുണ്ടാകെ. 21,000 ആണു് ഇപ്പോൾ ഒട്ടാകെ വിദ്യാൎത്ഥികൾ. അതിൽ 5000 പേർ താന്താങ്ങളുടെ നാട്ടിൽ താമസിച്ചു യൂണിവേഴ്സിററിയുമായി കത്തിടപാടു നടത്തി ഉപരിപഠനം നിൎവ്വഹിക്കുന്നവരാണു്. ബാക്കി മിക്കവരും താമസിക്കുന്നതു യൂണിവേഴ്സിററിയിൽത്തന്നെ. 18,000 വിദ്യാൎത്ഥികൾക്കൊരേ സമയത്തിവിടെ താമസിച്ചു പഠിക്കാം. ഓരോരുത്തനും ഓരോ റൂം കിട്ടും—എല്ലാത്തരം ആധുനികസൗകര്യങ്ങ

ളോടുംകൂടി നൂറീത വിദ്യാർത്ഥികൾക്കു പൊതുവേ വായനയ്ക്കും വിനോദത്തിന്നും മററും വെവ്വേറെ ഹാളുണ്ടു്. സിനിമയും നാടകവുമൊക്കെ അവർക്കു സ്വന്തമായിട്ടാകാം. വാടക മാസത്തിൽ 15 റൂബിളേ വേണ്ടൂ. കൊല്ലത്തിൽ ഒരു വിദ്യാർത്ഥിക്കു് ആകപ്പാടെ കൊടുക്കേണ്ടിവരുന്നതു 400 റൂബിൾമാത്രം. റൂബിളിന്റെ കൈമാററവില ഒന്നിൽച്ചില്വാനം ഉറുപ്പികയാണു്. പക്ഷെ അതത്ര കാര്യമാക്കിക്കൂടാ. സോവിയററുയൂണിയനിൽ ജോലിക്കു കിട്ടുന്ന പ്രതിഫലത്തിന്റെ നിരക്കു വെച്ചുനോക്കുമ്പോൾ വളരെ തുച്ഛമാണു് നാനൂറു റൂബിൾ. എനിക്കു് അഞ്ചു മിനിട്ടുനേരത്തെ ഒരു പ്രക്ഷേപണത്തിന്നു കിട്ടിയ പ്രതിഫലം 250 റൂബിളാണു്. നമ്മുടെ നാട്ടിൽ അഞ്ചു മിനിട്ടല്ല, അരമണിക്കൂറോ ഒരു മണിക്കൂറോ പ്രക്ഷേപണം നടത്തിയാൽ കിട്ടുന്നതെന്താണു്? വെറും 30 ഉറുപ്പിക; അതും വഴിച്ചെലവടക്കം. ഈ പ്രതിഫലത്തോതുകളെ തട്ടിച്ചുനോക്കി വേണം റൂബിളിന്നും രൂപ്യക്കും വിലയിരുത്താൻ. വിദ്യാർത്ഥികളിൽ മിക്കവരും, ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ, 'സൗജന്യ'ക്കാരാണു്. കൊല്ലത്തിൽ 400 റൂബിളും കൊടുക്കേണ്ടിവരുന്നവർ വളരെ ചുരുങ്ങും. മിടുക്കന്മാർക്കു മുറയ്ക്കു സ്റൈറപ്പൻറുണ്ടു്—ഇരുനൂറും നാനൂറുംവീതം. ഇനി അദ്ധ്യാപകന്മാരുടെ കാര്യം: ഇപ്പോൾ 2500 അദ്ധ്യാപകന്മാരുണ്ടു്. എല്ലാവരും താമസിക്കുന്നതു യൂനിവേഴ്സിററി ക്വാർട്ടേഴ്സിൽത്തന്നെ—സകുടുംബം. വിദ്യാർത്ഥികളുടെ ജീവിതവുമായി തൊട്ടുരുമ്മിക്കഴിയുകയാണവർ. ശമ്പളവും ജീവിതസൗകര്യ

ങ്ങളും വേണ്ടുവോളമുണ്ടു് അവക്കു്. എന്നാൽ നമ്മുടെ നാട്ടിലെ ഗവണ്മെണ്ടുകോളേജ് പ്രഫസർമാരെപ്പോലെ പൊന്തി ഇടവിതാനത്തിൽ നില്ക്കുന്നവരല്ല അവർ. സാധാരണക്കാരുടെ ജീവിതത്തോതിവിടെ ഇന്ത്യയിലേതിലും വളരെ ഉയൎന്നതാണെന്നതും ഇതിന്നു കാരണമാണു്. പ്രൊഫസർമാരിൽ മിക്കവൎക്കും ഉപരിഗവേഷണത്തിൽ കണക്കററാവേശമുണ്ടു്. അതിന്നാവശ്യമായ സജ്ജീകരണങ്ങളുണ്ടു്, ഗവേഷണഫലങ്ങൾക്കൊക്കെത്തന്നെ അംഗീകരണവുമുണ്ടു്. യൂണിവേഴ്സിററിയിൽ റിസൎച്ചു് ചെയ്യുന്നവർ അന്യഭാഷക്കാരാണെങ്കിൽ അവർ തീസിസ്സു് താന്താങ്ങളുടെ ഭാഷയിലെഴുതിയാലും മതി. അതാതു ഭാഷകളിൽത്തന്നെ തീസിസ്സു് പരിശോധിക്കാനുള്ള അധ്യാപകന്മാരുണ്ടു്. ഇംഗ്ലീഷിലും ഫ്രഞ്ചിലും ജൎമ്മനിലുമെന്നപോലെ ഉസ്ബക്കിലും അൎമ്മേനിയനിലും, എന്നു വേണ്ട, എല്ലാ റിപ്പബ്ളിക്കുകളിലെയും ഭാഷയിലും തീസിസ്സെഴുതി ഹാജരാക്കുന്നുണ്ടിവിടെ.

വിശേഷവിധിയായി പറയാനുള്ളതു യൂണിവേഴ്സിററിയിരിക്കുന്ന പുതിയ എടുപ്പുകളെക്കുറിച്ചാണു്. ഒരു മുപ്പത്തിരണ്ടുനിലക്കെട്ടിടമാണു് നടുവിൽ—ഉയൎന്നുയൎന്നങ്ങനെ പോയി സ്തൂപികയിൽ അവസാനിക്കുന്നൊരു കെട്ടിടം. സ്തൂപികാഗ്രത്തിൽ സോവിയററ് യൂണിയൻെറ കൊടിയടയാളമുണ്ടു്. രാത്രികാലത്തു കെട്ടിടത്തിൻെറ കഴുത്തിൽനിന്നു മേല്പോട്ടു നിറയെ വെച്ചിട്ടുള്ള ഇലക്ട്രിക്‌ലൈററിൽ ആ ചുവന്ന കൊടിയടയാളം നക്ഷത്രങ്ങൾക്കിടയിൽ ഉയൎന്നങ്ങനെ കാണാം. ഈ

എടപ്പിൻെറ ഇരുഭാഗത്തുമായി പതിനേഴുനിലക്കെട്ടിടങ്ങളാണു്. ആകപ്പാടെ സോവിയററ്ശില്പകലയുടെ ഏററവും വിശേഷപ്പെട്ടൊരു മാതൃകയായിട്ടുണ്ടു് ഈ യൂനിവേഴ്സിററിബിൽഡിങ്ങ്. കണ്ടാലാരും അത്ഭുതാഹ്ലാദങ്ങളോടെ നോക്കിനിന്നുപോകും. 160 ക്ലാസ്റൂമും 1600 ലാബൊറട്ടറിയുമുണ്ടു് ഈ കെട്ടിടത്തിൽ. തട്ടുകളിലേയ്ക്കു കയറാനുമിറങ്ങാനുമായി ലിഫ്ടേപ്പാടുണ്ടു്— നൂററിഅമ്പതോളം. ഒരേ സമയത്തു് എല്ലാ വിദ്യാത്ഥികളെയും അതാതു ക്ലാസ്റൂമിലെത്തിക്കാൻ അഞ്ചേ അഞ്ചു മിനുട്ടു വേണ്ടൂ. എല്ലാടവും നടന്നുകണ്ടിറങ്ങിയപ്പോൾ ഞാൻ നമ്മുടെ യൂണിവേഴ്സിററികോളേജുകളിലെ ഗതികേടുകളെക്കുറിച്ചോത്തുപോയി. അധ്യാപകക്കായാലും അദ്ധ്യേതാക്കൾക്കായാലും കഷ്ടിച്ചു കയറിയിരുന്നിറങ്ങിപ്പോരാനുള്ള സൗകര്യങ്ങളേ നമുക്കുള്ളു. ഇവിടെയോ? ആക്കും ഒന്നിനുമൊരു കുറവുമില്ല.

വിദ്യാത്ഥികളുടെയും അധ്യാപകന്മാരുടെയും ജീവിതസൗകര്യങ്ങളെക്കുറിച്ചു പറയുമ്പോൾ ഇവിടെ പൊതുവെയുള്ള ജീവിതത്തോതിനെപ്പററി ഓമ്മവരികയാണു്. സ്റ്റോക്ഹോമിൽവെച്ചു് ആ അമേരിക്കൻപക്ഷപാതിയായ പത്രാധിപർ സോവിയററ്യൂനിയനിലെ ജീവിതത്തോതു് അറുവഷളാണെന്നു് ആക്ഷേപിക്കയുണ്ടായല്ലോ. യൂനിവേഴ്സിററിയിൽ പഠിക്കുന്ന വിദ്യാത്ഥികൾക്കിത്രയും സൗകര്യങ്ങളുണ്ടാക്കിക്കൊടുത്തിട്ടുള്ള ഒരു രാജ്യത്തു ജീവിതത്തോതു് അത്ര മോശമായിരിക്കാൻ പാടുണ്ടോ? പാടില്ലെന്നല്ല, ഒട്ടും മോശമല്ലെന്നു് അനുഭ

വപ്പെട്ടുകതന്നെ ചെയ്തു. ഹോട്ടലിലും മററു സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന പലരുമായി എനിക്കു സംസാരിക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഇവിടത്തെ ലിവിങ്ങ്വേജസ്സിൻെറ കണക്കുകൾ മുമ്പിൽവെച്ചാണു് ഞാനിതെഴുതുന്നതു്. ഫാക്ടറികളിലും മററും അപ്രണ്ടിസ്സായി ചേരുന്നവക്കും നിരത്തു് അടിച്ചുവാരുന്നവക്കും മററുമാണു് ഏററവും കുറഞ്ഞ ശമ്പളം—മാസത്തിൽ ആയിരമോ അറനൂറോ റുബിൾ. പ്രധാനമായി ഭക്ഷണത്തിനും ഉടുപ്പിനും മാത്രമേ വേണ്ടൂ, അതിൽനിന്നു്. മററെല്ലാം സൗജന്യമായി കിട്ടും. അപ്രണ്ടിസുകൾക്കു പരിശീലനം കഴിഞ്ഞാൽ എഴുനൂററമ്പതും ആയിരവുമാവും. സാങ്കേതികപരിജ്ഞാനത്തോടുകൂടിയവക്കു് 1500, 2000, 8000 എന്നീ തോതുകളിലാണു് പ്രതിഫലം. 5000 ആണു് അങ്ങേയററം. പക്ഷേ അതു വളരെ കുറച്ചുപേക്കേ ഉള്ളൂ. സാമാന്യക്കാരെല്ലാം 8000ത്തിൽ കഴിയും. ഒരു ഫാക്ടറി ഡയറക്ടക്കു 2500 കിട്ടുമ്പോൾ അവിടെത്തന്നെ ഒരു തൊഴിലാളിക്കു 3000വരെ കിട്ടുന്ന അനുഭവമുണ്ടു്. 'പ്രവദ' അച്ചുകൂടത്തിലെ പ്രവൃത്തിക്കാക്കു 1500, 2000 എന്നീ തോതുകളിലാണു് ശമ്പളം. ഏററവും കുറഞ്ഞതിൻെറ ഏഴോ എട്ടോ ഇരട്ടിയേ വരികയുള്ളൂ ഏററവുമുയന്ന ശമ്പളമെന്നു പറയാം. താണ പതനക്കാക്കു സ്റ്റേററിൽനിന്നുള്ള സൗജന്യങ്ങൾ അധികമുണ്ടു്. ഉയന്നവരാണെങ്കിൽ ചികിത്സാദികൾക്കു കുറേശ്ശ ഫീസ്സടയ്ക്കണം; വീട്ടുവാടകയുടെ കാര്യത്തിലും നീക്കുപോക്കുണ്ടു്. മിക്ക കുടുംബങ്ങളിലും ഭത്താവിനെന്നപോലെ ഭാര്യക്കുമ

ണ്ടു് ജോലി. ഇരുവർക്കുംകൂടി 2000വും അതിലധികവും റൂബിൾ വരവുണ്ടാവും. നിത്യനിദാനത്തിന്നു വേണ്ടതു കഴിച്ചാൽ മിച്ചമുണ്ടാവും മിക്കവർക്കും—അഞ്ഞൂറോ അതിലധികമോ. ഈ മിച്ചം സ്വന്തമായി വീടുണ്ടാക്കാനോ കാറു വാങ്ങാനോ മററു സുഖസൗകര്യങ്ങൾക്കോ വിനിയോഗിക്കാം. വീടുകെട്ടാൻ ഏതാനും തവണകളിലായി തിരിച്ചടയ്ക്കേണ്ട ലോൺ കിട്ടും, സർക്കാരിൽനിന്നു്. 60%ത്തിലധികം കുടുംബങ്ങൾക്കിന്നു സോവിയററുയൂണിയനിൽ സ്വന്തമായി വീടുണ്ടു്. കാറും ഇൻസ്റ്റാൾമെൻറ്ബേസിസ്സിൽ വാങ്ങാം. ഒരു സാധാരണകാറിന്നു 6000 റൂബിളാണു് വില. ഏതിടത്തരക്കാരന്നും വാങ്ങാവുന്ന വിലയേ ഉള്ളൂ കാറിന്നു്. ഫാക്ടറിത്തൊഴിലാളികളിൽ നല്ലൊരു ശതമാനത്തിന്നു കാറുണ്ടു്. 'പ്രവദ'യച്ചുകൂടത്തിലെ പലരും ജോലിക്ക വരുന്നതു സ്വന്തം കാറിലാണു. എനിക്കതു കണ്ടിട്ടു് അസൂയ തോന്നി. ഇവിടെ ഏററവും വരവുള്ളവർ എഴുത്തുകാരും കലാകാരന്മാരുമാണു്—എന്നെ കൂടുതൽ അസൂയപ്പെടുത്തിയ മറെറാരു കാര്യം! ഓരോ പുസ്തകത്തിൻെറയും കോപ്പി ലക്ഷക്കണക്കിനാണു് വിററഴിയുന്നതു്. ഏററവും കുറഞ്ഞ ശതമാനം വെച്ചു കിട്ടിയാലും പ്രതിഫലം വളരെ വലിയൊരു തുകയുണ്ടാവും. നല്ലൊരെഴുത്തുകാരന്നു് അയ്യായിരമല്ല, പതിനായിരം റൂബിൾവരെ ആദായമുണ്ടു്, മാസത്തിൽ. അയാളുടെ വരവിന്മേൽ കൂടുതൽ നിയന്ത്രണങ്ങളുണ്ടെന്നുള്ളതു വിസ്മരിക്കാൻ വയ്യ. എന്നാലും ഒരു സർക്കാരോ ഒരു സെമിനാരോവോ ആകാനൊത്തെങ്കിൽ എന്നൊരു തോന്നൽ!

സോവിയററുയൂണിയനിൽ മാസാന്തവേതനങ്ങളും സാമാനവിലകളും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടുണ്ടു്. സോഷ്യലിസ്റ്റ്നീതിയുടെ ഏററവും വലിയ അനുഗ്രഹം ഇതാണു്: ഒരു പ്രഭാതത്തിലെണീക്കുമ്പോൾ ഒരു കുററവും ചെയ്യാതെ അരപ്പട്ടിണിക്കാരാവുക—അങ്ങനെയൊരു ഭാഗ്യക്കേടിന്നവസരമില്ല ഇവിടെ. ഞാൻ പറഞ്ഞില്ലേ, പ്രക്ഷേപണപ്രസംഗത്തിന്നു 250 റൂബിൾ കിട്ടിയെന്നു്? ഒരിടത്തരം ക്യാമറയ്ക്കു 400-ൽച്ചില്വാനം റൂബിളേ കൊടുക്കേണ്ടൂ; സാമാന്യം നല്ലൊരു വാച്ചിന്നു 3[illegible]0 റൂബിളും. യന്ത്രസഹായം കുറഞ്ഞുള്ള കൈവേലത്തരങ്ങൾക്കു താരതമ്യേന വില കൂടുതലാണു്.

യൂറോപ്പിലെ ജീവിതനിലവാരവുമായി തട്ടിച്ചുനോക്കിയാൽ സോവിയററുയൂണിയനിലെ സ്ഥിതി മോശമാണോ, ആ പത്രാധിപർ പറഞ്ഞമാതിരി? അല്ലെന്നാണനുഭവം. ഇംഗ്ലണ്ടിലെയും സ്വീഡനിലെയും സ്ഥിതി വരുംവഴിക്കു ഞാൻ നേരിട്ടറിയുകയുണ്ടായി. സ്വീഡനിലേതിൽനിന്നു് അല്പം താണതാണു് ഇംഗ്ലണ്ടിലെ ജീവിതത്തോതു്. ഏതാണ്ടതിനോടൊത്തുനില്ക്കും സോവിയററുയൂണിയനിലേതു്. എന്നാലൊരു മെച്ചമുണ്ടു്: പരക്കെയുണ്ടു് ഇവിടെ ആ ജീവിതത്തോതു്. എന്നല്ല, അതു വ്യക്തികൾക്കൊരു ഭാരമല്ലതാനും. തൊഴിലില്ലായ്മയോ, അതൊട്ടുമില്ലിവിടെ. സർക്കാരിൽനിന്നു കിട്ടുന്ന ആനുകൂല്യങ്ങൾക്കു പ്രീമിയമടയ്ക്കേണ്ടതുമില്ല. ഇത്രയും മനസ്സിലാകുമ്പോഴാണു് സോവിയററുയൂണിയനിൽ മനുഷ്യന്റെ അന്തസ്സു് എത്രമാത്രം വർദ്ധിച്ചിട്ടുണ്ടെന്നു ബോ

ധ്യമാവുക. ഇനിയും വർദ്ധിക്കാമെന്നതു ശരി. പക്ഷേ വർദ്ധിച്ചേടത്തോളം വലിയൊരു നേട്ടമാണു്.

മണി രണ്ടായി. കൂട്ടുകാർ കൂർക്കംവലിക്കുകയാണു്. കുറച്ചുറങ്ങാഞ്ഞാലോ? എഴുത്തിവിടെ നിർത്തിയേ പററൂ.

സ്വന്തം മുണ്ടശ്ശേരി.

ഹോട്ടൽ അസ്റ്റോറിയ,
ലെനിൻഗ്രാഡ്,
9—12—'54

പ്രിയപ്പെട്ട ആന്റണി,

രണ്ടു ദിവസമായി ഇവിടെയെത്തിയിട്ടു്. ഞങ്ങളെ സ്വീകരിക്കാൻ തീവണ്ടിയാപ്പീസ്സിൽ ഇവിടത്തെ സമാധാനക്കമ്മിററിപ്രവത്തകന്മാരും പൂച്ചെണ്ടുകളുമായി കട്ടേറെ കട്ടികളും വന്നിരുന്നു. പ്രധാനവീഥിയുടെ കരററത്തായി വളരെ പ്രശസ്തമായൊരു പഴയ ഹോട്ടലിലാണു് ഞങ്ങളുടെ താമസം. ഇതും രാജവാഴ്ചക്കാലത്തു് അതിപ്രശസ്തരായ അതിഥികൾക്കു താമസിക്കാനുണ്ടാക്കിയിട്ടുള്ളൊരു ഹോട്ടലാണു്. മോസ്ക്കോവിലെ നാഷണൽഹോട്ടലിനെക്കാളും അന്തസ്സുണ്ടിതിന്നു്. വന്നുകയറി അല്പം വിശ്രമിച്ചതിന്നുശേഷം ഞങ്ങൾ നഗരമാകെ ചുററിക്കാണാനിറങ്ങി.

നീവാനദിയുടെ ഇരുവശത്തുമായിട്ടാണു് ലെനിൻഗ്രാഡിന്റെ നില്പു്. ഫിന്നിഷുൾക്കടലിലേയ്ക്കു വീഴുന്നോ

ടമായതുകൊണ്ടു നദിയുടെ മുഖത്തു പല തുരുത്തുകളുമു
ണ്ടു്. അവയെയെല്ലാം തമ്മിലിണക്കിക്കൊണ്ടുള്ളതാ
ണു് നഗരം. ഇപ്പോൾ നദിയിലെ വെള്ളം ഉറച്ചു്,
നിരപ്പേ മാർബിൾ വിരിച്ചപോലെ, ധവളമോഹനമാ
യിക്കിടക്കുകയാണു്; ഫിന്നിഷ്കടലും അങ്ങനെത
ന്നെ. കുട്ടികൾ ഈ വെള്ളവിരിച്ച നദിയുടെ മീതെ
ഓടിക്കളിക്കും. ഇതെഴുതുമ്പോൾ എന്നോടൊന്നിച്ചുള്ള
റഷ്യൻസ്നേഹിതൻ പറഞ്ഞൊരു സംഭവം ഞാനോർത്തു
പോകുന്നു: വിപ്ലവത്തിനുമുമ്പു ലെനിൻഗ്രാഡിന്റെ പ
രിസരത്തിലൊരിടത്തു ഗു. ജി.യായിക്കഴിച്ചുകൂട്ടിയിരുന്ന
ലെനിൻ പെട്ടെന്നു കിറൺസ്കിഗവമ്മെണ്ടിനാൽ പി
ടിക്കപ്പെടാൻ പോകുന്നുവെന്നറിഞ്ഞു രണ്ടുംകല്പിച്ചങ്ങി
റങ്ങി ഉറച്ചുകിടന്നിരുന്ന ഫിന്നിഷ്കടലിൻമീതെ
അങ്ങോട്ടു നടന്നുകളഞ്ഞു—ഫിൻലണ്ടിൽ കയറി രക്ഷ
പ്പെടാൻതന്നെ. കുറെയങ്ങോട്ടു നടന്നപ്പോഴയ്ക്കും മ
ഞ്ഞിൻപലക പൊട്ടി ഒരു കാൽ വെള്ളത്തിലാണ്ടുപോ
യി. എന്നിട്ടും കൂട്ടാക്കിയില്ലത്രേ അദ്ദേഹം. വിശ്വസ്ത
നായ കോറിയർ (സഹചാരി) കൂടെയുണ്ടായിരുന്നതി
നാൽ ഒരുകണക്കിലദ്ദേഹം രക്ഷപ്പെട്ടുകര പററി. എന്തു
തോന്നുന്നു, ഈ കഥ കേട്ടിട്ടു്? മാനവരാശിയുടെ ജാത
കം മാററിയെഴുതാൻ പ്രതിജ്ഞചെയ്തിറങ്ങുന്ന ഒരാൾ
ക്കു്, അയാൾ എത്ര മഹാത്മാവായാലും ശരി, എന്തെ
ന്തുവിധത്തിൽ ക്രൂശിക്കപ്പെടേണ്ടിവരില്ല! അങ്ങനെ
ഏതാണ്ടൊരു ചതിക്കുഴിപോലെയുള്ള ഈ ഭാഗത്തു
കപ്പൽഗതാഗതം ഏപ്രിൽതൊട്ടു നവമ്പർവരെയേ
ഉള്ളൂ.

രണ്ടാംലോകമഹായുദ്ധത്തിൽ ഏറെക്കുറെ ജർമ്മനിയുടെ മേല്ക്കൂട്ട കയററത്തിന്നരങ്ങായതാണു് ഈ നഗരം. പരിക്കുകൾ അവിടവിടെ ഇന്നും കാണാം. പക്ഷേ ലണ്ടനിലെ സ്ഥിതിയല്ല. തകൎന്ന എടുപ്പുകളെല്ലാം കൂട്ടത്തലന്തസ്സിൽ തലപൊക്കിക്കഴിഞ്ഞിട്ടുണ്ടു്. ഇപ്പോൾ നഗരത്തെ വികസിപ്പിക്കുന്നതിലേയ്ക്കുള്ള തിടുക്കമാണു്. ബ്രഹ്മാണ്ഡങ്ങളായ പുത്തനെടുപ്പുകൾ അനുദിനമങ്ങനെ ഉയരുന്നുണ്ടു്, പരിസരങ്ങളിൽ. ജർമ്മനാക്രമണത്തെ സധീരം ചെറുത്തുതോല്പിച്ച ഇവിടത്തെ ദേശാഭിമാനികൾക്കു് ഇന്നത്തെ വികസനപരിപാടികളിലെല്ലാം എന്തെന്നില്ലാത്ത ആവേശമുണ്ടു്. ലെനിൻഗ്രാഡു് ഒററനോട്ടത്തിൽ കൊട്ടാരങ്ങളുടെ നഗരമാണു്. പക്ഷേ ഉള്ളിലേയ്ക്കു കടന്നാൽ ലണ്ടന്റെ മട്ടുണ്ടതിന്നു്. യൂറോപ്യൻറഷ്യയിലെ വൻകിടവ്യവസായങ്ങളിൽ പലതും ഇവിടെയാണു്. ഇക്കാരണത്താൽത്തന്നെയാണു് ജർമ്മനി ലനിൻഗ്രാഡിൽ തുടരെത്തുടരെ ബോംബിട്ടതും.

ഞങ്ങളാദ്യമായി പോയിക്കണ്ടതു ചരിത്രപ്രസിദ്ധമായ വിൻറർപാലസ്സാണു്. പുറമേനിന്നു നോക്കിയാൽത്തന്നെ സാറിസ്റ്റു്വാഴ്ചയുടെ പ്രൗഢിയും പ്രതാപവുമൊക്കെ അതിൽ കാണാം. നീവാനദിയുടെ തീരത്തു നെടുകെ ഒരു ഫർലോങ്ങു് നീളത്തിൽ നില്ക്കുന്ന ആ ഏഴുനിലമാളികയും തൊട്ടടുത്തുള്ള കത്തീഡ്രലും കാണാൻ വകയുള്ളവയാണു്—മറെറവിടെ കണ്ടതിലുമധികം. കൊട്ടാരത്തിന്റെ ഒരു ഭാഗത്തു തുറസ്സായൊരു സ്ഥലത്തു കുതിരപ്പുറത്തുകയറി മഹാനായ പീററർചക്രവൎത്തിയു

ങ്ങനെ നില്ക്കുന്നു. ചക്രവത്തിമാരുടെ കൂട്ടത്തിൽ അങ്ങനെ നിറുത്തേണ്ടൊരാഠം അദ്ദേഹംമാത്രമാണെന്നാണു് സോവിയററുജനതയുടെ അഭിപ്രായം. രാജവാഴ്ചയുടെ പ്രഭാവത്തെ വിളംബരംചെയ്യുന്നതു വിൻററ്പാലസ്സിൻെറ ഗോപുരമുററമാണു്. അദ്ധ്വൃത്താകൃതിയിൽ വിശാലമായിക്കിടക്കുന്നു, ആ അങ്കണം. അങ്കണപരിധി കുറിക്കുന്നതു് അദ്ധ്വൃത്തത്തിൽ നെടുകേ ഉയന്നുനില്ക്കുന്ന അഡ്മിറാലിററിക്കെട്ടിടമാണു്. അതിൻെറ നടുവിലാണു് അങ്കണത്തിലേയ്ക്കുള്ള വാതിൽ—വലിയൊരു കമാനമായിട്ടു്. ആ കമാനത്തിൻെറ മീതെ നെപ്പോളിയനെ തോല്പിച്ചതിൻെറ സ്മാരകമായി ചക്രവത്തിയുടെ പടപ്പുറപ്പാടു ലോഹപ്രതിമാശില്പത്തിലൂടെ അങ്ങനെ പൊന്തിനില്ക്കുന്നു! അങ്കണത്തിൻെറ മധ്യത്തിൽ ഒരുക്കനൊററക്കൽസ്തംഭവും. ആകപ്പാടെ ഒരു സാമാന്യൻെറ ആസ്ഥാനംതന്നെ. ഈ അങ്കണത്തിൻെറ പിന്നിൽ ഒരു ചരിത്രമുണ്ടു്: ട്രേഡ്യൂണിയനിസ്റവും ഹ്യൂമാനിട്ടേറിയനുമായ ഒരു ക്രൈസ്തവപുരോഹിതൻ ഒരു ഡിസമ്പർമാസത്തിൽ വലിയൊരു പട്ടിണിജാഥയെ നയിച്ചുകൊണ്ടു് അപ്പത്തിൻെറ റേഷൻ കൂട്ടിക്കിട്ടണമെന്നു ചക്രവത്തിയെ കണ്ടു നേരിട്ടഭ്യത്ഥിക്കാൻ കൊട്ടാരമുററത്തേയ്ക്കു കടന്നുചെന്നു. വിവരം മുൻകൂട്ടിയറിഞ്ഞ ചക്രവത്തിയുടെ പട്ടാളം ജാഥയുടെ നേക്ക് പീരങ്കിയൊഴിച്ചു. അതൊരു ഞായറാഴ്ചയായിരുന്നു. കണ്ണിൽച്ചോരയില്ലാതെ നടത്തിയ ആ കശാപ്പിനെ ഓപ്പിച്ചുകൊണ്ടു് ആ അങ്കണമിന്നു 'ബ്ലഡി സൺഡേ

സ്സ്റ്റായി നില്ക്കുകയാണ്. വിൻറർപാലസ്സിലേ ക്കു നോക്കിക്കൊണ്ടുനില്ക്കേ ഈ സംഭവമെല്ലാം കേട്ടതോടെ ഞാൻ ഞെട്ടിപ്പോയി. വല്ലാത്തൊരു വെറുപ്പോടുകൂടി എൻെറ കണ്ണുകൾ ആ കൊട്ടാരത്തിൽനിന്നു ഞാനറി യാതെ പിന്തിരിഞ്ഞുകളഞ്ഞു. ഞങ്ങളവിടെനിന്നു വീ ണ്ടും നദീതീരത്തേക്കു നീങ്ങി—മറെറാരു ഭാഗത്തൂടെ. ഓതാ, അവിടെ കിടക്കുന്നു, വിപ്ലവത്തിന്നെതിരായി വിൻറർപാലസ്സിനു കാവൽനിന്നിരുന്ന പട്ടാളത്തെ പു കച്ചുവിട്ട അറോറ എന്ന പടക്കപ്പൽ. ചരിത്രത്തിനു മറക്കാൻ കഴിയാത്ത ഒന്നാണ് ആ കപ്പൽ. കയറി കാണാൻ സൗകര്യപ്പെട്ടില്ല. പിന്നെ ഞങ്ങൾ പോയ ത്, അധികാരം പിടിച്ചെടുക്കാൻ അണ്ടർഗ്രൗണ്ടിൽ നിന്നു ലെനിനെ കൊണ്ടുവന്ന ആ മിലിട്ടറിട്രക്ക് കിട ക്കുന്നേടത്തേക്കാണ്. ഒരുയന്ന പ്ലാറ്റ്ഫോറത്തിൽ വെച്ചിരിക്കുകയാണ് ആ ട്രക്ക്—കമ്പിവേലിക്കുള്ളിൽ. ഞങ്ങളതിൽ കടന്നു നോക്കിക്കണ്ടു. അതു കണ്ടപ്പോൾ വിപ്ലവത്തിൻെറ നേരിട്ടനുഭവമില്ലാത്ത എനിക്കുതന്നെ അടക്കിയിട്ടുമടങ്ങാത്ത ഒരാവേശമുണ്ടായി. അപ്പോൾ, വിപ്ലവത്തിൻെറ എല്ലാ നേട്ടങ്ങളും കൈവന്നിട്ടുള്ള സോവിയററ്ജനതയ്ക്കുള്ള ആവേശമെന്തായിരിക്കും!

ഈ ആവേശവും അത്ഭുതവും നിസ്സാരമായി, പി റേറദിവസം ചരിത്രപ്രധാനമായ മറെറാരു സ്ഥലം കണ്ട പ്പോൾ—അധികാരലബ്ധിക്കുശേഷം ഒന്നാമത്തെ കോൺ ഗ്രസ്സും അതിലെ തീരുമാനങ്ങളനുസരിച്ചു ഗവ ണ്മെൻറും നടത്താൻ ഉപയോഗപ്പെട്ട സ്ഥലം. ലെനിൻ

ഗ്രാഡിൽ പല പഴയ കൊട്ടാരങ്ങളുമുള്ളതിലൊന്നാണു് അതു്. അത്രയേറെ പ്രൗഢിയില്ല അതിന്നു്. എന്നാൽ വലിപ്പം വേണ്ടുവോളമുണ്ടു്. ഞങ്ങളെ ആദ്യം കൊണ്ടു പോയതു്, അവിടെത്തന്നെ ലെനിൻ താമസിക്കാനും രാജ്യകാര്യങ്ങൾക്ക മേൽനോട്ടം വഹിക്കാനുമായി ഉപയോഗപ്പെടുത്തിയിരുന്ന മുറികളിലേയ്ക്കാണു്. ആദ്യത്തെ മുറിയിലേയ്ക്കു കടന്നുനിന്നപ്പോൾ അതാണു് കാണിക്കാനുദ്ദേശിച്ചിരുന്നതെന്നെനിക്ക തോന്നിയില്ല. വളരെ സാധാരണമായൊരു മുറി. കുറച്ചു വലിപ്പമേയുള്ളു. അങ്ങോട്ടുമിങ്ങോട്ടും തിരിഞ്ഞപ്പോൾ ലെനിൻെറ കൈപ്പടകൾ ചുമരിൽ ചില്ലിട്ടുവെച്ചിരുന്നതു കണ്ടു. അപ്പോഴാണു് എനിക്ക സ്ഥലം മനസ്സിലായതു്. അതേ, മഹാനായ ലെനിൻ ഒന്നാമത്തെ സോഷ്യലിസ്റ്റ്രാഷ്ട്രത്തിൻെറ നേതൃത്വം വഹിച്ചു സകലമാനനീതികളും തിരുത്തിയെഴുതി നടപ്പാക്കാൻ ഉത്തരവിട്ടുകൊണ്ടിരുന്നതു് ആ കൊച്ചുമുറിയിൽവെച്ചാണു്. ആ മുറിയുടെ പിന്നിലെ തലയ്ക്കലെത്തുമ്പോൾ ഒരു വാതിലുണ്ടു്—മറെറാരു മുറിയിലേയ്ക്കു കടക്കാൻ. വീണ്ടും ഒരു കൊച്ചു മുറി. അതുതന്നെ സ്ക്രീൻവെച്ചു പകുത്തിട്ടുണ്ടു്. ആദ്യത്തെ പകുതി ലെനിന്നു് ഇരുന്നെഴുതാനും വായിക്കാനുമുള്ളതായിരുന്നു. അവിടെ ഒരു സോഫയും രണ്ടു കസാലയും ചെറിയൊരു മേശയും മാത്രമുണ്ടു്. ലെനിൻ ഒരു സോഫയിലിരുന്നു സ്റ്റാലിനുമായി സംസാരിക്കുന്ന ഒരു ചിത്രം കണ്ടിട്ടില്ലേ, അതു് ഈ സോഫയിലിരുന്നു കൊണ്ടുള്ളതാണു്. കത്തിക്കാനുപയോഗിച്ചിരുന്ന ഒരു

വിളക്കുണ്ടവിടെ—പഴയ മേശവിളക്കിന്റെ മട്ടിലൊന്നു്. ഇലക്ട്രിക്കറന്റു് വന്നാൽ അപ്പോഴുമുപയോഗിക്കുന്നതിലേയ്ക്കുവേണ്ടി ലെനിൻതന്നെ ആ വിളക്കിന്മേൽ ഒരോപ്പറേഷൻ നടത്തിയിട്ടുണ്ടു്. മറേറ പകുതിയിൽ വിശേഷവിധിയായി വല്ലതും കാണുമെന്നു കരുതി. അവിടെ മൊക്കം കുറഞ്ഞു വേണ്ടത്ര വീതിയില്ലാതെ പണ്ടു നമ്മുടെ ആസ്പത്രിയിലുണ്ടായിരുന്നമാതിരി, രണ്ടിരുമ്പുകട്ടിലേ ഉള്ളൂ—ലെനിന്നും സഹധർമ്മിണിക്കും കിടക്കാനുള്ളവ. കോസറിപോലെ കനംകുറഞ്ഞവയാണു് കിടക്കു രണ്ടും. തലയ്ക്കൽ രണ്ടിന്റേയും ഇടയിലായി ഒരു ടീപോയുണ്ടു്; അതിന്നുമീതെ 'പുതിയ ങ്ങാടിപ്പപ്പട'ത്തിന്റെ വലിപ്പത്തിൽ വട്ടത്തിലൊരു കണ്ണാടിയും! ആ കണ്ണാടിക്കുള്ള പ്രാധാന്യമെന്താണെന്നോ? തങ്ങളുടെ നിത്യസഹചാരിയായിരുന്ന വാലിയക്കാരനിൽനിന്നു് ആ ദമ്പതികൾക്കു സമ്മാനം കിട്ടിയതാണതു്. മറെറല്ലാ സമ്മാനങ്ങളും കൃതജ്ഞതാപൂർവ്വം കൈയൊഴിച്ചിട്ടും ഇതു വിട്ടുകൊടുക്കാൻ അവൎക്കു കഴിഞ്ഞില്ലത്രേ! സേവനത്തോടും അദ്ധ്വാനത്തോടുമുള്ള സ്നേഹാദരങ്ങൾ!

എല്ലാം കണ്ടുകഴിഞ്ഞപ്പോൾ ഞാനറിയാതെ പറഞ്ഞുപോയി: "എത്ര മിതമായ ജീവിതം!"

ഞങ്ങളുടെ ദ്വിഭാഷി ഉടനെ പറഞ്ഞു: "അതേ, ഞങ്ങളുടെ നേതാക്കന്മാൎക്കു് ഇത്രയേ വേണ്ടൂ. അന്നു സ്റ്റാലിൻ താമസിച്ചു് ആഫീസ്സുനടത്തിയിരുന്നതു് ഇവിടെത്തന്നെ അടുക്കളയ്ക്കടുത്തുള്ള കലവറമുറിയിലാണു്.

ഇടയ്ക്കിടയ്ക്കു പുക കയറുന്നതു കണ്ടു ശിപ്പായി ആ മുറി യൊന്നു മാററിക്കൊടുക്കണമെന്നു ലെനിനോടു ശുപാശ് ചെയ്തുവത്രേ. ലെനിൻ പറഞ്ഞു, തത്കാലം അവിടെ ത്തന്നെ മതി എന്നു്. വളരെനാൾ കഴിഞ്ഞിട്ടേ മറെറാരു മുറി സൗകര്യപ്പെടുത്തിക്കൊടുക്കാൻ കഴിഞ്ഞുള്ളു. എന്നാൽ ആ കിരൺസ്കിയുണ്ടല്ലോ, ആ മനുഷ്യൻ അധികാരം കിട്ടിയ ഉടനെ വിൻറർപാലസ്സിലെ സിംഹാസനത്തിൽ കയറിയിരുന്നു. അയാളെ അവിടെവെച്ചാണു് ഞങ്ങളറസ്റ്റ് ചെയ്തതു്."

ഇതു കേട്ടപ്പോൾ എനിക്കോർമ്മവന്നതു്, നാട്ടിലെ അധികാരം കൈയേററപ്പോൾ തിരുവനന്തപുരത്തുവെച്ചേററവും മികച്ച റസിഡൻസിപാലസ്സിൽ കയറിയിരുന്ന ശ്രീ. പട്ടത്തിനെയാണു്.

സ്വന്തം മുണ്ടശ്ശേരി.

ഹോട്ടൽ അസ്റ്റോറിയ
10—12—54

പ്രിയപ്പെട്ട ആൻറണി,

താങ്കൾ മോസ്കോമേൽവിലാസത്തിലെനിക്കയച്ച കത്തു ലെനിൻഗ്രാഡിലേയ്ക്കു തിരിച്ചുവിട്ടിതാ, ഇപ്പോഴെൻറ കൈയിൽക്കിട്ടി. അങ്ങോട്ടയയ്ക്കുന്ന കത്തുകൾ വായിച്ചുനോക്കി അവയിലടങ്ങിയിട്ടുള്ള കാര്യങ്ങളെക്കുറിച്ചു തർക്കിക്കാൻ അവിടെ പലർക്കും ഉത്സാഹമാണെന്നറിയുന്നതിൽ സന്തോഷമുണ്ടു്. അങ്ങനെ വാഗ്വാദത്തിന്നിടയാകണമെന്നുദ്ദേശിച്ചുതന്നെയാണു് ഞാനെഴുതുന്നതു്. യുക്തിവാദത്തിൻെറ സംഘർഷത്തിൽനിന്നേ സത്യത്തിൻെറ സ്ഫുലിംഗങ്ങൾ പുറപ്പെടുകയുള്ളൂ.

ഇവിടെ സോവിയറ്റധികൃതന്മാർ ഏറെക്കുറെ നിയന്ത്രണത്തോടുകൂടി പറയുന്നതും കാട്ടിത്തരുന്നതുമാണു്, ഞാനെന്നല്ല, ഇവിടെ വന്നു മടങ്ങുന്നവരെല്ലാവരുംതന്നെ എഴുതിപ്പിടിപ്പിക്കുന്നതെന്നുള്ള ധാരണ നമ്മുടെ സ്നേഹിതന്മാർക്കിപ്പോഴുമുണ്ടു്, അല്ലേ? താങ്കൾ ആ അ

ത്ഥത്തിൽ ഒന്നു രണ്ടു സൂചനകഠം നല്കിയിട്ടുള്ളതു ക
ണ്ടു. എന്നെ നുണയനെന്നോ റഷ്യയുടെ വക്കാലത്തു
കാരനെന്നോ വിളിക്കാഞ്ഞതെന്റെ ഭാഗ്യം. കാഫി
ഹൗസിൽവെച്ചു് അത്രവരെ പറഞ്ഞവരുമുണ്ടാവും,
ഇല്ലേ? അതത്ര സാരമാക്കാനില്ല. ചിലർക്കു പറഞ്ഞാൽ
മനസ്സിലാവും, ചിലർക്കു കണ്ടേ മനസ്സിലാവൂ, ചിലർക്കു
പറഞ്ഞാലും കണ്ടാലും അനുഭവിച്ചാലും മനസ്സിലാവില്ല.
ഇതൊക്കെ യുക്തിബോധത്തിന്റെ ആകത്തുകമനുസ
രിച്ചിരിക്കും.

മുമ്പൊരു കത്തിൽ ഞാനെഴുതിയിരുന്നില്ലേ, ഞ
ങ്ങഠക്കാവശ്യമുള്ളതെല്ലാം കാട്ടിത്തരാൻ സോവിയററാ
തിഥേയന്മാർ തയ്യാറാണെന്നു്. അതു് അക്ഷരംപ്രതി ശ
രിയാണു്. പിന്നെയിവിടെ ആററംബോംബുണ്ടാക്കുന്നു
ണ്ടോ, ആയുധശാലകളെവിടെ കിടക്കുന്നു, മന്ത്രിമാർത
മ്മിൽ വല്ല സൗന്ദര്യപ്പിണക്കവുമുണ്ടോ എന്നൊന്നും അ
ന്വേഷിക്കേണ്ട ആവശ്യം ഞങ്ങഠക്കില്ല. എന്തുകൊണ്ടെ
ന്നാൽ ഞങ്ങളാരുടെയും ചാരന്മാരായിട്ടല്ല ഇവിടെ വ
ന്നിട്ടുള്ളതു്. സോഷ്യലിസ്റ്റ്സിസ്റ്റത്തിലൂടെ ഈ രാജ്യ
ത്തിനുണ്ടായിട്ടുള്ള പുരോഗതി എന്താണു്, അററകുററ
ങ്ങളുണ്ടെങ്കിൽ അവയുടെ സ്വഭാവമെന്താണു്, പൊതു
വേ ഈ രാജ്യത്തുനിന്നു പഠിക്കാൻ എന്തെല്ലാമുണ്ടു്—
ഇതെല്ലാമാണു് എന്റെ നോട്ടം. ഇതേവരെയുള്ള എ
ന്റെ അനുഭവംവെച്ചു പറയട്ടെ, മറേറതു രാജ്യക്കാർക്കുള്ള
തിലും തുറന്ന മനസ്സാണു് ഇവിടത്തുകാർക്കുള്ളതു്. തങ്ങഠ
ക്കുള്ള നേട്ടങ്ങളും കോട്ടങ്ങളും കലവറയില്ലാതെ കാട്ടി

ത്തരുന്നുണ്ട് അവർ. ഇടയ്ക്കിടയ്ക്കവർ ഞങ്ങളോടു ചോദിക്കയാണ്, കൂടുതൽ നന്നാക്കാൻ വല്ല നിർദ്ദേശങ്ങളുമുണ്ടോ ഞങ്ങൾക്കെന്ന്. ഞങ്ങളെന്തു നിർദ്ദേശിക്കാനാണ്? യന്ത്രവത്കൃതവ്യവസായങ്ങളുടെ രംഗത്തു നമുക്കല്പം പറയാനുണ്ടെങ്കിൽ അതു ടെക്സ്റ്റൈൽമില്ലുകളെക്കുറിച്ചാണ്. എനിക്കത്ര പിടിയില്ല ആ വിഷയത്തിൽ. പക്ഷേ എന്നോടൊന്നിച്ച് ആ യു. പി.ക്കാരൻ പാണ്ഡെയുണ്ടല്ലോ, അങ്ങോർക്ക് ടെക്സ്റ്റൈൽമെഷിണറിയെപ്പറ്റി കുറെ പിടിപാടുണ്ട്. ബ്രിട്ടനിലെയും മറ്റും ഫാക്ടറികൾ കണ്ടിട്ടുള്ള ആളാണദ്ദേഹം. ടെക്സ്റ്റൈലിലും സോവിയറ്റുവിദഗ്ധരെ പഠിപ്പിക്കാൻ നമ്മുടെ കൈയിലൊന്നുമില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. പ്രിയപ്പെട്ട ആന്റണി, ഇരിമ്പുമറ എന്നൊന്നു നമ്മെസ്സംബന്ധിച്ചേടത്തോളം ഇവിടെയില്ല ഇന്ത്യക്കാരെ ബഹുവിശ്വാസമാണ്, സ്നേഹവുമാണ് ഇവിടത്തുകാർക്ക്. നമുക്കു നന്നാവാൻ എന്തെല്ലാം ചെയ്തുതരാമോ, അതിനൊക്കെ തയ്യാറാണവർ. ആ സൗജന്യത്തിൽനിന്നു മുതലെടുക്കാൻ അവർ കാത്തിരിക്കുന്നില്ല.

ആകെക്കൂടി നമ്മുടെ വിലയേറിയൊരു നേട്ടമായി പറയാനാശിച്ചിരുന്നതു പാർലിമെണ്ടറിഡമോക്രസിയാണ്. ഇവിടെ ഡമോക്രാറ്റിക്കായി ഒന്നുമില്ലെന്നാണല്ലോ നമ്മുടെയെല്ലാം ധാരണ. പക്ഷേ മോസ്കോവിലെയും ലെനിൻഗ്രാഡിലെയും സോവിയറ്റുകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പും അവരുടെ നേതൃത്വത്തിലുള്ള ഭരണവും നേരിട്ടു മനസ്സിലാക്കിയപ്പോൾ ആ ഡമോക്രസിയെ

പ്പററി വിമ്പിളക്കാനുള്ള ധൈര്യവും പോയി. ലെനിൻ ഗ്രാഡ് സിററി സോവിയററാപ്പീസ്സിൽ പോയിരുന്നു സംസാരിച്ചതിന്നിടയിൽ എൻെറ സ്നേഹിതൻ പാണ്ഡെ ഇന്ത്യയിലെ പ്രാദേശികസ്വയംഭരണവുമായി സോവിയററുഭരണത്തെ താരതമ്യപ്പെടുത്താൻ ഒരു ശ്രമം നടത്തി. അദ്ദേഹം 'നനിതാൽ' സിററികോപ്പറേഷൻെറ ചെയർമാനാണ്. ഒന്നുരണ്ടിനത്തിൽ താരതമ്യം നടത്തിയപ്പോഴേയ്ക്കും ആ പണി വേണ്ടെന്നു വെച്ചു, അദ്ദേഹം. ഇവിടെ എന്താണ് നടക്കുന്നതെന്നറിയാമോ? ആരോഗ്യമുള്ളവരിൽ അധ്വാനിക്കാതെ ജീവിക്കുന്നവരാരുമില്ലിവിടെ. ഓരോ തൊഴിലിൻെറയും അടിസ്ഥാനത്തിൽ ആളുകൾ സംഘടിച്ചു യൂണിയനായിട്ടുണ്ട്. തിരഞ്ഞെടുപ്പിൻെറ കാലമാകുമ്പോൾ ഓരോ മണ്ഡലത്തിലേയ്ക്കും യൂണിയനുകളിൽനിന്നു സ്ഥാനാർത്ഥികളെ നിർദ്ദേശിക്കുകയായി. നിർദ്ദിഷ്ടസ്ഥാനാർത്ഥികൾ ഓരോ യൂണിയൻെറയും പൊതുയോഗത്തിൽ ഹാജരായി താന്താങ്ങളുടെ കഴിവുകളെപ്പററി സംസാരിക്കും. ഒടുവിൽ ആ യൂണിയനുകളിലെ ഭൂരിപക്ഷാഭിപ്രായമനുസരിച്ച് ഒരാൾ അംഗീകൃതസ്ഥാനാർത്ഥിയായിത്തീരുന്നു. മററുള്ളവർ സ്വയം പിൻവലിക്കുകയാണ്, സ്ഥാനാർത്ഥിത്വം. ഈ അംഗീകൃതസ്ഥാനാർത്ഥി പിന്നെ ഔദ്യോഗികമായി തിരഞ്ഞെടുപ്പിന്നു നില്ക്കണം. രഹസ്യബാലററിൽ ആ മണ്ഡലത്തിലെ ഭൂരിപക്ഷം വോട്ടു കിട്ടിയാലേ അയാൾ തിരഞ്ഞെടുക്കപ്പെടുകയുള്ളൂ. തിരഞ്ഞെടുക്കപ്പെട്ടാൽത്തന്നെ വികൃതി കാണിച്ചാൽ അയാളെ മടക്കിവിളിക്കും,

വോട്ടർമാർ. ഇതിൽ ജനാധിപത്യമില്ലേ? നമ്മുടെ നാട്ടിലുള്ളതിലുമധികം ജനാധിപത്യം ഈ സമ്പ്രദായത്തിലാണെന്നു തോന്നിപ്പോകുന്നു. ജനാധിപത്യമെന്നു പറയുമ്പോൾ നാം പരിചയിച്ചിട്ടുള്ള ഒരൊററ രീതിയേ ഉള്ളൂ എന്നു കരുതിപ്പോകരുതു്. ജനങ്ങളുടെ താത്പര്യം കൂടുതൽ സംരക്ഷിക്കാൻ ഏതേതു സമ്പ്രദായങ്ങളാണുപകരിക്കുക എന്നു യൂറോപ്യൻരാജ്യങ്ങൾ വെവ്വേറെ പരീക്ഷിക്കുകയാണു്. ആ കൂട്ടത്തിൽ ഒന്നേ നാം കണ്ടിട്ടുള്ളൂ. പല സ്ഥാനാത്ഥികളും നിന്നു മത്സരിച്ച് അതിലൊരാൾ തിരഞ്ഞെടുക്കപ്പെടുക എന്ന ഭാഗം സോവിയററു തിരഞ്ഞെടുപ്പിലെ ഒന്നാംഘട്ടത്തിലുണ്ടു്. ഔദ്യോഗികമല്ല അതിലെ ബാലററിങ് എന്നേയുള്ളൂ. പാർട്ടികളുടെ സ്ഥാനത്തുള്ളതു യൂണിയനുകളാണു്. രണ്ടാംഘട്ടത്തിൽ ഔദ്യോഗികമായി മണ്ഡലത്തിലെ ഭൂരിപക്ഷം വോട്ടു കിട്ടിയാലേ തിരഞ്ഞെടുപ്പു സാധുവാകൂ എന്നുള്ളതു കുറെക്കൂടി ജനാധിപത്യപരമാണു്. അങ്ങനെയൊരു നിർബ്ബന്ധമുണ്ടോ നമ്മുടെ സിസ്റ്റത്തിൽ? രണ്ടിലധികം പേർ സ്ഥാനാത്ഥികളാണെങ്കിൽ ജയിക്കുന്ന ആൾക്കു നിയോജകമണ്ഡലത്തിലെ ഭൂരിപക്ഷം വോട്ടർമാരുടെയും പ്രാതിനിധ്യം എങ്ങനെ അവകാശപ്പെടാൻ കഴിയും? ഒരാളേ നിന്നുള്ളൂ എന്നുവെയ്ക്കുക—തിരഞ്ഞെടുപ്പേ വേണ്ടാ നമ്മുടെ നാട്ടിൽ. തിരഞ്ഞെടുക്കപ്പെടാത്ത ആ ആൾക്കു് ആരുടെയെല്ലാം പ്രാതിനിധ്യമാണുള്ളതെന്നു ദൈവം കണ്ടു! ഇനി തിരഞ്ഞെടുക്കപ്പെട്ട ആളെ ജനദ്രോഹത്തിൻെറ പേരിൽ മടക്കിവിളിക്കാൻ പാററു

മോ, നമ്മുടെ സിസ്റ്റത്തിൽ? അതുമില്ല. കാലാവധി തീരുംവരെ അയാളെ കെട്ടിപ്പേറുകതന്നെ വേണം. ഇതൊക്കെ നോക്കുമ്പോൾ സോവിയററ്സിസ്റ്റത്തെ നമുക്കെങ്ങനെ കുററപ്പെടുത്താം?

സോവിയററുഭരണത്തിന്റെ സ്വഭാവമെന്താണെന്നറിയാമോ? നമ്മുടെ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളെപ്പോലെ യാതൊരധികാരവുമില്ലാത്ത 'ബൊമ്മ'കളല്ല സോവിയററുകൾ. ഒരു സിററിസോവിയററ് എന്നു പറഞ്ഞാൽ, ആ നഗരത്തെസ്സംബന്ധിച്ചേടത്തോളം, ഗവണ്മെണ്ടിന്റെ എല്ലാമാണ്. നിയോജകാധികാരവും നിർവ്വാഹകാധികാരവും—രണ്ടും അതിൽത്തന്നെയുണ്ട്. അനങ്ങുന്നതിന്നെല്ലാം ഡിപ്പാർട്ടുമെണ്ടിന്റെയോ മന്ത്രിസഭയുടെയോ കാരുണ്യത്തിന്മേൽ കെട്ടിത്തൂങ്ങി കാലം കഴിക്കുക എന്നുള്ള ഗതികേടു സോവിയററിന്നില്ല. സെൻട്രൽഗവണ്മെണ്ടിൽനിന്നു നാടൊട്ടുക്കു ബാധകമാക്കിക്കൊണ്ടേപ്പെടുത്തുന്ന പ്ലാനിൽ ആ നഗരത്തിന്റെ വീതമായി നടത്തേണ്ടതെന്തെല്ലാമാണോ, അതൊക്കെ പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രയോരിട്ടി(പൗർവ്വാപര്യം)യനുസരിച്ചു സ്വന്തം ഡിപ്പാർട്ടുമെന്റുകളെക്കൊണ്ടു ചെയ്യിക്കാൻ പൂർണ്ണാധികാരമുണ്ട് സോവിയററിന്നു്. ഓരോ സോവിയററിലും നിയമസഭയുണ്ട്, ബഡ്ജററുണ്ട്, മന്ത്രിസഭയുണ്ട്, ഉപദേശകസമിതികളുണ്ട്, ഡിപ്പാർട്ടുമെന്റുകളുണ്ട്, എല്ലാമുണ്ട്. സെൻട്രൽഫൂളിൽനിന്നു് ഓരോ സോവിയററിലും നടത്തേണ്ട കാര്യങ്ങൾക്കു വേണ്ട പണം യാതൊരു

വെട്ടിക്കുറവുമില്ലാതെ നീക്കിവെയ്ക്കപ്പെട്ടിരിക്കും. രാജ്യത്തുള്ള ഉത്പാദനവിതരണങ്ങളെല്ലാംതന്നെ സ്റ്റേററിൻെറ വകയാകയാൽ കാരോന്നിലുംനിന്നു പൊന്തുന്ന മിച്ചം അപ്പാടെ ട്രഷറിയിലേയ്ക്കൊഴുകും; അവിടെനിന്നു രാജ്യോദ്ധാരണപരിപാടികളിലൂടെ ജനങ്ങളിലേയ്ക്കും. എന്നുവെച്ചാൽ ആദായനികുതിയും മററുമല്ല ഇവിടെ ബഡ്ജററിലെ വരുമാനം; പിന്നെയോ, രാജ്യത്തിലെ മുഴുവനുത്പാദനമാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും കമ്യൂണിസ്റ്റ്പാർട്ടി എന്നൊരൊററപ്പാർട്ടിയല്ലേ ഉള്ളു സോവിയററുയൂണിയനിൽ എന്നു നമ്മുടെ സ്നേഹിതന്മാർ ചോദിച്ചേയ്ക്കാം. അതേ, സോവിയററുയൂണിയനിൽ ഒരൊററപ്പാർട്ടിയേ ഉള്ളു—എല്ലാവക്കും തൊഴിലെടുത്തു മാനമായി ജീവിക്കാനും വളരാനുമുള്ള സാഹചര്യം സൃഷ്ടിക്കുക എന്ന ഒരേ ഒരു ലക്ഷ്യംവെച്ചുകൊണ്ടു പ്രവത്തിക്കുന്ന മനുഷ്യൻെറ പാർട്ടി. ആ പാർട്ടിയെ നിങ്ങൾക്കെന്തു പേരിലും വിളിക്കാം; ഇവിടെ കമ്യൂണിസ്റ്റ്പാർട്ടി എന്നാണ് വിളിക്കുന്നതെന്നുമാത്രം. ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെടുന്നവരെല്ലാം കമ്യൂണിസ്റ്റുകളാണോ? അല്ല. പാർട്ടിയുമായി ബന്ധമില്ലാത്ത എത്രയോ പേർ ഭരണസമിതികളിലുണ്ട്. മനുഷ്യരെ ചൂഷണം ചെയ്യുന്ന നീതിക്കെതിരായിരിക്കണം തിരഞ്ഞെടുക്കപ്പെടുന്നവർ എന്നേയുള്ളു. ഇനി കമ്യൂണിസ്റ്റ് എന്നുവെച്ചാൽ സാമൂഹ്യാടിസ്ഥാനത്തിൽ കാര്യം കാണുകയും പ്രവത്തിക്കുകയും ചെയ്യുന്നവൻ എന്നേ അത്ഥമുള്ളു ഇവിടങ്ങളിൽ—യൂ

റോപ്യൻരാജ്യങ്ങളിലടക്കം. മേലെഴുതിയതിൽക്കവിഞ്ഞൊരു ലക്ഷ്യമില്ല രാഷ്ട്രീയത്തിലാക്കമെന്നു വരട്ടെ, പിന്നെ മുഴത്തിനു മുഴത്തിനു വെവ്വേറെ പാർട്ടികളുണ്ടാകേണ്ട കാര്യം? ഒന്നുണ്ട്: ആ ലക്ഷ്യത്തിൽ യാതൊരു നീക്കുപോക്കുമില്ലാതുറച്ചുനില്ക്കുകയാണെങ്കിൽ രാഷ്ട്രീയത്തിലെ എല്ലാ പ്രവർത്തനങ്ങഠക്കും സാമൂഹ്യാടിസ്ഥാനം കൂടിയേ കഴിയൂ എന്നുവരും. ലക്ഷ്യപ്രാപ്തിക്കുവേണ്ടി അപ്പപ്പോഠ കൈക്കൊള്ളുന്ന നടപടികളിൽ പിശകുണ്ടായാൽ അതിൻെറ പേരിൽ ഉടനെ വേറെ പാർട്ടി സംഘടിപ്പിച്ചുകൊള്ളണമെന്നില്ല; ഉള്ള പാർട്ടിക്കകത്തുതന്നെ വിമർശനവും പരിപാടിമാററവും മററുമുണ്ടായാൽ മതിയാവും. പല പാർട്ടികഠ വേണമെന്നു സിദ്ധാന്തിക്കുന്നതു ലക്ഷ്യത്തെസ്സംബന്ധിച്ചേടത്തോളംതന്നെ അഭിപ്രായൈക്യമില്ലാത്തേടത്താണ്. എല്ലാവരും നന്നാവണമെന്നല്ലാതെ പറയാൻ വയ്യാത്തതിനാൽ എല്ലാവരും അങ്ങനെ പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ പ്രവർത്തനദശയിലേക്കു വരുമ്പോഠ പലരും വഴിമാറിപ്പോവുകയാണ്. ആ വഴിമാറിപ്പോകുന്നവരാണ് പല പാർട്ടികഠക്കുവേണ്ടി വാദിക്കുന്നവർ. ചുരുക്കത്തിൽ, വിവിധതാൽപര്യങ്ങളിന്മേൽത്തന്നെയാണ് വിവിധപാർട്ടികളുണ്ടാവുന്നതു്.

എഴുതിയെഴുതി കട്ടത്ത രാഷ്ട്രീയമായിപ്പോയി. മുഴവനുമെൻെറ കുററമല്ല. താങ്കളിടക്കൊട്ടു രാഷ്ട്രീയം പിടിച്ചെഴുതിയതുകൊണ്ട് ഇവിടത്തുകാരുടെ മനോഗതമറിഞ്ഞു വിസ്തരിച്ചൊരു വിശദീകരണം വേണ്ടിവന്നുവെന്നു മാത്രം. ഇനി ഞാനല്പം പുതിയ അനുഭവം പറയാം.

സോവിയററുയൂണിയനിലെ വിദ്യാഭ്യാസത്തെക്കുറിച്ച് വളരെ ശ്ലാഘിച്ചെഴുതിയിരുന്നുവല്ലോ ഞാൻ. അതിലും ശ്ലാഘിക്കേണ്ടതായിട്ടുള്ളതാണിവിടത്തെ ആരോഗ്യരക്ഷാപദ്ധതി. നമ്മുടെ നാട്ടിൽ, രോഗം പിടിപെട്ടാൽ ചികിത്സിക്കാനുള്ള കേന്ദ്രങ്ങളുണ്ടാക്കലാണല്ലോ അധികം—വേണ്ടത്ര സജ്ജീകരണങ്ങളില്ലാതെകണ്ടാണെന്നിരുന്നാലും. യൂറോപ്പിൽ, വിശേഷിച്ചു സോഷ്യലിസ്റ്റ്രാജ്യങ്ങളിൽ, രോഗം പിടിപെടാതെ സൂക്ഷിക്കാനുള്ള ഏർപ്പാടുകൾക്കാണു് പ്രാബല്യം. മെഡിക്കൽഡിപ്പാർട്ടുമെൻറല്ല, പബ്ലിക്ഹെൽത്ത്ഡിപ്പാർട്ടുമെൻറാണു് സാർവ്വത്രികമായി പ്രവർത്തിക്കുന്നതെന്നർത്ഥം. സോവിയററുയൂണിയനിൽ പബ്ലിക്ഹെൽത്തിന്നുള്ള പരപ്പും പ്രാധാന്യവും പറഞ്ഞൊപ്പിക്കാൻ പ്രയാസം. പരിഷ്കാരത്തിൽ എത്ര മുന്നേറിയ രാജ്യത്തും ഇത്ര വിപുലമായ തോതിൽ പബ്ലിക്ഹെൽത്തിന്നുള്ള സജ്ജീകരണങ്ങളില്ല. ഇംഗ്ലണ്ടിലെയും സ്വീഡനിലെയും കഥ ഞാൻ നേരിട്ടു കണ്ടതാണു്. പബ്ലിക്ഹെൽത്തിന്നു നാമൊക്കെ പ്രതീക്ഷിക്കുന്നതിലും വലിയ ചട്ടംകെട്ടുകളുണ്ടു് അവിടങ്ങളിൽ. പക്ഷേ അതൊന്നും സോവിയററുയൂണിയനിലേതിനോടു കിടനില്ക്കുകയില്ല. മിസ് പേൾ വെഡ്രോ എന്നൊരു കനേഡിയൻസ്ത്രീ വളരെ തുറന്നെഴുതിയിട്ടുണ്ടു് ഇക്കാര്യത്തെക്കുറിച്ചു്. ജനിച്ചാൽ അന്നുതൊട്ടു് ആരോഗ്യരക്ഷാസൗകര്യങ്ങൾ സൗജന്യമായി കിട്ടും; അതും വളരെ ശാസ്ത്രീയമായ രീതിയിൽ. സ്കൂളുകളിൽ മെഡിക്കൽ ഇൻസ്പെക്ഷൻ എത്ര കണിശമായിട്ടാണു് നടക്കുന്ന

തെന്നു ഞാനെഴുതിയിരുന്നുവല്ലോ. പബ്ളിക്ഹെൽത്തിലെ വളരെ ചെറിയൊരു ഭാഗംമാത്രമാണതു്. ഇവിടെ ഏതു പ്രവൎത്തനകേന്ദ്രത്തോടുമനുബന്ധിച്ചു പോളിക്ലിനിക്കുണ്ടു്. ഞങ്ങൾ സന്ദൎശിച്ച ഫാക്ടറികളിലും പൊതുസ്ഥാപനങ്ങളിലുമെല്ലാം നല്ല തോതിലുള്ള പോളിക്ലിനിക്കുകൾ കണ്ടു. സൎജ്ജറി, ഫിസിയോത്തെറാപ്പി, എക്സ്റേ, എന്നുവേണ്ട, എല്ലാ ഏൎപ്പാടുമുണ്ടു് ഓരോ ക്ലിനിക്കിലും. ഒരു ഫാക്ടറിയിൽ കടന്നു നോക്കിയപ്പോൾ അയ്യായിരത്തിൽപ്പരം പ്രവൃത്തിക്കാരുണ്ടു്. അതിനോടനുബന്ധിച്ചുള്ള ക്ലിനിക്കിൽ മെഡിക്കൽ സ്റ്റാഫായിത്തന്നെയുള്ളതു നൂററിഇരുപതു പേരാണു്. മോസ്കോവിലെ ഡയനമോ ഇലക്ട്രിക്ക് പ്ലാൻറിലെ കഥയാണിതു്. ഈ പബ്ളിക്ഹെൽത്തിനുള്ള സജ്ജീകരണമെല്ലാം ഇവിടെ ചെയ്യുന്നതു ട്രേഡ്യൂണിയൻ കോൺഗ്രസ്സിൻെറ ആഭിമുഖ്യത്തിലാണു്. അതിന്നു വേണ്ടത്ര പണം ട്രേഡ്യൂണിയനുകൾക്കുണ്ടു്. ഫാക്ടറികളായാലും മററെന്തായാലും ഹെൽത്ത്സൎവ്വീസ്സിലേയ്ക്കുള്ള വീതം ട്രേഡ്യൂണിയനെ ഏല്പിച്ചുകൊള്ളണമെന്നാണു് നിയമം. സ്റ്റേററ്ഫണ്ടിൽനിന്നു കൊടുക്കുന്ന ഗ്രാൻറ് വേറെ. 1954-ൽ 2470 കോടി റൂബിളാണു് ട്രേഡ്യൂണിയനുകളുടെ കൂട്ടാകെയുള്ള ഹെൽത്ത്സൎവ്വീസ്സ് ബഡ്ജററ്. ഉക്രേനിയൻറിപ്പബ്ളിക്കിലെ ബഡ്ജററിൻെറ 2½ ഇരട്ടിയാണു് ഇതെന്നോക്കണം. പോളിക്ലിനിക്കുകൾക്കു പുറമേ, മൂവായിരത്തോളം സാനിട്ടോറിയങ്ങളുണ്ടു്, സോ

വിയററുയൂണിയനിൽ. എന്തൊരു ബൃഹത്തായ ഏപ്പാടാണെന്നു നോക്കു!

ഫാക്ടറിയിൽ ജോലിക്കു പ്രവേശിക്കുമ്പോൾത്തന്നെ സമഗ്രമായൊരു മെഡിക്കലെക്സാമിനേഷൻ നടക്കും. ജോലിക്കിടയിൽ എന്തസുഖം തോന്നിയാലും ക്ലിനിക്കിൽ പോകാം. റസ്റ്റ്ഹൗസ്സിൽ പോയിരുന്നു വിശ്രമിക്കാം. കുറേ നാളവധിയെടുത്തു് അകലെ പോയി വിശ്രമിക്കണമെങ്കിലോ, അതിന്നും സൗകര്യമുണ്ടു്. ശമ്പളനഷ്ടമില്ല. ക്ലിനിക്കിൽവെച്ചുള്ള ചികിത്സ പോരെന്നുണ്ടെങ്കിൽ അയാളെ ഉടനെ ആസ്പത്രിയിലേയ്ക്കയയ്ക്കും. അവിടെ ബെഡ്ഡു് ഒഴിവില്ലെന്നുള്ള പ്രശ്നമുദിക്കാറില്ല. തൊഴിലാളിക്കുമാത്രമല്ല, അയാളുടെ കുടുംബത്തിന്നും കിട്ടും ഈ സൗകര്യങ്ങളെല്ലാം. എല്ലാം 'സൗജന്യം'.

പോളിക്ലിനിക്കുകളിലും ആസ്പത്രികളിലും മെറേർണിററിസെൻററുകളിലും ഹെൽത്തു് റിസർച്ചു് സ്റ്റേഷനുകളിലുമായി എത്രയോ അതിവിദഗ്ദ്ധരായ ഡോക്ടർമാരുണ്ടു്. ആരോഗ്യരക്ഷാവിഷയത്തിൽ മുസ്കോവിലിടെ ഉപരിഗവേഷണങ്ങൾ നടക്കുകയാണു്. ഏററവും മികച്ച വൈദ്യസഹായം നല്കാനുള്ള കഴിവുണ്ടു്, സോവിയററുയൂണിയന്നിപ്പോൾ.

ചുരുക്കത്തിൽ, വിദ്യാഭ്യാസംപോലെതന്നെ ആശ്ചര്യകരമായ ഒരു സാമൂഹ്യസേവനമാണു് ഹെൽത്തു് സർവ്വീസ്സിവിടെ. മനുഷ്യനെ, അവനർഹിക്കുന്ന സ്നേഹവാത്സല്യങ്ങളോടുകൂടി വളർത്തിയെടുക്കാനുള്ള ആവേശം മ

റൊരു പരിഷ്കൃതരാജ്യത്തും ഇത്രമാത്രമില്ലെന്നു ഞാനുറപ്പിച്ചുപറയുന്നു.

എന്റെ നീണ്ട കത്തുകൾ സാമാന്യം മുഷിപ്പനാകുന്നുണ്ട്, ഇല്ലേ? ഏതായാലും എന്റെ സുഹൃത്തുക്കൾക്കു തർക്കിക്കാനും തലതിരിയാനും വകയുണ്ടാകുന്നുണ്ടെന്നറിയുന്നതിൽ ആശ്വാസമുണ്ട്.

സ്വന്തം മുണ്ടശ്ശേരി.

★

JAWAHAR
P.O.
1903